**കേരള സർക്കാർ**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഓഡിറ്റ്,


കൊച്ചി –682022

*ഫോൺ* : 0484-2576097

*ഇ-മെയിൽ* : *cusatuty.ksad@kerala.gov.in*


# കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
ഓഡിറ്റ്, കളമശ്ശേരി, കൊച്ചി –682022
ഫോൺ : 0484-2576097
ഇ-മെയിൽ : *cusatuty.ksad@kerala.gov.in*

കെ.എസ്.എ(എസ്.ടി.യു)എ 3-650/2020

തീയതി : 27.01.2021

**ജോയിന്റ് ഡയറക്ടർ**

**ബഹു. വൈസ് ചാൻസലർ**

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

സർ,

**വിഷയം :-** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു

**സൂചന :-** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സിന്റിക്കേറ്റിന്റെ 09.01.2020 ലെ തീരുമാനം നം. 671.51 പ്രകാരം അംഗീകരിച്ച 2018-19 ലെ വാർഷിക കണക്കും ഫിനാൻസ് ഓഫീസറുടെ 29.01.2020 ലെ CUSAT/ACNT1.SO/5434/2019 നമ്പർ കത്തും

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1986 ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ട് 36(4) വകുപ്പ് എന്നിവ പ്രകാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-3, ഭാഗം 3 ലെ 3-1, 3-2, 3-9, 3-13, 3-23 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം സിൻഡിക്കേറ്റിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ സർവ്വകലാശാല എടുത്ത തീരുമാനത്തിന്റെയും പകർപ്പ് ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ് . റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 20, 23 എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :-</u>

1. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) (ഉപരിപത്രം സഹിതം)
4. രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി
5. കാര്യാലയ പകർപ്പ്

കെ.എസ്.എ(എസ്.ടി.യു)എ 3-650/2020 തീയതി- 27.01.2021

# കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 18, 1986 ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ടിലെ 36(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്തു. സർവകലാശാലയിൽ 1.4.2018 മുതൽ 31.3.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സർവകലാശാലയിലെ അധികാരികളുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 98 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 47 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ

<table>
<tr><td rowspan="3">പേര്, ഉദ്യോഗപ്പേര്, കാലഘട്ടം</td><td>ശ്രീമതി. ബിന്ദു എസ്. നായർ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>(ഇൻ-ചാർജ്ജ്-ഓഫ് ജോയിന്റ് ഡയറക്ടർ)<br>01.08.2019 മുതൽ 15.08.2019 വരെ</td></tr>
<tr><td>ശ്രീമതി.പി സുധ, ജോയിന്റ് ഡയറക്ടർ<br>16.08.2019 മുതൽ 21.02.2020 വരെ</td></tr>
<tr><td>ശ്രീ ബാബു റിയാസുദ്ദീൻ, ജോയിന്റ് ഡയറക്ടർ<br>22.02.2020 മുതൽ 31.07.2020 വരെ</td></tr>
<tr><td>ഓഡിറ്റ് നടത്തിയ തീയതി</td><td>13.08.2019 മുതൽ 30.04.2020 വരെ<br>(കോവിഡ്-19 മഹാമാരിയെ തുടർന്ന് രാജ്യം ലോക്ക് ഡൗൺ ആയതിനാൽ ഓഡിറ്റ് പൂർത്തികരണം 31.07.2020 വരെ നീട്ടി)</td></tr>
</table>

## സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ

| | | |
|---|---|---|
| വൈസ് ചാൻസലർ | ഡോ. ജെ ലത | 01.04.2018 മുതൽ 19.10.2018 വരെ |
| | ഡോ. ആർ ശശിധരൻ | 20.10.2018 മുതൽ 31.03.2019 വരെ |
| പ്രോ-വൈസ് ചാൻസലർ | ഡോ. പി. ജി ശങ്കരൻ | 01.04.2018 മുതൽ 19.10.2018 വരെ |
| | ഒഴിവ് | 20.10.2018 മുതൽ 31.03.2019 വരെ |
| രജിസ്ട്രാർ | ഡോ.ഡേവിഡ് പീറ്റർ എസ് | 01.04.2018 മുതൽ 08.01.2019 വരെ |
| രജിസ്ട്രാറുടെ ചുമതല | ഡോ. സുനിൽ കെ നാരായണൻകുട്ടി | 09.01.2019 മുതൽ 14.01.2019 വരെ |
| | ഡോ. കെ എൻ മധുസൂദനൻ | 15.01.2019 മുതൽ 31.03.2019 വരെ |
| ഫിനാൻസ് ഓഫീസർ | ശ്രീ.സെബാസ്റ്റ്യൻ ഔസേഫ് | 01.04.2018 മുതൽ 31.08.2018 വരെ |
| ഫിനാൻസ് ഓഫീസറുടെ അധിക ചുമതല | ഡോ. സുനിൽ കെ നാരായണൻകുട്ടി | 01.09.2018 മുതൽ 15.01.2019 വരെ |
| ഫിനാൻസ് ഓഫീസറുടെ ചുമതല | ഡോ. രജിതകുമാർ എസ് | 16.01.2019 മുതൽ 31.03.2019 വരെ |
| പരീക്ഷാ കൺട്രോളർ | ഡോ. സുനിൽ കെ നാരായണൻകുട്ടി | 01.04.2018 മുതൽ 31.03.2019 വരെ |

# ആമുഖം

1958 മാർച്ച് 4 ന് കേന്ദ്ര ഗവൺമെന്റ് എടുത്ത ശാ സ്ത്ര പഠനം സംബന്ധിക്കുന്ന നയതീരുമാനങ്ങളിൽ കേരള ഗവൺമെന്റിന്റെ symbol of commitment ആയി 1971ൽ കൊച്ചി യൂണിവേഴ്സിറ്റി സ്ഥാപിതമായി. സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യം അപ്ലൈഡ് സയൻസ്, സാങ്കേതിക വിദ്യ, വാണിജ്യം, വ്യവസായം, എന്നീ മേഖലകളിൽ ബിരുദാനന്തര ബിരുദത്തിലും ഗവേഷണത്തിലും ഊന്നൽ നൽകി കൊണ്ടുള്ള ഉന്നത വിദ്യാഭ്യാസത്തിന്റെ വികാസമായിരുന്നു.

1986 ഫെബ്രുവരിയിൽ ഈ സ്ഥാപനം കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി എന്ന പേരിൽ പുനസംഘടിപ്പിക്കപ്പെട്ടു. ഉന്നത വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും വൈദഗ്ധ്യം നേടുന്നതിന് ആവശ്യമായ സൗകര്യങ്ങൾ എല്ലാ വകുപ്പുകളിലും ലഭ്യമാണ്. രാജ്യത്തെ പ്രമുഖ ഗവേഷണകേന്ദ്രങ്ങളുമായും സതേൺ നേവൽ കമാന്റുമായും ചേർന്ന് പ്രവർത്തിക്കുന്നതിനാൽ ഈ സ്ഥാപനങ്ങളുടെ റിസോഴ്സ് പഠന ഗവേഷണ പ്രവർത്തനങ്ങളിൽ ഉപയുക്തമാക്കുന്നതിന് യൂണിവേഴ്സിറ്റിക്ക് കഴിയുന്നുണ്ട്. എഞ്ചിനീയറിംഗ്, എൻവയോൺമെന്റൽ സ്റ്റഡീസ് , ഹ്യൂമാനിറ്റീസ്, നിയമം, മറൈൻ സയൻസ് , സോഷ്യൽ സയൻസ് ആന്റ് ടെക്നോളജി എന്നീ ശാഖകൾ ഉൾക്കൊള്ളുന്നതാണ് അക്കാദമിക് ഘടന . സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് കുസാറ്റ് ആക്ട് 34(1) വകുപ്പ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പുതുക്കിയ സ്റ്റാറ്റ്യൂട്ട് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

സർവ്വകലാശാലക്ക് തൃക്കാക്കരയിലെ പ്രധാന കാമ്പസ് കൂടാതെ കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ലേക്ക്സൈഡ് കാമ്പസും ആലപ്പുഴ ജില്ലയിൽ കുട്ടനാട്ടിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസുമുണ്ട്. സർവ്വകലാശാലയുടെ പ്രധാന ക്യാമ്പസിൽ 28 പഠന വകുപ്പുകളും 13 സെന്ററുകളും പ്രവർത്തിക്കുന്നു. സ്വാശ്രയ മേഖലയിൽ 3 എഞ്ചിനീയറിംഗ് കോളേജുകളും സർവ്വകലാശാല നടത്തുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ 2018-19 വർഷത്തെ ബജറ്റ് 24.03.2018 ലെ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനം നം. 651.03 പ്രകാരം അംഗീകരിച്ചു. ആയത് പ്രകാരം 318.22 കോടി പ്രതീക്ഷിത വരവും 331.34 കോടി പ്രതീക്ഷിത ചെലവ് ഉൾപ്പടെ 13.12 കോടിയുടെ കമ്മി ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. 2018-19 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് 294.90 കോടിയും ആകെ ചെലവ് 271.24 കോടി രൂപയുമാണ്.

1986 ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ട്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 3(1) എന്നിവ പ്രകാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ 2018-19 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

സർവ്വകലാശാലയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, യു.ജി.സി മറ്റ് ഏജൻസികൾ എന്നിവയിൽ നിന്ന് ധനസഹായം ലഭിച്ചതിന്റെ കണക്കുകൾ , തനത് വരുമാനം അക്കൗണ്ടുകളിൽ ഒടുക്കിയത്, പിൻവലിക്കൽ എന്നിവയും പരിശോധനാ വിധേയമാക്കി പ്രസക്ത ഓഡിറ്റ് നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് . സമകാലിക ഓഡിറ്റിന്റെ ഭാഗമായുള്ള നിരീക്ഷണങ്ങൾക്കൊപ്പം സർവകലാശാലയുടെ വിവിധ പഠന-പഠനേതര വകുപ്പുകൾ എന്നിവ വാർഷികമായി ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് കുറിപ്പുകളിലെ സർവ്വകലാശാല അധികൃതരുടെ സവിശേഷ ശ്രദ്ധ ആവശ്യമുള്ളതും പരിഹാര നടപടികൾ എടുക്കേണ്ടതുമായ നിരീക്ഷണങ്ങളും ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. http://aims.ksad.kerala.gov.in/aims/ എന്ന വെബ് പോർട്ടൽ സന്ദർശിച്ച് സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടുള്ള User name, Password എന്നിവ നൽകി Functionary Login ലൂടെ ഓഡിറ്റ് റിപ്പോർട്ട് നിരീക്ഷിക്കാവുന്നതും തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ഓഡിറ്റ് റിപ്പോർട്ട് താഴെപറയും പ്രകാരം നാല് ഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു..

| | |
|---|---|
| ഭാഗം 1 | പൊതു അവലോകനം |
| ഭാഗം 2 | വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം 3 | ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം 4 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

സർവ്വകലാശാലയുടെ വിവിധ പഠന-പഠനേതര വകുപ്പുകളിൽ 2018-19 വർഷത്തെ ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് നോട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പുകളുടെ പേര് | ഓഡിറ്റ് നോട്ട് നം. & തിയതി |
|---|---|---|
| 1 | അപ്ലൈഡ് കെമിസ്ട്രി വകുപ്പ് | KSA(STU)A3-627/19/26.10.2019 |
| 2 | അപ്ലൈഡ് ഇക്കണോമിക്സ് വകുപ്പ് | KSA(STU)A3-572/19/10.10.2019 |
| 3 | ബയോ ടെക്ക്നോളജി വകുപ്പ് | KSA(STU)A3-148/20/09.03.2020 |
| 4 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പ് | KSA(STU)A3-819/19/08.11.2019 |
| 5 | സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് | KSA(STU)A3-623/19/19.11.2019 |
| 6 | കമ്പ്യൂട്ടർ സയൻസ് വകുപ്പ് | KSA(STU)A3-757/19/19.11.2019 |
| 7 | ഷിപ്പ് ടെക്ക്നോളജി വകുപ്പ് | KSA(STU)A3-981/19/09.01.2020 |
| 8 | ഇംഗ്ലിഷ് & ഫോറിൻ ലാംഗ്വേജ് വകുപ്പ് | KSA(STU)A3-756/19/23.11.2019 |
| 9 | ഇലക്ട്രോണിക്സ് വകുപ്പ് | KSA(STU)A3-759/19/22.11.2019 |

| | | |
|---|---|---|
| 10 | സ്കൂൾ ഓഫ് എൺവയോൺമെന്റൽ സ്റ്റഡീസ് | KSA(STU)A3-758/19/07.11.2019 |
| 11 | ഹിന്ദി വകുപ്പ് | KSA(STU)A3-624/19/14.0.2019 |
| 12 | ഇൻസ്ട്രുമെൻറ്റേഷൻ വകുപ്പ് | KSA(STU)A3-891/19/11.12.2019 |
| 13 | സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് | KSA(STU)A3-628/19/14.10.2019 |
| 14 | മാത്തമാറ്റിക്സ് വകുപ്പ് | KSA(STU)A3-890/19/20.11.2019 |
| 15 | ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് | KSA(STU)A3-688/19/19.11.2019 |
| 16 | ഫിസിക്സ് വകുപ്പ് | KSA(STU)A3-589/19/11.10.2019 |
| 17 | പോളിമർ സയൻസ് & റബർ ടെക്നോളജി വകുപ്പ് | KSA(STU)A3-625/19/07.11.2019 |
| 18 | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് | KSA(STU)A3-866/19/19.11.2019 |
| 19 | ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് | KSA(STU)A3-867/19/02.12.2019 |
| 20 | യൂത്ത് വെൽഫയർ വകുപ്പ് | KSA(STU)A3-941/19/24.12.2019 |
| 21 | സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസ് | KSA(STU)A3-893/19/06.12.2019 |
| 22 | എൻഞ്ചിനീയറിംങ് വകുപ്പ് | KSA(STU)A3-402/20/12.09.2020 |
| 23 | യൂണിവേഴ്സിറ്റി ലൈബ്രറി | KSA(STU)A3-573/19/06.09.2019 |
| 24 | യൂണിവേഴ്സിറ്റി യൂണിയൻ | KSA(STU)A3-626/19/10.10.2019 |
| 25 | സെൻടൽ ഓഫിസ് ഓഫ് യൂണിവേഴ്സിറ്റി ഹോസ്റ്റൽ | KSA(STU)A3-851/19/20.11.2019 |
| 26 | യൂണിവേഴ്സിറ്റി ഗസ്റ്റ് ഹൗസ് | KSA(STU)A3-868/19/22.11.2019 |
| 27 | സെന്റർ ഫോർ ഇൻഫൊർമേഷൻ റിസോഴ്സ് മാനേജ്മെന്റ് (സി.ഐ. ആർ.എം) | KSA(STU)A3-755/19/06.11.2019 |
| 28 | സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (സി-സിസ്) | KSA(STU)A3-858/19/27.12.2019 |
| 29 | സ്കൂൾ ഓഫ് മറൈൻ സയൻസ് | KSA(STU)A3-1025/19/09.01.2020 |
| 30 | കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പ് | KSA(STU)A3-20/20/11.02.2020 |
| 31 | ഫിസിക്കൽ ഓഷ്യാനോഗ്രാഫി വകുപ്പ് | KSA(STU)A3-1039/19/04.01.2020 |
| 32 | സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് | KSA(STU)A3-09/20/09.01.2020 |
| 33 | മറൈൻ ജിയോളജി ജിയോ ഫിസിക്സ് വകുപ്പ് | KSA(STU)A3-1026/19/07.01.2020 |
| 34 | മറൈൻ ബയോളജി, മൈക്രോബയോളജി & ബയോ കെമിസ്ട്രി വകുപ്പ് | KSA(STU)A3-37/20/11.02.2020 |

| | | |
|---|---|---|
| 35 | അറ്റ്മോസ്ഫിയറിക്ക് സയൻസ് വകുപ്പ് | KSA(STU)A3-21/20/31.01.2020 |
| 36 | നാഷണൽ സെന്റർ ഫോർ അക്വാട്ടിക്ക് ആനിമൽ ഹെൽത്ത് | KSA(STU)A3-235/20/25.05.2020 |
| 37 | സ്കൂൾ ഓഫ് എൻജിനീയറിംങ് (SOE) | KSA(STU)A3-10/20/26.02.2020 |
| 38 | കുഞ്ഞാലി മരയ്ക്കാർ സ്കൂൾ മറൈൻ സയൻസ് (KMSME) | KSA(STU)A3-982/19/26.02.2020 |
| 39 | കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംങ്, കുട്ടനാട് (CUCEK) | KSA(STU)A3-128/20/04.03.2020 |

വിവിധ ഭാഗങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

## ഉള്ളടക്കം


| ഖണ്ഡിക നം. | വിഷയം | പേജ് നം. |
|---|---|---|
| | **ഭാഗം 1**<br>**പൊതു അവലോകനം** | |
| 1-1 | ബജറ്റ് | 11 |
| 1-2 | വാർഷിക ധനകാര്യ പത്രിക | 11 |
| 1-3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 12 |
| 1-4 | അക്കൗണ്ട്സ് സോഫ്റ്റ്വെയറിന്റെ ലിങ്ക് ഓഡിറ്റ് ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല | 14 |
| 1-5 | തനത് വരുമാനത്തിന്റെ വിവരം | 15 |
| 1-6 | സർക്കാർ അംഗീകൃത ലിസ്റ്റിലുള്ള ആശുപത്രികളിലെ ചികിത്സകൾക്ക് മാത്രമേ മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് അനുവദിക്കാവൂ | 15 |
| 1-7 | ശമ്പള പരിഷ്കരണത്തിലെ അപാകതകൾ | 16 |
| 1-8 | ഓഡിറ്റ് ഇംപാക്ട് | 17 |
| | **ഭാഗം-2**<br>**വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | മുറിവാടക പഴയ നിരക്കിൽ ഈടാക്കിയതുമൂലം വരവിനത്തിൽ നഷ്ടം 13880 രൂപ | 20 |
| 2-2 | ബയോടെക്നോളജി വകുപ്പ്- ഫീസിനത്തിലുള്ള വരവുകണക്കുകൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല – നഷ്ടം 1620/- രൂപ | 21 |

| | | |
|---|---|---|
| 2-3 | പ്രൊവിഡന്റ് ഫണ്ട് - കുറഞ്ഞ പലിശ നിരക്കിലുള്ള നിക്ഷേപങ്ങൾ വഴി സർവ്വകലാശാല ഫണ്ടിന് നഷ്ടം | 23 |
| 2-4 | യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ ഗസ്റ്റുകൾക്ക് നൽകുന്ന പാസ്സുകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല | 24 |
| 2-5 | പി.ഡി അക്കൗണ്ടിലെ വരവ് സമയബന്ധിതമായി കൊച്ചി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് (CUF) മാറ്റുന്നില്ല | 25 |
| 2-6 | ചലാൻ പ്രകാരം ഫീസ് സ്വീകരിക്കുന്നതിലെ അപാകതകൾ | 26 |
| 2-7 | രസീത് ബുക്കുകൾ ഉപയോഗിയ്ക്കുന്നില്ല | 28 |
| | **ഭാഗം-3**<br>**ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | അധികാരപരിധികൾ മറികടന്ന് സാമ്പത്തിക ഇടപാടുകൾക്ക് അംഗീകാരം, മരാമത്ത് വേലകൾക്ക് ഭരണാനുമതി - ചട്ട ലംഘനം | 30 |
| 3-2 | സർവ്വകലാശാലയുടെ അധീനതയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം- Title deed രജിസ്റ്റർ ചെയ്ത് പോക്കു വരവ് നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. | 31 |
| 3-3 | അംഗീകാരം നൽകിയ സ്ഥാപനങ്ങളുടെ സേവനനികുതി വിഹിതം കൈപ്പറ്റിയില്ല- സർവ്വകലാശാലയുടെ ഫണ്ടിൽ നിന്നും ഒടുക്കിയ തുകയുടെ റീഫണ്ട് വിവരങ്ങൾ ലഭ്യമല്ല. | 32 |
| 3-4 | ഇൻകംടാക്സ് സമയബന്ധിതമായി ഈടാക്കി ഒടുക്കുന്നതിൽ വീഴ്ച - സർവ്വകലാശാല ഫണ്ടിനു നഷ്ടം - 25000/-രൂപ. | 34 |
| 3-5 | അനധികൃതമായി തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു - ഫണ്ട് ദുർവ്യയം | 35 |
| 3-6 | AICTE സ്കീം നടപ്പിലാക്കിയതും,മൂന്ന് അദ്ധ്യാപകരുടെ പ്രമോഷനുകൾ/ പ്ലേയ്സ്മെന്റുകൾ നൽകിയ തീയതി നേരത്തേ ആക്കുകയും ചെയ്ത ഉത്തരവ് അംഗീകരിക്കുന്നില്ല. | 38 |
| 3-7 | അദ്ധ്യാപകർക്ക് അർഹതയില്ലാത്ത ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം അനുവദിച്ചു | 40 |
| 3-8 | വിരമിച്ച പ്രൊഫസർമാരുടെ പോസ്റ്റ് ഡോക്ടറൽ റിസർച്ചിനുള്ള LWA വാർഷിക ഇൻക്രിമെന്റിന് പരിഗണിച്ച സിൻഡിക്കേറ്റ് തീരുമാനം പുനഃപരിശോധിക്കണം | 41 |
| 3-9 | ശമ്പള നിർണ്ണയ അംഗീകാരത്തിനു ശേഷം പ്രീ റിവൈസ്ഡ് സ്കെയിലിലും റിവൈസ്ഡ് പേബാന്റിലും ശമ്പള പുനർ നിർണ്ണയം നൽകിക്കൊണ്ടുള്ള ഉത്തരവ് അംഗീകരിക്കുന്നില്ല | 42 |

| | | |
|---|---|---|
| 3-10 | സെക്യൂരിറ്റി ഗാർഡ്(ഹ.ഗ്രേ) തസ്തികയിലുള്ളവർക്ക് അർ ഹതയില്ലാത്ത ശമ്പളസ്കെയിൽ അനുവദിച്ചു | 45 |
| 3-11 | ജീവനക്കാർക്ക് ചട്ടവിരുദ്ധമായി ശമ്പളം നിർണ്ണയിച്ചു നൽകുന്നു | 46 |
| 3-12 | സർക്കാർ അംഗീകാരമില്ലാതെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റരീതിയിലും ശമ്പളസ്കെയിലിലും മാറ്റം വരുത്തി | 52 |
| 3-13 | ഓഡിറ്റ് അംഗീകാരമില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു | 53 |
| 3-14 | വകുപ്പ് മേധാവിയ്ക്ക് റസിഡൻഷ്യൽ ടെലഫോൺ ചാർജ്ജ് റീ-ഇംബേഴ്സ് ചെയ്ത് നല്കിയ 55,388/- രൂപ അനുവദനീയമല്ല. | 59 |
| 3-15 | ജീവനക്കാരുടെ യാത്രയയപ്പ് പരിപാടികൾക്കായി സർവ്വകലാശാലാ ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ക്രമപ്രകാരമല്ല | 60 |
| 3-16 | മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്-അപാകതകൾ | 61 |
| 3-17 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല | 64 |
| 3-18 | മരാമത്ത് വേലകൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 65 |
| 3-19 | സർവ്വകലാശാലയുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ | 66 |
| 3-19-1 | അപ്ലൈഡ് കെമിസ്ട്രി വകുപ്പ്- പ്രോജക്ടിന്റെ അക്കൗണ്ട്സ് ഓഡിറ്റ് ചെയ്യുന്നതിനുള്ള ഓഡിറ്റ് ഫീസ് യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നത് അംഗീകരിക്കുന്നില്ല. | 66 |
| 3-19-2 | അറ്റ്മോസ്ഫെറിക്ക് സയൻസ് വകുപ്പ്- അനുബന്ധ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല -21570/- രൂപ തടസ്സപ്പെടുത്തുന്നു. | 67 |
| 3-19-3 | അറ്റ്മോസ്ഫെറിക്ക് സയൻസ് വകുപ്പ് -ഡി.ഡി.എഫ് അക്കൗണ്ടിൽ നിന്നും അഡ്വാൻസ് എടുത്തതിലും അധികം തുക റീഫണ്ട് ചെയ്തു | 67 |
| 3-19-4 | ഫിസിക്സ് വകുപ്പ്- വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 4,18,180/-രൂപ തടസ്സപ്പെടുത്തുന്നു. | 68 |
| 3-19-5 | സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (C-SiS)- ദിവസവേതന ജീവനക്കാരന്റെ ശമ്പളം മറ്റൊരു ജീവനക്കാരന്റെ അക്കൗണ്ട് മുഖേന വിതരണം ചെയ്തു | 69 |
| 3-19-6 | സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (C-SiS)- ടെണ്ടർ നടപടികൾ പാലിക്കാതെ കമ്പ്യൂട്ടറുകൾ വാങ്ങി- 4,52,400/-രൂപ തടസ്സപ്പെടുത്തുന്നു. | 70 |
| 3-19-7 | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്- കൺസൾട്ടൻസി വർക്ക് - രേഖകൾ ഹാജരാക്കിയില്ല. | 70 |

| | | |
|---|---|---|
| 3-19-8 | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്- പ്രോജക്റ്റുകളുടെ വരവ്-ചെലവ് കണക്കുകൾ ഹാജരാക്കിയില്ല. | 71 |
| 3-19-9 | ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് വകുപ്പ്- ഫീസിനത്തിൽ ഡിഡിഎഫിൽ വരവു വരുന്ന തുകയിൽ നിന്നും CUF വിഹിതം അടവാക്കുന്നില്ല. | 72 |
| 3-19-10 | സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ്- പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതു സംബന്ധിച്ച് - തുക തടസ്സപ്പെടുത്തുന്നു | 72 |
| 3-19-11 | സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ്- പ്രവർത്തനം നിഷ്ക്രിയമായി തുടരുന്നു | 73 |
| 3-19-12 | ബയോടെക്നോളജി വകുപ്പ് - ചെക്ക് ബാങ്കിൽ സമർപ്പിക്കാൻ വൈകിയതുമൂലം 4065/-രൂപയുടെ നഷ്ടം | 75 |
| 3-19-13 | ബയോടെക്നോളജി വകുപ്പ് - ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അധിക വേതനം നൽകി - നഷ്ടം 4150/- രൂ | 76 |
| 3-19-14 | ബയോടെക്നോളജി വകുപ്പ് - വൗച്ചറുകൾ, സബ് വൗച്ചറുകൾ, ഫയലുകൾ എന്നിവ ഹാജരാക്കിയില്ല – 22,47,809/- രൂപ തടസ്സപ്പെടുത്തുന്നു. | 77 |
| 3-19-15 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട് - യാത്രാബത്ത (ടി.എ) ബില്ലുകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ അനുവദിച്ച 41,760/- രൂപ തടസ്സപ്പെടുത്തുന്നു | 80 |
| 3-19-16 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട്-ചെലവുരേഖകൾ അപൂർണ്ണം-2,65,243/- രൂപ തടസ്സപ്പെടുത്തുന്നു | 82 |
| 3-19-17 | ഫിസിക്കൽ ഓഷ്യാനോഗ്രാഫി - പഠനയാത്രക്കുള്ള ചെലവ് CUF ൽ നിന്നും - 18,290/- രൂപ നിരാകരിക്കുന്നു | 83 |
| 3-19-18 | സെൻട്രൽ ഓഫീസ് ഫോർ ഹോസ്റ്റൽ - ABLC ഇനത്തിൽ ലഭിച്ച തുകയുടെ വിതരണം സംബന്ധിച്ച അപാകതകൾ | 83 |
| 3-19-19 | സ്റ്റുഡന്റ്സ് കരിയർ ആന്റ് കൗൺസലിംഗ് സെന്ററിലെ കൗൺസലിംഗ് സംബന്ധിച്ച് | 86 |
| 3-20 | ഇ-ഗ്രാന്റ്സ് - അക്കൌണ്ടുകളിലെ നീക്കിബാക്കി തുക സംബന്ധിച്ച് | 86 |
| 3-21 | പ്രോജക്റ്റ് നടത്തിപ്പിനായി ഫണ്ടിംഗ് ഏജൻസിയിൽ നിന്ന് ലഭിക്കാനുള്ള തുക സംബന്ധിച്ച് | 88 |
| 3-22 | Erudite Scheme ലെ Programme നടത്തുന്നതിന് ഡി.ഡി.എഫ്. | 89 |

| | | |
|---|---|---|
| | അക്കൗണ്ടിൽ നിന്നും ചെലവാക്കിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ്. | |
| 3-23 | തൃക്കാക്കര കാമ്പസിലെ ഇന്റർ നാഷണൽ ഹോസ്റ്റൽ നിർമ്മാണം-അധികമായി കൈമാറിയ 29,10,429/-രൂപ തടസ്സപ്പെടുത്തുന്നു | 89 |
| 3-24 | വേസ്റ്റ് ബിൻ സ്ഥാപിച്ചതിൽ അപാകത | 98 |
| 3-25 | വാട്ടർ കൂളറുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല | 100 |
| 3-26 | വാഹനങ്ങളുടെ ഇന്ധന ആവശ്യത്തിനുള്ള പെർമനന്റ് അഡ്വാൻസ്, ലോഗ് ബുക്ക് സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ | 102 |
| **ഭാഗം-4**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 4-1 | യൂണിവേഴ്സിറ്റി ഫണ്ടുകൾ | 104 |
| 4-2 | വിവിധ വിഭാഗങ്ങളിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ | 114 |
| 4-3 | സ്ഥിരനിക്ഷേപങ്ങൾ | 115 |
| 4-4 | ഓഡിറ്റ് ചാർജ്ജ് | 116 |
| 4-5 | ഓഡിറ്റ് പ്രത്യവലോകനം | 117 |
| 4-6 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 123 |
| **അനുബന്ധങ്ങൾ** | | |
| അനുബന്ധം - 1 | പി.ഡി./ഡി.ഡി.എഫ് അക്കൗണ്ടുകളുടെ 31.03.2019 ലെ നീക്കിയിരുപ്പ് തുക | 126 |
| അനുബന്ധം - 2 | തനതു വരുമാനം കണക്കാക്കുന്ന പത്രിക | 128 |
| അനുബന്ധം - 3 | വകുപ്പ് മേധാവിയ്ക്ക് റസിഡൻഷ്യൽ ടെലഫോൺ ചാർജ്ജ് റീ-ഇംബേഴ്സ് ചെയ്ത് നല്കിയ തുകയുടെ വിശദാംശങ്ങൾ | 134 |
| അനുബന്ധം - 4 | ഫണ്ടിംഗ് ഏജൻസിയിൽ നിന്ന് ലഭിക്കേണ്ട തുക പൂർണ്ണമായി ലഭിച്ചിട്ടില്ല | 139 |
| അനുബന്ധം - 5 | ക്രമീകരിക്കാത്ത മുൻകൂറുകൾ | 147 |
| അനുബന്ധം - 6 | എൻഡോവ്മെന്റുകളുടെ വിശദാംശങ്ങൾ | 152 |
| അനുബന്ധം - 7 | ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്ന പത്രിക | 155 |
| അനുബന്ധം - 8 | സർവ്വകലാശാലയുടെ 2018-19 ലെ സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശം | 156 |
| അനുബന്ധം - 9 | ഇന്റർ നാഷണൽ ഹോസ്റ്റൽ നിർമ്മാണ വേലയുടെ ഡാറ്റാ ഷീറ്റ് | 164 |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2018-19 വർഷത്തെ ബജറ്റ് 24.03.2018 ലെ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനം നം. 651.03 പ്രകാരം അംഗീകരിച്ചു. ആയത് പ്രകാരം തൻ വർഷത്തെ ആകെ പ്രതീക്ഷിത വരവ് (മുന്നിരുപ്പ് ഉൾപ്പെടാതെ) 318.22 കോടി രൂപയും ആകെ പ്രതീക്ഷിത ചെലവ് 331.34 കോടി രൂപയുമുള്ള 13.12 കോടി രൂപയുടെ കമ്മി ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 26.03.2019 ൽ തീരുമാനം നം. 659.03 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 2018-19 വർഷത്തെ ആകെ പ്രതീക്ഷിത വരവ് 286.82 കോടി രൂപയും ആകെ പ്രതീക്ഷിത ചെലവ് 263.40 കോടി രൂപയുമാണ്.

2018-19 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് 294.90 കോടി രൂപയും യഥാർത്ഥ ചെലവ് 271.24 കോടി രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

*വാർഷിക ധനകാര്യ പത്രിക സർവ്വകലാശാല അംഗീകരിച്ചതിന്റെ വിവരം*

| വാർഷിക ധനകാര്യ പത്രിക സർവകലാശാല അംഗീകരിച്ചതിന്റെ വിവരം | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി | അപാകം പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകം പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 09.01.2020 ലെ 671.51 നമ്പർ സിൻഡിക്കേറ്റ് തീരുമാനം | 31.07.2019 | 03.02.2020 | ഇല്ല | ഇല്ല |

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 9(i)-ാം വകുപ്പ് പ്രകാരം 2018-19 ലെ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കേണ്ട സമയപരിധി 31.07.2019 ആയിരുന്നുവെങ്കിലും 6 മാസവും 2 ദിവസവും വൈകി 03.02.2020 നാണ് വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്.

### *കൊച്ചി യൂണിവേഴ്സിറ്റി ഫണ്ട്*

സർവ്വകലാശാലയുടെ ക്യാഷ് ബാലൻസിൽ പദ്ധതി വരവ് , പദ്ധതിയേതര വരവ് , പ്രൊവിഡന്റ് ഫണ്ട്, എസ്.ഒ.ഇ, കെ.എം.എസ്.എം.ഇ, കുസെക് കൂടാതെ പെൻഷൻ ഫണ്ടും ഉൾപ്പെട്ടതാണ് . കൊച്ചി യൂണിവേഴ്സിറ്റി ഫണ്ട് സംബന്ധിച്ച വിശദവിവരം ഖണ്ഡിക 4-1 ലും സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച വിശദ വിവരം ***അനുബന്ധം 8*** ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

### *സർവ്വകലാശാല വകുപ്പുകളുടെ സാമ്പത്തിക നില*

സർവ്വകലാശാലയിലെ ഓരോ വകുപ്പിനും പി.ഡി അക്കൗണ്ടും ഡി.ഡി.എഫ് അക്കൗണ്ടും കൂടാതെ പി.ടി.എ, ഇ-ഗ്രാന്റ്സ് കൺസൽട്ടൻസി തുടങ്ങിയ അക്കൗണ്ടുകളും ഉണ്ട്. വകുപ്പുകളുടെ ഓഡിറ്റിൽ ഇവ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഡി.ഡി.എഫ്. , പി.ഡി അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് തുകകൾ ***അനുബന്ധം 1***ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

### *1. വാർഷിക ധനകാര്യപത്രിക സമയബന്ധിതമായി സമർപ്പിച്ചില്ല*

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെയുള്ള 2018-19 ലെ വാർഷിക ധനകാര്യപത്രിക 03.02.2020-നാണ് ഓഡിറ്റിനായി സമർപ്പിച്ചത്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 9 പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ (ജൂലൈ 31 നകം ) ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ സമയപരിധി പാലിച്ചിട്ടില്ല.

### *2. അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല*

സ്വയംഭരണ സ്ഥാപനമായ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നാളിതുവരെ അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ഇതര ഏജൻസികൾ എന്നിവയിൽ നിന്നുള്ള വരവുകളും, തനത് വരവുകളും ഉൾപ്പെടെ കോടിക്കണക്കിന് രൂപയുടെ വരവ് - ചെലവ് നടത്തുന്ന കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നാളിതുവരെ അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല . ദൈനംദിന സാമ്പത്തിക ഇടപാടുകളുടെ രേഖപ്പെടുത്തൽ രീതി , അടിസ്ഥാന രജിസ്റ്ററുകൾ, വാർഷിക ധനകാര്യ പത്രിക, അനുബന്ധ പത്രികകൾ എന്നിവയുടെ മാതൃകകൾ ക്രോഡീകരിച്ച് വിശദമായ അക്കൗണ്ട്സ് മാർഗരേഖ സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിന് കേരള അക്കൗണ്ട് കോഡ്, കേരള സർവീസ് റൂൾസ്, കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ് തുടങ്ങിയ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി വിശദമായ ഒരു അക്കൗണ്ടിംഗ് ചട്ടം രൂപീകരിക്കേണ്ടതാണ്.

## 3. ഡി.സി.ബി പത്രിക തയ്യാറാക്കുന്നില്ല

1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 15-1 സി പ്രകാരം സർവ്വകലാശാലയുടെ വാർഷിക കണക്കുകളോടൊപ്പം താഴെ പറയുന്ന വിവരങ്ങൾ സൂചിപ്പിക്കുന്ന ഡി .സി.ബി പത്രിക സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ വാർഷിക കണക്കുകൾക്കൊപ്പം ഡി.സി.ബി പത്രിക സമർപ്പിച്ചിട്ടില്ല.

a. വിവിധ ഫീസ് വരവിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്
b. പരീക്ഷാ ഫീസിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്
c. വിവിധ കോളേജുകളിൽ നിന്നും ഒടുക്കുന്ന സ്പെഷ്യൽ ഫീസ്, ഡിമാന്റ്, കളക്ഷൻ, ബാലൻസ്.
d. സർവ്വകലാശാലക്ക് ലഭിക്കാനുള്ള വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്.

വാർഷിക കണക്കുകൾക്കൊപ്പം ഡി.സി.ബി പത്രിക തയ്യാറാക്കാത്തതുമൂലം സർവ്വകലാശാലയുടെ വരുമാന കുടിശ്ശിക സംബന്ധിച്ച് വ്യക്തത ഇല്ലാത്ത സ്ഥിതിയുണ്ട്.

## 4. വകുപ്പുകളുടെ പി.ഡി അക്കൗണ്ടിൽ വൻ തുക നീക്കിയിരുപ്പ്

വകുപ്പുകളുടെ ദൈനം ദിന ചെലവുകൾ വഹിക്കുന്നതിനും , എസ്.ആർ (സിംപിൾ രസീത്) മുഖേന മുൻകൂർ തുകകൾ എടുക്കുന്നതിനും മറ്റ് ചെലവുകൾ വഹിക്കുന്നതിനുമായി വകുപ്പ് മേധാവിയുടെ പേരിൽ കൈകാര്യം ചെയ്യുന്ന പി .ഡി അക്കൗണ്ടിൽ 31.3.2019 ൽ വൻ തുക നീക്കിയിരിപ്പുണ്ട് . വകുപ്പുകൾക്ക് സർവ്വകലാശാലയിൽ നിന്ന് കണ്ടിജന്റ് ബില്ല് മുഖേന ലഭിക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്നില്ല അഥവാ വിതരണം നടത്തുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത് . വർഷാന്ത്യത്തിലുള്ള നീക്കിയിരിപ്പ് തുകയുടെ ഇനം തിരിച്ചുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി വകുപ്പുകളിൽ നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വകുപ്പുകളുടെ പി .ഡി അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക കൃത്യമായി വിനിയോഗിക്കാത്തപക്ഷം ഈ തുക സർവ്വകലാശാലയിൽ അടവാക്കാൻ വേണ്ട നിർദ്ദേശം വകുപ്പുകൾക്ക് നൽകേണ്ടതാണ്. ഓഡിറ്റ് നടത്തിയ 38 വകുപ്പുകളിലെ പി . ഡി. അക്കൗണ്ടിൽ 31.03.2019-ൽ 3,03,24,968.76/- രൂപ നീക്കിയിരിപ്പുണ്ട്.

പി ഡി അക്കൗണ്ടിലെ 2018-19 വർഷത്തെ നീക്കിയിരുപ്പ് തുക ***അനുബന്ധം 1*** ൽ ചേർത്തിട്ടുണ്ട്.

## 5. ചെക്ക് ഇഷ്യു രജിസ്റ്റർ/ചെക്ക് റിപ്പോർട്ട് രജിസ്റ്റർ അപൂർണ്ണമാണ്

സർവ്വകലാശാലയിൽ നിന്ന് നൽകുന്ന എല്ലാ ചെക്കുകളുടേയും ലിസ്റ്റ് ഉൾപ്പെടുന്ന , എക്സൽ ഷീറ്റിൽ തയ്യാറാക്കിയ, ചെക്ക് ഇഷ്യു രജിസ്റ്റർ/ചെക്ക് റിപ്പോർട്ട് രജിസ്റ്റർ അപൂർണ്ണമാണ് . പ്രസ്തുത റിപ്പോർട്ടിൽ ചെക്ക് നൽകിയ ബാങ്ക് അക്കൗണ്ട് നമ്പർ, തുക നൽകിയതിന്റെ പൂർണ്ണ വിവരങ്ങൾ എന്നിവ കൂടി നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്.

### 6. ചെലവ് വൗച്ചറുകളുടെ ക്രമ നമ്പർ

2018-19 വർഷത്തിൽ സർവ്വകലാശാലയിലെ ചെലവ് വൗച്ചറുകളുടെ ക്രമ നമ്പർ 116001 മുതൽ 128100 വരെയാണ്. സർവ്വകലാശാലയിൽ നിന്ന് നൽകുന്ന വൗച്ചർ നമ്പർ ഓരോ വർഷവും ക്ലോസ്സ് ചെയ്യേണ്ടതും അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യത്തെ വൗച്ചർ നമ്പർ 1 മുതൽ ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

### 7. പെർമനന്റ് അഡ്വാൻസ്

സർവ്വകലാശാലയിൽ നിന്നും മെയിൻ ഓഫീസിലെ വിവിധ വിഭാഗങ്ങളിലേക്കും കൂടാതെ എല്ലാ വകുപ്പുകൾക്കും പെർമനന്റ് അഡ്വാൻസ് നൽകിയിട്ടുണ്ട് . 31.3.2019 ൽ പെർമനന്റ് അഡ്വാൻസ് നീക്കിയിരിപ്പ് തുക അക്കൗണ്ട്സിലെ നീക്കിയിരിപ്പിൽ cash in hand ആയി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ 31.3.2019 ൽ എത്ര രൂപ നീക്കിയിരിപ്പുണ്ടെന്ന് ഓരോ വിഭാഗം തിരിച്ചും ഓരോ വകുപ്പുകൾ തിരിച്ചും വ്യക്തമാക്കേണ്ടതാണ്.

### 8. ബാങ്ക് റിക്കൺസിലിയേഷൻ

സർവ്വകലാശാലയുടെ സ്വാശ്രയ സ്ഥാപനങ്ങളുൾപ്പടെയുള്ള എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത് എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ആകെ തുക കൂട്ടിയതിന് ശേഷം ഒരൊറ്റ പൊരുത്തപ്പെടുത്തലാണ് കാണിച്ചിരിക്കുന്നത്. ഇത് ശരിയായ രീതിയല്ല. ഓരോ ബാങ്ക് അക്കൗണ്ടിനും വെവ്വേറെ ബാങ്ക് റിക്കൺസിലിയേഷൻ നടത്തേണ്ടതും ആയത് ഓഡിറ്റിന് നൽകേണ്ടതുമാണ്.

## 1-4 അക്കൗണ്ട്സ് സോഫ്റ്റ്‌വെയറിന്റെ ലിങ്ക് ഓഡിറ്റ് ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ എല്ലാ വരവിനങ്ങളുടേയും ചെലവിനങ്ങളുടേയും (ദൈനംദിന വരവ് ചെലവുകൾ ഉൾപ്പെടെ) ഇടപാടുകൾ നെറ്റ്‌വർക്കിലൂടെ പരിശോധിക്കുന്നതിന് സർവ്വകലാശാലയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ ലിങ്ക് അനിവാര്യമാണ്.

നിലവിൽ സർവ്വകലാശാലയുടെ എല്ലാ വരവിനങ്ങളുടേയും ചെലവിനങ്ങളുടേയും ഡാറ്റകൾ ലഭ്യമാക്കുന്നത് എക്സൽ ഷീറ്റിലാണ്. വരവിനങ്ങളുടെ ഡാറ്റയിൽ പൂർണ്ണ വിവരം ലഭ്യമാണെങ്കിലും ചെലവിനങ്ങളുടെ ഡാറ്റ അപൂർണ്ണമാണ് . ആയത് പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഒന്നും പ്രസ്തുത എക്സൽ ഫയലിൽ ലഭ്യമല്ല . സർവ്വകലാശാലയിൽ ക്യാഷ് ബുക്ക്, വരവ്-ചെലവ് രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകൾ എന്നിവ എഴുതി സൂക്ഷിക്കുന്നതുമില്ല . ആയതിനാൽ വരവ്-ചെലവ് ഇനങ്ങളുടെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിക്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക പരിശോധിക്കുന്നതിന് അക്കൗണ്ട്സ് സോഫ്റ്റ്‌വെയറിന്റെ ലിങ്ക്

അത്യാവശ്യമായതിനാൽ ആയത് ഓഡിറ്റ് ഓഫീസിൽ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 തനത് വരുമാനത്തിന്റെ വിവരം

മുൻ വർഷത്തേക്കാൾ സർവകലാശാലയ്ക്ക് ഈ സാമ്പത്തിക വർഷം തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം **2.115% വർധനവ്** ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | വരവിനം | മുൻവർഷം (2017-18) | തൻവർഷം (2018-19) | മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷ വരവ് വ്യത്യാസം (+/-%) |
|---|---|---|---|---|
| 1 | കൊച്ചിൻ യൂണിവേഴ്സിറ്റി - നോൺ പ്ലാൻ | 31,60,75,757 | 35,33,64,708 | (+) 3,72,88,951 |
| 2 | സ്കൂൾ ഓഫ് എൻ ജിനിയറിംഗ് (SOE) | 20,64,92,659 | 18,58,12,804 | (-) 2,06,79,855 |
| 3 | കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനിയറിംഗ് (KMSME) | 7,06,79,564 | 6,69,06,007 | (-) 37,73,557 |
| 4 | കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനിയറിംഗ്, കുട്ടനാട് (CUCEK) | 7,84,79,969 | 7,98,54,852 | (+) 13,74,883 |
| | ആകെ | 67,17,27,949 | 68,59,38,371 | (+) 1,42,10,422 |

2018-19 വർഷത്തെ തനത് വരുമാനത്തിന്റെ ഇനം തിരിച്ചുള്ള വിവരം ***അനുബന്ധം 2*** ൽ ചേർത്തിട്ടുണ്ട്.

## 1-6 സർക്കാർ അംഗീകൃത ലിസ്റ്റിലുള്ള ആശുപത്രികളിലെ ചികിത്സകൾക്ക് മാത്രമേ മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് അനുവദിക്കാവൂ

1960 ലെ കേരള ഗവൺമെന്റ് സർവ്വന്റ്സ് മെഡിക്കൽ അറ്റന്റൻസ് ചട്ടങ്ങൾ (KGSMA Rules) പ്രകാരം സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സകൾക്ക് , സർക്കാർ അംഗീകൃത നിരക്കുകൾ മാത്രമാണ് അനുവദനീയം. സർക്കാർ അംഗീകാരമില്ലാത്ത സ്വകാര്യ ആശുപത്രികളിൽ നടത്തിയ ചികിത്സയുടെ ബില്ലുകളും രേഖകളും സർവ്വകലാശാലയിൽ സമർപ്പിക്കുകയും KGSMA റൂളിന് വിരുദ്ധമായി സിൻഡിക്കേറ്റ് അനുവദിച്ച നൽകുകയും ചെയ്യുന്നുണ്ട്.

ഉദാഹരണമായി കമ്പ്യൂട്ടർ സയൻസ് വകുപ്പിലെ പ്രൊഫസർ ശ്രീമതി . സുമം മേരി ഇടിക്കുളയുടെ കാൻസർ ചികിത്സ നടത്തിയത് സർക്കാർ മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് അംഗീകരിച്ചിട്ടില്ലാത്ത എറണാകുളം ലിസ്സി ആശുപത്രിയിലാണ്. ഈ വിവരം ചികിത്സിച്ച ഡോക്ടർ തന്നെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ തുക നൽകാൻ അനുവാദം നൽകിക്കൊണ്ട് 24.07.2018 ൽ സർവ്വകലാശാല സിൻഡിക്കേറ്റ് Ad.E3/MR/002697/2018 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും 08.08.2018 ലെ സി.ബി.നം. 42/18-19 പ്രകാരം 46,187/- രൂപ ഈ ഇനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സകൾക്ക് മാത്രമേ തുക അനുവദിക്കാവൂ . ഇക്കാര്യം സർവ്വകലാശാല അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 ശമ്പള പരിഷ്കരണത്തിലെ അപാകതകൾ

(a) UGC/AICTE അദ്ധ്യാപകരുടെ ശമ്പള നിർണ്ണയം സർക്കാർ പുറപ്പെടുവിക്കുന്ന ശമ്പള പരിഷ്കരണ ഉത്തരവുകളുടേയും കാലാകാലങ്ങളിലെ UGC/AICTE റെഗുലേഷനുകളുടേയും സർക്കാർ സ്പഷ്ടീകരണങ്ങളുടേയും അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. ഇതിൽ ഏതെങ്കിലും കാര്യങ്ങളിൽ വ്യക്തതക്കുറവുണ്ടെങ്കിൽ സർവ്വകലാശാലയ്ക്ക് സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ വ്യക്തതക്കുറവുള്ള കാര്യങ്ങളിൽ സർക്കാർ സ്പഷ്ടീകരണം തേടുന്നതിന് പകരം സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളനിർണ്ണയ ഉത്തരവുകളിലും, UGC/AICTE റെഗുലേഷനുകളിലും ഉദ്ദേശിക്കാത്ത ആനുകൂല്യങ്ങൾ അദ്ധ്യാപകർക്ക് അനുവദിച്ച് നൽകുന്ന പ്രവണത കാണുന്നു. ഇത്തരം കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് ഒബ്ജക്ഷനുകൾ തീർപ്പാക്കാതെ വളരെക്കാലം നിൽക്കുന്നു. UGC/AICTE അദ്ധ്യാപകരുടെ ശമ്പള നിർണ്ണയങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സർവ്വകലാശാല നടപടികൾ സ്വീകരിക്കേണ്ടതാണ്. ( ഖണ്ഡിക 3.5, 3.6, 3.7, 3.8, 3.9 എന്നിവ കാണുക)

(b) സർവ്വകലാശാലയിലെ അനദ്ധ്യാപക വിഭാഗത്തിലുള്ള ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ചതിൽ ഇന്റർ യൂണിവേഴ്സിറ്റി നിയമനം ലഭിച്ച ജീവനക്കാരുടെ ശമ്പള നിർണ്ണയങ്ങളിലും , ഓഫീസ് അറ്റൻഡന്റ്/ലബോറട്ടറി അസിസ്റ്റന്റ് ജീവനക്കാരുടെ ശമ്പള നിർണ്ണയങ്ങളിലും, കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗത്തിലുള്ള ജീവനക്കാരുടെ ശമ്പള നിർണ്ണയങ്ങളിലുമാണ് പ്രധാനമായും അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് . അനദ്ധ്യാപക ജീവനക്കാരുടെ സേവന/വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓർഡിനൻസ് സർവ്വകലാശാല തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ആയതിന്റെ അഭാവം മൂലമാണ് ശമ്പള നിർണ്ണയങ്ങളിൽ അപാകതകൾ സംഭവിക്കുന്നത്. ശമ്പള നിർണ്ണയങ്ങളിലെ അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ഭാഗം 3 ൽ ചേർത്തിട്ടുണ്ട്. (ഖണ്ഡിക 3.10, 3.11, 3.12 എന്നിവ കാണുക)

## 1-8 ഓഡിറ്റ് ഇംപാക്ട്

### എ) ജീവനക്കാരുടെ റിട്ടയർമെന്റിനോടനുബന്ധിച്ച് നടത്തിയ യാത്രയയപ്പ് ചെലവുകളുമായി ബന്ധപ്പെട്ട് CUF ൽ നിന്നും ചെലവാക്കിയ 1,34,247/-രൂപ സ്റ്റാഫ് വെൽഫെയർ ഫണ്ടിൽ നിന്നും തിരികെ ഈടാക്കി CUF ൽ നിക്ഷേപിച്ചു.

കൊച്ചി സർവ്വകലാശാലാ ജീവനക്കാരുടെ റിട്ടയർമെന്റിനോടനുബന്ധിച്ച് നടത്തിയിരുന്ന യാത്രയയപ്പ് പരിപാടികളുടെ ചെലവിലേക്കായി കുസാറ്റിന്റെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനെതിരെ ഓഡിറ്റ് തടസ്സവാദം ഉന്നയിച്ചിരുന്നു . തുടർന്ന് സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് വെൽഫെയർ ഫണ്ട് അക്കൗണ്ട് ആരംഭിച്ചിരുന്നു . എന്നാൽ ഇതിനുശേഷവും കുസാറ്റിന്റെ ഫണ്ടിൽ നിന്നും ഇതേ ആവശ്യത്തിനായി മുൻകൂർ തുകകൾ അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 3.6.2020 ൽ സർവ്വകലാശാല രജിസ്ട്രാർക്കും, ഫിനാൻസ് ഓഫീസർക്കും കത്ത് നൽകിയിരുന്നു. (കെ.എസ്.എ(എസ്.റ്റി.യു)എ 5-281/2020) ഇതുപ്രകാരം 268147/രൂപയാണ് കുസാറ്റ് ഫണ്ടിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിരിക്കുന്നത്. സ്റ്റാഫ് വെൽഫെയർ ഫണ്ട് അക്കൗണ്ടിൽ നിന്നും മേൽ തുക CUF ലേക്ക് തിരികെ നിക്ഷേപിക്കാത്ത പക്ഷം തുക കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്നും അറിയിച്ചിരുന്നു . ഇതേ തുടർന്ന് 16.7.2020 ൽ സർവ്വകലാശാല സമർപ്പിച്ച മറുപടി പ്രകാരം 2018 നവംബർ മുതൽ 2019 ജൂലൈ വരെ ഇപ്രകാരം ചെലവഴിച്ച 105453/-രൂപ 9.7.2020 ലെ സർവ്വകലാശാല രസീത് നം.262990 പ്രകാരവും 16,043/-രൂപ 9.7.2020 ലെ DPR&P/SWF/2020 -ാം നം.ഉത്തരവു പ്രകാരവും 12788/-രൂപ ചെലവഴിക്കാതെ ബാക്കിവന്ന തുകയിനത്തിലും CUF ൽ ഒടുക്കിയിട്ടുണ്ട്.

### ബി) സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് - പി.ടി.എ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക തിരിച്ചടച്ചു

പി.ടി.എ അക്കൗണ്ടിലെ ചുവടെ ചേർക്കുന്ന ചെലവുകൾ പരിശോധിച്ചതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിന് ഓഡിറ്റ് എൻക്വയറി നം. SOE/03/18-19/28.11.2019 നൽകിയതിനെ തുടർന്ന് 22,550/- രൂപ പി.ടി.എ അക്കൗണ്ടിൽ 10.12.2019 ൽ തിരിച്ചടച്ചു.

#### (1) അധികമായി ചെലവാക്കിയത്- 2420/- രൂപ

8.5.18 ലെ വൗച്ചർ നം. 49/18-19 പ്രകാരം ചെലവായ 10,000/-രൂപയിലെ സബ് വൗച്ചർ നം.6, 7, 8 പ്രകാരം ദേശീയ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വി.എഫ്.പി.സി.കെ എന്ന സ്ഥാപനത്തിൽ നിന്ന് വൃക്ഷ തൈകൾ , വളം എന്നിവ വാങ്ങിയതിന് ആകെ 5010/-രൂപ ചെലവായിട്ടുണ്ട്. ഇതിലെ ബിൽ നം.23997 ൽ യഥാർത്ഥ തുക 170/-രൂപ മാത്രമാണ്. എന്നാൽ നൽകിയത് 2590/-രൂപയും. അധികമായി 2420/- ചെലവഴിച്ചത് തിരിച്ചടച്ചു.

## (2) സയൻസ് വീക്ക് പ്രോഗ്രാമിനായി (Scienza 2019) നൽകിയ തുകയിൽ മിച്ചം വന്ന തുക തിരിച്ചടച്ചു- 5880/- രൂപ

സയൻസ് വീക്ക് പ്രോഗ്രാമിന് മുൻകൂർ നൽകിയ 1,00,000/-രൂപയിൽ ക്രമീകരിച്ചത് 94,120/- രൂപ മാത്രമാണ്. ബാക്കി വന്ന 5,880/- രൂപ ഓഡിറ്റ് പരാമർശത്തെ തുടർന്ന് തിരിച്ചടച്ചു.

## (3) ദിവസ വേതനം അധികമായി നൽകിയത്- തുക 14,250/-

താഴെ സൂചിപ്പിക്കുന്ന ദിവസ വേതന ജീവനക്കാർക്ക് ചില മാസങ്ങളിൽ അധിക വേതനം നൽകിയിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അധികമായി നൽകിയ തുക തിരികെ പി.ടി.എ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | അധികമായി നൽകിയ തുക |
|---|---|---|
| 1 | രജനി മുരളി | 4500/- |
| 2 | നദീറ | 6750/- |
| 3 | മഞ്ജു സന്തോഷ് | 750/- |
| 4 | സരിക.എ | 2250/- |
| | ആകെ | 14250/- |

## സി) അധികമായി നൽകിയ ഫെല്ലോഷിപ്പ് തുക തിരികെ അടവാക്കി

ബയോടെക്നോളജി വകുപ്പിൽ ഗവേഷണ വിദ്യാർത്ഥിനിയായ ശ്രീമതി .ഐശ്വര്യ.സിക്ക് അനുവദിച്ചിട്ടുള്ള ഫെല്ലോഷിപ്പ് തുകയായ 3,30,000/-രൂപ സർവ്വകലാശാല ചെക്ക് നം. 585920 പ്രകാരം 23.1.2019 ൽ പി .ഡി അക്കൗണ്ടായ A/c No.67003034836 ൽ ക്രെഡിറ്റ് ചെയ്തിരുന്നു . എന്നാൽ വകുപ്പിൽ നിന്നും വിദ്യാർത്ഥിനിക്ക് നൽകിയ ചെക്ക് നം .750802/21.1.19 പ്രകാരം 3,33,000/-രൂപ ആയിരുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതുമൂലം 9.1.2020 ലെ രസീത് നം.188226 പ്രകാരം 3000/-രൂപ സർവ്വകലാശാല ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുള്ളതാണ്.

## ഡി) ഇ-ഗ്രാന്റ്സ് അക്കൗണ്ടിലെ വിതരണം ചെയ്യാത്ത തുക ട്രഷറിയിൽ അടവാക്കി

2018-19 സാമ്പത്തിക വർഷത്തെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് (SOE) യിലെ_ഇ-ഗ്രാന്റ്സ് അക്കൗണ്ട് പരിശോധിച്ചതിൽ 31.3.2019 ലെ 2,54,23,199/- രൂപ നീക്കിയിരിപ്പ് തുകയിൽ ഫീസ് തുകയായ 2,16,73,318/- രൂപ രജിസ്ട്രാർക്കും ABLC തുകയായ 25,67,110/- രൂപ ഹോസ്റ്റൽ വാർഡനും (ആകെ 2,42,40,428/- രൂപ) ജൂൺ 2019 ൽ നൽകിയിട്ടുണ്ട് . 11,82,771/- രൂപ വിതരണം ചെയ്യാൻ സാധിക്കാതെ അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. SOE/01/18-19/22.11.19 നൽകിയതിനെ

തുടർന്ന് 10,57,671/- രൂപ ജില്ലാ ട്രഷറിയിലേക്ക് 15.09.2020 ൽ അടവാക്കി. 1,25,000/- രൂപ 2018-19 അദ്ധ്യയനവർഷം ഒന്നാം വർഷ എസ്.സി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് തുടങ്ങിയതായും 03.11.2020 ലെ എസ്.ഒ.ഇ.സി12/104/ഓഡിറ്റ്/2018-19 കത്ത് പ്രകാരം പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവു് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മുറിവാടക പഴയ നിരക്കിൽ ഈടാക്കിയതുമൂലം വരവിനത്തിൽ നഷ്ടം 13,880/- രൂപ

കൊച്ചി സർവ്വകലാശാലയുടെ മേൽനോട്ടത്തിൽ പ്രവർത്തിയ്ക്കുന്ന ഗസ്റ്റ്ഹൗസ് / അതിഥി ഭവൻ -ന്റെ മുറിവാടക നിരക്കുകൾ സർവ്വകലാശാല രജിസ്ട്രാറുടെ UEUAccts/ Misc/ 11-12(PF) /10.09.18 ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 26.12.18 മുതൽ ഉത്തരവ് നം.UEUAccts/ Misc/ 11-12(PF) പ്രകാരം പഴയ നിരക്ക് വീണ്ടും പ്രാബല്യത്തിൽ വന്നു. എന്നാൽ ചുവടെ ചേർത്തിരിയ്ക്കുന്ന പട്ടിക പ്രകാരമുള്ള അതിഥികളിൽ നിന്നും പഴയ നിരക്കിൽ മുറിവാടക ഈടാക്കിയതുമൂലം വരവിനത്തിൽ 13,880/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | ഗസ്റ്റിന്റെ പേര്/മുറിയുടെ ഇനം | തങ്ങിയ കാലയളവ്/ വാടക നിശ്ചയിക്കേണ്ട ആകെ ദിനങ്ങൾ | ഈടാക്കേണ്ട ദിവസ വാടക നിരക്ക് | ഈടാക്കിയ ദിവസ വാടക നിരക്ക് | ഈടാക്കേണ്ട ആകെ വാടക | ഈടാക്കിയ ആകെവാടക/ രസീത് നമ്പർ / തീയതി | നഷ്ടം |
|---|---|---|---|---|---|---|---|
| 1 | റൊമഡ്കോവ തെരേസ, ഡബിൾ റൂം A/C (VFC -5) | 1/10/2018 മുതൽ 24/11/18 വരെ- 55 ദിവസം | 820/ദിവസം | 690/ ദിവസം | 45100 (1*820*55) | 37950(1*690*55) രസീത് നം. 89604 /24.11.18 | 7150 |
| 2 | റൊണാൾഡ് ബഞ്ചമിൻ/GH റൂം -(VFC-4) | 12/10/2018 മുതൽ 21/2/19 വരെ- 132 ദിവസം | 12/10/18 മുതൽ 25/12/18 വരെ- @550/ദിനം + 26.12.18 മുതൽ 21.2.19 വരെ @460/ദിനം(26.12.18 മുതൽ പഴയ നിരക്ക് വീണ്ടും പ്രാബല്യത്തിൽ വന്നു.) | 460/ ദിവസം | 67450 (1*550*75) + (1*460*57) | 60720(1*460*132)/രസീത് നമ്പർ 75040/21.02.19 | 6730 |
| | ആകെ നഷ്ടം | | | | | | 13880 |

കുറവ് ഈടാക്കിയ തുക ഗസ്റ്റ് ഹൌസ് മാനേജരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 ബയോടെക്നോളജി വകുപ്പ്- ഫീസിനത്തിലുള്ള വരവുകണക്കുകൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല – നഷ്ടം 1620/- രൂപ

ഫീസിനത്തിലുള്ള വരവുകൾ രജിസ്റ്ററുകളിൽ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല . യഥാർത്ഥ തുക വരവ് രജിസ്റ്ററിൽ രേഖപ്പെടുത്താതിരിക്കുക , വരവ് തുക നിക്ഷേപിക്കുന്നതിൽ കൂടുതൽ / കുറവ് സംഭവിക്കുക തുടങ്ങിയ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള കളക്ഷൻ രജിസ്റ്ററിലെ വരവ് രേഖപ്പെടുത്തലുകളും ബാങ്ക് പാസ്സ്ബുക്കിന്റെ രേഖപ്പെടുത്തലുകളും തമ്മിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള വ്യത്യാസങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട് . പണം കൈകാര്യം ചെയ്യുന്നതിലെ അനാസ്ഥയാണ് ഇത് വ്യക്തമാക്കുന്നത്.

| തീയതി | ബുക്ക് നം./ രസീത് നം. | കളക്ഷൻ തുക | ആകെ കളക്ഷൻ തുക | പി.ഡി അക്കൗണ്ടിൽ ഒടുക്കിയ തുക | കളക്ഷൻ ബാങ്കിൽ ഒടുക്കിയതിൽ കുറവ്/ അധികം രേഖപ്പെടുത്തിയത് | |
|---|---|---|---|---|---|---|
| | | | | | ഒടുക്കിയതിൽ വന്ന കുറവ് | അധികം ഒടുക്കിയ തുക |
| 1.10.18 | 373/18639 | 310 | 310 | 0 | 310 | - |
| 8.2.19 | 1881/188094 | 400 | 800 | 0 | 800 | - |
| 8.2.19 | 1881/188095 | 400 | | | | |
| 12.12.18 | 1881/188079 | 300 | 1010 | 15160 | 510 (15670-15160) | - |
| | 1881/188080 | 400 | | | | |
| | 1881/188081 | 310 | | | | |
| 2.3.19 | 374/18689 | 2300 | 11500 | | | |
| | 374/18690 | 2300 | | | | |
| | 374/18691 | 2300 | | | | |
| | 374/18692 | 2300 | | | | |
| | 374/18693 | 2300 | | | | |
| 25.2.19 | 374/18682 | 3160 | 3160 | | | |
| 18.6.19 | 374/18694 | 2950 | 33310 | 37635 | | 4325 (37635 – |
| | 374/18695 | 2950 | | | | |
| | 374/18696 | 1950 | | | | |
| | 374/18697 | 1950 | | | | |

| | | | | | | |
|---|---|---|---|---|---|---|
| | 374/18698 | 1980 | | | | |
| | 374/18699 | 1980 | | | | |
| | 374/18700 | 1980 | | | | |
| | 376/18751 | 2145 | | | | |
| | 376/18752 | 2455 | | | | |
| | 376/18753 | 2485 | | | | 33310) |
| | 376/18754 | 1965 | | | | |
| | 376/18755 | 1965 | | | | |
| | 376/18756 | 1965 | | | | |
| | 376/18757 | 1965 | | | | |
| | 376/18758 | 2625 | | | | |
| | 1882/188121 | 400 | | | | |
| | 1882/188122 | 910 | | | | |
| | 1882/188123 | 300 | | | | |
| | 376/18759 | 4325 | | | | |
| | 376/18760 | cancelled | | | | |
| | 376/18761 | cancelled | | | | |
| | 376/18762 | 6170 | | | | |
| 9.7.19 | 376/18763 | 6170 | 106755 | 102430 | 4325 (106755-102430) | |
| | 376/18764 | 62580 | | | | |
| | 376/18765 | 6170 | | | | |
| | 376/18766 | 6170 | | | | |
| | 376/18767 | 6170 | | | | |
| | 376/18768 | 1220 | | | | |
| | 376/18769 | 6170 | | | | |
| | | | | ആകെ നഷ്ടം | 1620 | |

മുകളിൽ ചേർത്തിട്ടുള്ള പ്രകാരം നഷ്ടം സംഭവിച്ചിട്ടുള്ള 1620/-രൂപ വകുപ്പ് മേധാവിയിൽ നിന്നും ഈടാക്കി പി.ഡി അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-3 പ്രൊവിഡന്റ് ഫണ്ട് - കുറഞ്ഞ പലിശ നിരക്കിലുള്ള നിക്ഷേപങ്ങൾ വഴി സർവ്വകലാശാല ഫണ്ടിന് നഷ്ടം

ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപങ്ങൾക്ക് സർക്കാർ ട്രഷറികൾ വഴി 2018-19 വർഷത്തിൽ അനുവദിച്ചിരുന്ന പലിശ നിരക്കുകൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ളതാണ്.

a)

| പ്രൊവിഡന്റ് ഫണ്ട് പലിശ നിരക്കുകൾ 2018-19 | പലിശ നിരക്ക് |
|---|---|
| 2019 ജനവരി 1 മുതൽ 2019 മാർച്ച് 31 വരെ | 8% |
| 2018 ഒക്ടോബർ മുതൽ | 8% |
| 2018 ജൂലായ് മുതൽ | 7.60% |
| 2018 ഏപ്രിൽ മുതൽ | 7.60% |

എന്നാൽ സർവ്വകലാശാല ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള Investment Register Vol.XI പ്രകാരം (പേജ് 33, 34, 35, 48,& 49) രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അനുസരിച്ച് സർക്കാർ അനുവദിച്ച നിരക്കിൽ നിന്നും വളരെ കുറഞ്ഞ പലിശ നിരക്കാണ് SBI -കുസെക് ബ്രാഞ്ചിൽ നിക്ഷേപിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള പി.എഫ് അക്കൗണ്ടുകൾക്ക് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്.

പ്രൊവിഡന്റ് ഫണ്ട് ഇൻവെസ്റ്റ്മെന്റുകളുടെ വിവരങ്ങൾ 2018-19

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | ഡെപ്പോസിറ്റ് തുക | ഡെപ്പോസിറ്റ് തീയതി | നിക്ഷേപ കാലാവധി പൂർത്തിയാകുന്ന തീയതി | ലഭിക്കുന്ന തുക | നിലവിലെ പലിശ നിരക്ക് | വോള്യം/ പേജ് |
|---|---|---|---|---|---|---|---|
| 1 | 67356869229 | 87,01,663 | 16.03.2018 | 16.3.2020 | 98,99,351 | 6.5% | XI 33 |
| 2 | 67356869739 | 87,01,663 | 16.03.2018 | 16.3.2020 | 98,99,351 | 6.5% | XI 34 |
| 3 | 67356869773 | 58,01,108 | 16.03.2018 | 16.3.2020 | 65,99,567 | 6.5% | XI 34 |
| 4 | 67356010664 | 87,01,663 | 8.03.2018 | 8.3.2020 | 98,99,351 | 6.5% | XI 34 |
| 5 | 67356010325 | 87,01,663 | 8.03.2018 | 8.03.2020 | 98,99,351 | 6.5% | XI 34 |
| 6 | 67356010198 | 87,01,663 | 8.03.2018 | 8.03.2020 | 98,99,351 | 6.5% | XI 35 |
| 7 | 67356010450 | 87,01,663 | 8.03.2018 | 8.03.2020 | 98,99,351 | 6.5% | XI 35 |
| 8 | 38074115562 | 79,79,515 | 5.11.2018 | 5.11.2019 | 85,27,726 | 6.7% | XI 48 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | 37285182479 | 79,79,851 | 7.11.2018 | 7.11.2019 | 85,28,085 | 6.7% | XI 48 |
| 10 | 37287520111 | 79,79,851 | 8.11.2018 | 8.11.2019 | 85,28,085 | 6.7% | XI 48 |
| 11 | 37290165705 | 79,79,851 | 9.11.2018 | 9.11.2019 | 85,28,085 | 6.7% | XI 49 |
| 12 | 37293260981 | 79,79,851 | 10.11.2018 | 10.11.2019 | 85,28,085 | 6.7% | XI 49 |
| 13 | 37296284285 | 53,43,908 | 13.11.2018 | 13.11.2019 | 57,11,047 | 6.7% | XI 49 |

കൊച്ചിൻ യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1981- അദ്ധ്യായം- III-ഭാഗം-I, സ്റ്റാറ്റ്യൂട്ട്(2) പ്രകാരം "General Provident Fund (Kerala Rules) - കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളതിനാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ വിരമിക്കുന്ന മുറയ്ക്ക് സർക്കാർ കാലാകാലങ്ങളിൽ അനുവദിച്ചിട്ടുള്ള പലിശ നിരക്കിലുള്ള തുക (a- പ്രകാരം) ഉൾപ്പെട്ട നിക്ഷേപങ്ങൾക്ക് അർഹതയുള്ളതും സർവ്വകലാശാല മേൽതുക നൽകുന്നതിന് ബാധ്യസ്ഥരുമായിരിക്കെ കുറവുവന്ന തുക സർവ്വകലാശാല ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളതായി കാണുന്നു. ഇത് അനുവദിക്കാവുന്നതല്ല എന്ന കാര്യം വ്യക്തമാക്കുന്നു . ആയതിനാൽ മേൽ ഖണ്ഡിക(b) പ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകകൾ സർക്കാരിന്റെ പലിശനിരക്കുകൾ ലഭ്യമാക്കുന്ന വിധം മാറ്റി നിക്ഷേപിക്കേണ്ടതാണ്.

## 2-4 യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ ഗസ്റ്റുകൾക്ക് നൽകുന്ന പാസ്സുകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല

യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ ഗസ്റ്റുകൾക്ക് പാസ്സ് അനുവദിക്കുന്നതിൽ ഉണ്ടായ വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1. ഹോസ്റ്റൽ സെൻട്രൽ ഓഫീസിലെ ഗസ്റ്റ് പാസ്സ് ഇഷ്യൂ രജിസ്റ്റർ പ്രകാരം 2018-19 ൽ 2428 പേർക്ക് പാസ്സ് ഇഷ്യൂ ചെയ്തു .എന്നാൽ അത്രയും ഗസ്റ്റുകൾ തന്നെയാണോ ഹോസ്റ്റലിൽ താമസിച്ചിരുന്നതെന്ന് ഉറപ്പാക്കാൻ ആവില്ല. മാത്രവുമല്ല പല ഹോസ്റ്റലുകളിലും ഗസ്റ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. പാസ്സുകൾ അനുവദിച്ച നല്കിയ തീയതികളും ഹോസ്റ്റലുകളിലെ ഗസ്റ്റ് രജിസ്റ്ററുകളിലെ തീയതികളും വ്യത്യസ്തമായി കാണുന്നു . മേൽ കാരണങ്ങളാൽ ഹോസ്റ്റലുകളിൽ അനധികൃതമായി ആളുകൾ താമസിക്കുന്നതിനു കാരണമാകും . ആയതിനാൽ ഇപ്പോൾ ഇഷ്യൂ ചെയ്യുന്ന ഗസ്റ്റ് പാസ്സുകൾ പിൻവലിച്ച് ബുക്ക് നമ്പർ , രസീത് നമ്പർ, കൗണ്ടർ ഫോയിൽ എന്നിവയോടു കൂടിയ പാസ്സുകൾ വിതരണത്തിനായി നല്കേണ്ടതാണ്. സെൻട്രൽ ഓഫീസിലെ സ്റ്റോക്ക് രജിസ്റ്ററിൽ കൈപ്പറ്റുന്ന രസീത് ബുക്കുകൾ (ബുക്ക് നമ്പർ, സീരിയൽ നമ്പർ) കൃത്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതും ആയവ ഓഫീസ് ആവശ്യത്തിന് എടുക്കുന്നതനുസരിച്ച കൃത്യമായി കുറവ് വരുത്തേണ്ടതും ആണ്. നിലവിൽ ഗസ്റ്റ് പാസ്സ് ഇഷ്യൂ ചെയ്യുന്നതിന്റെ ഫീസ് അതാതു വകുപ്പുകളിൽ ആണ് ഈടാക്കുന്നത്. പാസ്സ് ഇഷ്യൂ ചെയ്യുന്നതിനൊപ്പം ഹോസ്റ്റൽ സെൻട്രൽ ഓഫീസിൽ തന്നെ ഫീസ് സ്വീകരിക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതാണ് . ഹോസ്റ്റലിൽ താമസിക്കുന്ന ഗസ്റ്റുകളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സെൻട്രൽ ഓഫീസിൽ

ഉണ്ടാകേണ്ടതാണ്. ഇക്കാര്യങ്ങൾ കഴിഞ്ഞ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

2. ഗസ്റ്റുകൾക്കുള്ള അപേക്ഷ ഫോം -ൽ അവർ താമസിക്കുന്നതിനുള്ള ഉദ്ദേശ്യം എന്താണെന്ന് അറിയാനുള്ള വ്യവസ്ഥയില്ല. ആയത് ഉൾപ്പെടുത്തേണ്ടതാണ്.

3. എല്ലാ ഹോസ്റ്റലുകളിലും ഗസ്റ്റ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് . ഹോസ്റ്റലുകളിൽ താമസിക്കുന്ന അതിഥികളുടെ പേര്, മേൽ വിലാസം, ഫോൺ നമ്പർ, ശുപാർശ ചെയ്യുന്ന വിദ്യാർഥികളുടെ പേരു വിവരം, ഗസ്റ്റ് പാസ്സ് ബുക്ക് നമ്പർ/രസീത് നമ്പർ, അഡ്മിറ്റ് /വിടുതൽ വിവരങ്ങൾ മുതലായവ കൃത്യമായി രേഖപ്പെടുത്തണം. ആയത് ബന്ധപ്പെട്ട അധികാരികൾ പരിശോധന നടത്തേണ്ടതാണ്.

## 2-5 പി.ഡി അക്കൗണ്ടിലെ വരവ് സമയബന്ധിതമായി കൊച്ചി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് (CUF) മാറ്റുന്നില്ല

ബയോടെക്നോളജി വകുപ്പിലെ 2018 ഏപ്രിൽ മാസം മുതൽ 2019 ഡിസംബർ മാസം വരെയുള്ള കാലയളവിലെ പി .ഡി അക്കൗണ്ടിലെ വരവ് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ടിലെ ദിവസേനയുള്ള വരവ് തുക പി.ഡി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുക മാത്രമാണ് ചെയ്യുന്നത്. എല്ലാ മാസത്തേയും വരവ് തുക തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുമ്പ് CUF ലേക്ക് അടവാക്കണമെന്ന് സർവ്വകലാശാലയുടെ നിർദ്ദേശം ഉണ്ടെങ്കിലും ടി കാലയളവിൽ സ്വീകരിച്ച തുക നാളിതുവരെ CUF അക്കൗണ്ടിൽ അടച്ചിട്ടില്ല.

പി.ഡി അക്കൗണ്ടിൽ നിന്ന് CUF അക്കൗണ്ടിലേക്ക് തുക അവസാനമായി അടവാക്കിയിരിക്കുന്നത് 05.05.2018 ൽ ഏപ്രിൽ മാസത്തെ വരവ് തുകയായ 8600/- രൂപയാണ്. 05/2018 മുതൽ 12/2019 വരെയുള്ള കാലയളവിലെ വരവ് തുക CUF അക്കൗണ്ടിൽ അടവാക്കാത്തത് മാസം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | 01.05.2018 മുതൽ 31.03.2019 വരെ | 01.04.2019 മുതൽ 31.12.2019 വരെ |
|---|---|---|---|
| 1 | ഏപ്രിൽ | 8600/- (05.05.2018 ൽ CUF ൽ അടച്ചു) | 500/- |
| 2 | മെയ് | 620/- | 50/- |
| 3 | ജൂൺ | 46640/- | 33710/- |
| 4 | ജൂലൈ | 73090/- | 243350/- |
| 5 | ഓഗസ്റ്റ് | 4740/- | 10120/- |
| 6 | സെപ്റ്റംബർ | 72284/- | 94620/- |
| 7 | ഒക്ടോബർ | 3030/- | 7115/- |

| | | | |
|---|---|---|---|
| 8 | നവംബർ | 3220/- | 6924/- |
| 9 | ഡിസംബർ | 159610/- | 267560/- |
| 10 | ജനവരി | 4110/- | -- |
| 11 | ഫെബ്രുവരി | 84086/- | -- |
| 12 | മാർച്ച് | 12818/- | -- |
| | | **464248/-** | **663949/-** |

05/2018 മുതൽ 12/2019 വരെയുള്ള കാലയളവിലെ പി.ഡി.കളക്ഷൻ തുകയായ 11,28,197/- രൂപ (464248+663949) നാളിതുവരെ CUF ൽ അടവാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള ( നം.5/ബയോടെക്/18-19/10.01.20) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ചലാൻ പ്രകാരം ഫീസ് സ്വീകരിക്കുന്നതിലെ അപാകതകൾ

സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിനു കീഴിൽ നടത്തുന്ന എം.ബി.എ റഗുലർ കോഴ്സിൽ ഒരു വർഷം 3 ബാച്ചുകളിലായി ആകെ 240 വിദ്യാർത്ഥികളും പാർട്ട് ടൈമായി 90 വിദ്യാർത്ഥികളും പഠിക്കുന്നു. 2018-19 വർഷം വിദ്യാർത്ഥികളുടെ പരീക്ഷ ഫീസ് ചലാൻ വഴിയാണ് സ്വീകരിച്ചിട്ടുള്ളത്. ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള രണ്ടു ചലാനുകളിൽ ബാങ്കിൽ സ്വീകരിച്ചത് സംബന്ധിച്ച സീൽ പതിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | ചലാൻ അടച്ച വിദ്യാർത്ഥിയുടെ വിവരം | തുക |
|---|---|---|---|
| 1 | 11-12-2018 | അർജ്ജുൻ സാബു, എം.ബി.എ 4th Sem, B Batch | 35955<br>(35895+60 bank charge) |
| 2 | 17-12-2018 | നിഖിൽ വർഗ്ഗീസ്, എം.ബി.എ 4th Sem, B Batch | 35955<br>(35895+60 bank charge) |

2) ഫീസ് അടച്ച കുട്ടികളുടെ മുഴുവൻ ചലാനുകളും തീയതിയനുസരിച്ച് സൂക്ഷിച്ചിട്ടില്ല .
3) ചലാനുകളുടെ വിവരം കൃത്യമായി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിട്ടില്ല .
4) ചലാൻ പ്രകാരം അടയ്ക്കുന്ന തുകയുടെ പൂർണ്ണമായ വിവരങ്ങൾ ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും ലഭ്യമാകുന്നില്ല. ഒരേ ദിവസം വിവിധ വിദ്യാർത്ഥികൾ അടയ്ക്കുന്ന ചലാനുകളുടെ ആകെത്തുകയാണ് ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും ലഭിക്കുന്നത്.
a) ഏപ്രിൽ 2018 മുതൽ നവംബർ 2018 വരെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകയും പി.ഡി.രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | ബാങ്ക് പാസ്സ്ബുക്ക് പ്രകാരം | ചലാനുകൾ പി.ഡി.രജിസ്റ്റർ പ്രകാരം |
|---|---|---|---|
| 1. | 7-7-2018 | 217029 | 217205+46895+32665 |
| 2. | 12-7-2018 | 244762 | 318720 |
| 3. | 13-7-2018 | 193090 | 190680+35145 |
| 4. | 16-7-2018 | 155671 | 155601 |
| 5. | 17-7-2018 | 222171 | 222170 |
| 6. | 18-7-2018 | 194908 | 163970 |
| 7. | 21-7-2018 | 46190 | 22790 |

b) ഡിസംബർ 2018 മുതൽ ബാങ്ക് പാസ്സ്ബുക്ക് പ്രകാരമുള്ള തുക തന്നെയാണ് പി .ഡി.രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. എന്നാൽ ആരാണ് ഫീസ് അടച്ചത്, മുഴുവൻ വിദ്യാർത്ഥികളും ഫീസ് അടച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല.

| ക്രമ നം | തീയതി | തുക |
|---|---|---|
| 1. | 3-12-2018 | 355805 |
| 2. | 4-12-2018 | 420630 |
| 3. | 5-12-2018 | 503975 |
| 4 | 6-12-2018 | 35895 |
| 5 | 6-12-2018 | 31565 |
| 6 | 6-12-2018 | 423455 |
| 7 | 7-12-2018 | 31565 |
| 8 | 7-12-2018 | 860775 |
| 9 | 10-12-2018 | 99495 |
| 10 | 11-12-2018 | 379433 |
| 11 | 12-12-2018 | 35965 |
| 12 | 12-12-2018 | 31635 |
| 13 | 12-12-2018 | 95095 |
| 14 | 12-12-2018 | 1700 |
| 15 | 13-12-2018 | 31635 |

| | | |
|---|---|---|
| 16 | 14-12-2018 | 35895 |
| 17 | 17-12-2018 | 35965 |
| 18 | 17-12-2018 | 35965 |
| 19 | 17-12-2018 | 35955 |
| 20 | 18-12-2018 | 265930 |
| 21 | 18-12-2018 | 35895 |
| 22 | 19-12-2018 | 381100 |
| 23 | 24-12-2018 | 35966 |
| 24 | 31-12-2018 | 35965 |
| 25 | 4-1-2019 | 32175 |
| 26 | 7-1-2019 | 208515 |
| 27 | 8-1-2019 | 141630 |
| 28 | 11-1-2019 | 38395 |
| 29 | 15-1-2019 | 34005 |
| 30 | 16-1-2019 | 31555 |
| 31 | 17-1-2019 | 27405 |
| 32 | 18-1-2019 | 31565 |
| 33 | 30-1-2019 | 31565 |

ചലാൻ പ്രകാരം ഫീസ് ഈടാക്കുമ്പോൾ ചലാനുകൾ കൃത്യമായി വിദ്യാർത്ഥികളിൽ നിന്നും വാങ്ങി തീയതി അനുസരിച്ച് സൂക്ഷിക്കേണ്ടതും ആയത് കൃത്യമായി രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ചലാൻ പ്രകാരം അടയ്ക്കുന്ന തുകയുടെ പൂർണ്ണമായ വിവരങ്ങൾ ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

## 2-7 രസീത് ബുക്കുകൾ ഉപയോഗിയ്ക്കുന്നില്ല

സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് വകുപ്പിൽ ഫീസ് അടയ്ക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും രസീത് നൽകുന്നില്ല. നിലവിൽ വകുപ്പിൽ രസീത് ബുക്ക് നം 216 മുതൽ 220 വരെ ഉപയോഗിയ്ക്കാതെ സൂക്ഷിച്ചിട്ടുണ്ട്. ഒരു ക്ലാസ്സിലെ വിവിധ വിദ്യാർത്ഥികളുടെ ഫീസ് ഒന്നിച്ച് ഒറ്റ രസീത് പ്രകാരം സ്വീകരിയ്ക്കുകയും ഫീസ് അടച്ച കുട്ടികളുടെ പേരും തുകയും ഒരു പേപ്പറിൽ എഴുതി ഫയലിൽ സൂക്ഷിയ്ക്കുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം വകുപ്പിൽ നിന്നും അവസാനമായി രസീത് നൽകിയത് 4.1.19 നാണ്. തുടർന്ന് ഫീസ് ചലാൻ വഴി ബാങ്കിലേയ്ക്ക് അടപ്പിയ്ക്കുകയാണ്. എന്നാൽ ഒരു ചലാൻ

അടയ്ക്കുന്നതിന് 20/- രൂപ വീതം ബാങ്ക് ചാർജ്ജ് അടയ്ക്കണമെന്നതിനാൽ വിദ്യാർത്ഥികൾ ഫീസ് ഒന്നിച്ച് സമാഹരിച്ച് ഒറ്റ ചലാൻ പ്രകാരം തുക അടയ്ക്കുകയാണ് ചെയ്യുന്നത്. ഈ വിദ്യാർത്ഥികൾക്ക് പ്രത്യേകം രസീത് നൽകുന്നില്ല. ആയതിനാൽ മുഴുവൻ വിദ്യാർത്ഥികളും ഫീസ് അടച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നത് പ്രയാസമാണ്. വിദ്യാർത്ഥികൾ ഫീസ് അടച്ചിട്ടുണ്ട് എന്ന് അപേക്ഷയിൽ ഓഫീസിൽ നിന്നും സാക്ഷ്യപ്പെടുത്തി നൽകുകയാണ് ചെയ്യുന്നത്. ഫീസ് അടയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം രസീത് നൽകുന്നതിനും അവ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അധികാരപരിധികൾ മറികടന്ന് സാമ്പത്തിക ഇടപാടുകൾക്ക് അംഗീകാരം, മരാമത്ത് വേലകൾക്ക് ഭരണാനുമതി - ചട്ട ലംഘനം

സഹാറ ബോയ്സ് ഹോസ്റ്റലിലെ സീവേജ് ലൈനുകളുടെ റെക്റ്റിഫിക്കേഷൻ വർക്കുകളുടെ എസ്റ്റിമേറ്റിന് സർവ്വകലാശാല രജിസ്ട്രാറുടെ ഓഫീസ് അംഗീകാരം നൽകിയ നടപടിയുമായി ബന്ധപ്പെട്ട് ഈ ഓഫീസിൽ നിന്നും 16.5.2018 ൽ നൽകിയ KSA(STU)A5- 636/17 -ാം നം.കത്തും 16.5.2019 ലെ കത്ത് നം .ജിഎ &ഇ.എൽ1/18584/04 വാല്യം 2 പ്രകാരമുള്ള മറുപടിയും പരിശോധിച്ചതു പ്രകാരം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ അധികാര പരിധികൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെടുത്തുന്നു.

"Effective utilzation of plan funds for execution of construction work and to speedup the process" എന്ന തലക്കെട്ടിൽ സർവ്വകലാശാല രജിസ്ട്രാറുടെ 9.6.2016 ലെ UEU/2307/XII Year plan/11-12-ാം നം. ഉത്തരവും ഒപ്പം ചേർത്തിട്ടുള്ള Appendix 1 പ്രകാരമുള്ള സിൻഡിക്കേറ്റ് നിർദ്ദേശങ്ങളും (20.2.16 ലെ സിൻഡിക്കേറ്റ് മീറ്റിംഗിൽ അജണ്ട ഐറ്റം നം.630.26 ആയി വച്ച് അംഗീകരിച്ച സിൻഡിക്കേറ്റ് നിർദ്ദേശങ്ങൾ) സർവ്വകലാശാലയുടെ 1st Statute 1975 ലെ ചട്ടങ്ങൾ മറികടന്നുള്ള നിർദ്ദേശങ്ങൾ എന്ന നിലയിലും സ്റ്റാറ്റ്യൂട്ടിലെ നിലവിലെ നിയമങ്ങൾ സിൻഡിക്കേറ്റ് നിർദ്ദേശങ്ങൾക്കനുസരിച്ച് പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടില്ല എന്ന കാരണത്താലും ഇത്തരം തീരുമാനങ്ങൾ ചട്ടലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കൊച്ചിൻ യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1975 അദ്ധ്യായം V സെക്ഷൻ (3) "Powers of Syndicate" എന്നതിൽ 3(a) ആയി ചേർത്തിട്ടുള്ളത് ഇപ്രകാരമാണ്. 3(a) to accord sanction for all works original and repairs, provided in the budget and to accept tenders thereof" എന്നായിരിക്കെ Appendix-1 ലെ നിർദ്ദേശം. നം. iv പ്രകാരം Rough cost Estimate- 50 ലക്ഷവും അതിനു മുകളിലുള്ള എല്ലാ Repair/Maintenance Project ന് ഭരണാനുമതി നൽകുന്നതിനുള്ള അധികാരം സിൻഡിക്കേറ്റിനായിരിക്കുമെന്നും ബ്രാക്കറ്റിൽ നിലവിലെ ഇതിന്റെ പരിധി 10 ലക്ഷവും അതിനു മുകളിലും എന്ന് ചേർത്തു കാണുന്നു . എന്നാൽ മേൽ സിൻഡിക്കേറ്റ് തീരുമാനത്തിന് നിയമപരമായ സാധൂകരണം ഇല്ല എന്ന കാര്യം വ്യക്തമാക്കുന്നു.

2) മേൽ പറഞ്ഞ Appendix-1 ലെ Proposal (V) പ്രകാരം 50 ലക്ഷത്തിനു താഴെ Rough cost Estimate ഉള്ള വർക്കുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അധികാരം വൈസ് ചാൻസലർക്ക്

നൽകിക്കാണുന്നു. ഇതിലും ബ്രാക്കറ്റിൽ നിലവിലെ പരിധി 10 ലക്ഷത്തിനു താഴെ എന്നും ചേർത്തുകാണുന്നു. എന്നാൽ Cochin University First Statute 1975- Chapter V Section 4(C) പ്രകാരം ഇത് 10,000/- രൂപയാണ്. ഇപ്രകാരം വൈസ് ചാൻസലറുടെ പരിധി സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായി നിശ്ചയിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കേണ്ടതാണ്.

3) Proposal (V) (Appendix-1) പ്രകാരം ബഹു.വൈസ് ചാൻസലർക്ക് അനുവദിച്ച 50 ലക്ഷത്തിനും താഴെയുള്ള വർക്കുകളിൽ 1 ലക്ഷവും അതിനു താഴെയുള്ള എസ്റ്റിമേറ്റ് തുകയുള്ള കൺസ്ട്രക്ഷൻ വർക്കുകളും 3 ലക്ഷത്തിനു താഴെ Rough cost Estimate ഉള്ള Repair/Maintenance വർക്കുകൾക്ക് അംഗീകാരം (AS) നൽകുന്നതിനുള്ള അധികാരം രജിസ്ട്രാർക്ക് നൽകിക്കൊണ്ടുള്ളതാണ് Proposal VI. ഇതിലും ബ്രാക്കറ്റിൽ രജിസ്ട്രാർക്ക് സിൻഡിക്കേറ്റിന്റെ അനുമതിയോടെയുള്ള "Delegated power" എന്ന് ചേർത്തു കാണുന്നു. ഇവിടെ വൈസ് ചാൻസലർക്കുള്ള അധികാരം രജിസ്ട്രാർക്ക് Delegate ചെയ്തു നൽകി എന്ന് ചേർത്തിട്ടുണ്ടെങ്കിലും ബഹു .വൈസ് ചാൻസലർക്ക് -Act/Statute പ്രകാരം അനുവദിച്ചിട്ടില്ലാത്ത അധികാരം മറ്റൊരാൾക്ക് Delegate ചെയ്തു എന്നതിന്റെ പിന്നിലെ നിയമ സാധുത വ്യക്തമാക്കേണ്ടതാണ്.

20.2.2016 ലെ സിൻഡിക്കേറ്റ് മീറ്റീംഗ് മിനിട്ട്സിൽ അജണ്ട ഐറ്റം നം .630.26 ആയി ചേർത്തിട്ടുള്ളതും സ്റ്റാറ്റ്യൂട്ട് 1975 ന് വിരുദ്ധമായി ചേർത്തിട്ടുള്ളതുമായ (Proposals (Appendix-1) തീരുമാനങ്ങൾ ഗസറ്റിൽ പബ്ലിഷ് ചെയ്ത് നിയമം ആക്കിയിട്ടുള്ളതായി വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ ചേർത്തു കാണുന്നില്ല. സ്റ്റാറ്റ്യൂട്ടിലെ ചട്ടങ്ങൾക്ക് മാറ്റങ്ങൾ വരുത്തിയിട്ടുള്ള സിൻഡിക്കേറ്റ് തീരുമാനങ്ങൾ സംബന്ധിക്കുന്ന ഗസറ്റ് നോട്ടിഫിക്കേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ നടപടിക്രമങ്ങൾ ചട്ടലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 സർവ്വകലാശാലയുടെ അധീനതയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം - Title deed രജിസ്റ്റർ ചെയ്ത് പോക്കു വരവ് നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

തൃക്കാക്കര നോർത്ത് വില്ലേജിൽ ഉൾപ്പെട്ട 183.36885 ഏക്കർ ഭൂമിയാൺ നടപടിക്രമങ്ങൾ പൂർത്തിയാക്കി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുള്ളത്. ശേഷം 2009 ൽ പൂർത്തിയാക്കിയ റീ-സർവ്വേ റിപ്പോർട്ട് പ്രകാരം 93.885 സെന്റ് സ്ഥലം കുറവുള്ളതായി കണ്ടെത്തിയിരുന്നു.

കൊച്ചി സർവ്വകലാശാലാ എഞ്ചിനീയർ ഇതുമായി ബന്ധപ്പെട്ട് സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ് വിഭാഗം, സർവ്വെ ഡയറക്ടർക്ക് 18.01.2011 ൽ നൽകിയ "ടൈറ്റിൽ ഡീഡ്സ് /465/യൂണി. എൻജി.കുസാറ്റ്"-ാം നം. കത്തിനുള്ള മറുപടി (19.09.2011 ലെ നം.സർവ്വെ.ബി1-15326/2007)യിൽ 11.11.1993 ലെ സർക്കാർ ഉത്തരവ് G.O.M.S 494/93/RD പ്രകാരം 50 ആർ വരെ 2% ഉം 50 ആർ ൽ കൂടുതലുള്ളതിന് 1% ഉം വിസ്തീർണ്ണ വ്യത്യാസം അനുവദനീയമായി ചേർത്തിട്ടുള്ളതിനാൽ സർവ്വകലാശാലയ്ക്ക് കുറവു വന്ന ഭൂമിയുടെ അളവ് അനുവദനീയമായ നിരക്കിലാണെന്നും , 1962 ൽ

പൊന്നുംവിലയ്ക്കെടുത്ത റെക്കാർഡുകൾ ലഭ്യമല്ലാത്തതിനാൽ റവന്യൂ നമ്പരുകൾ പ്രകാരമുള്ള വിസ്തീർണ്ണം നിലനിറുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യവുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് യൂണിവേഴ്സിറ്റിയുടെ സ്ഥലത്തിന്റെ റീ സർവ്വേ പ്രകാരമുള്ള വിസ്തീർണ്ണം ശരിയായ വിസ്തീർണ്ണമായി കണക്കാക്കേണ്ടതാണെന്നും സർവ്വേ വകുപ്പ് ഡയറക്ടറുടെ കത്തിൽ പരാമർശിച്ചിരിക്കുന്നു.

ഇതു സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.5 ആയി വിശദമായ പരാമർശം ഉൾപ്പെടുത്തിയിരുന്നു. ഇതിന് സർവ്വകലാശാലാ എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ, സർവ്വകലാശാലയുടെ അധീനതയിലുള്ള ഭൂമിയിൽ 743/IE എന്ന സർവ്വേ നമ്പറിൽ 61.50 സെന്റ് സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ഈ സർവ്വേ നമ്പറിൽ ഉണ്ടായിരുന്ന ആകെ 113 സെന്റിൽ ബാക്കിയുള്ള 51.50 സെന്റ് സ്ഥലത്തിന്റെ സ്ഥാനവും അതിർത്തിയും സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതായും അറിയിച്ചിട്ടുണ്ട്. കൂടാതെ "നിലവിൽ സർവ്വകലാശാലയുടെ ഭൂമി പോക്കുവരവ് നടത്തി ടൈറ്റിൽ ഡീഡ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും അതിനായി ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്ന മതിയായ രേഖകൾ സർവ്വകലാശാലയുടെ കൈവശം ലഭ്യമല്ലാത്തതിനാൽ ആർക്കൈവ്സ് തുടങ്ങിയ വകുപ്പുകളിൽ നിന്നും സ്വരൂപിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതായും" അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ ഇക്കാര്യത്തിൽ യാതൊരു പുരോഗതിയും കൈവരിച്ചിട്ടില്ല.

തുടർന്ന് 24.02.2018 ലെ സിൻഡിക്കേറ്റ് ഐറ്റം നം.650(Outside Agenda Item No.6) ആയി പരിഗണിച്ച് സർവ്വകലാശാലയുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച് തഹസിൽദാർമാർക്ക് കത്ത് നൽകുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 25.04.2018 ൽ കണയന്നൂർ താലൂക്ക് തഹസിൽദാർക്ക് UEU/Campus boundary/11-12 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് ഇതു സംബന്ധിച്ച മറുപടിയൊന്നും ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ 13.11.2019 ൽ സർവ്വകലാശാല എഞ്ചിനീയർ ഇതേ ആവശ്യം ഉന്നയിച്ച് No.UEE/1768/Title deeds/17-18 പ്രകാരം തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ റവന്യൂ വിഭാഗവുമായി ബന്ധപ്പെട്ട തുടർ നടപടികൾ വേഗത്തിലാക്കുന്നതിനും ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിനുമുള്ള കാര്യങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-3 അംഗീകാരം നൽകിയ സ്ഥാപനങ്ങളുടെ സേവനനികുതി വിഹിതം കൈപ്പറ്റിയില്ല - സർവ്വകലാശാലയുടെ ഫണ്ടിൽ നിന്നും ഒടുക്കിയ തുകയുടെ റീഫണ്ട് വിവരങ്ങൾ ലഭ്യമല്ല.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അംഗീകാരം നൽകുന്ന സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച റക്കഗ്നിഷൻ ഫീയുടെ (Recognition fee) നിശ്ചിത ശതമാനം സർവ്വീസ് ടാക്സ് ചുമത്താവുന്ന വരവ് ആകയാൽ സേവനം കൈപ്പറ്റിയ സ്ഥാപനങ്ങളിൽ നിന്നും സേവന നികുതി ഈടാക്കി സേവനനികുതി വകുപ്പിൽ ഒടുക്കേണ്ട ബാധ്യത സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കെ ആയത് നടപ്പിലാക്കിയിട്ടില്ല എന്ന കാരണത്താൽ സീനിയർ ഇന്റലിജൻസ് ഓഫീസറായ ശ്രീ . കെ.പി. അജയകുമാർ 26.10.2015 ൽ സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ പേരിൽ സമൻസ് നൽ

കിയിരുന്നു. സർവ്വകലാശാല ഇതു സംബന്ധിച്ച് നൽകിയ മറുപടി സെൻട്രൽ എക്സൈസ് & ഇന്റലിജൻസ് വകുപ്പ് നിരാകരിച്ചതിനെ തുടർന്ന് 01.10.2014 മുതൽ 31.03.2016 വരെയുള്ള "Service Tax on Recognition fee" സ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റിയിട്ടില്ലാത്ത സാഹചര്യത്തിൽ കൊച്ചി സർവ്വകലാശാലയുടെ ഖജനാവിൽ നിന്നും ഒടുക്കുവാനും Service Tax Registration എടുക്കുന്നതിനും മേൽ കുടിശ്ശിക തുക സേവനം കൈപ്പറ്റിയ ഇൻസ്റ്റിറ്റ്യൂഷനുകളിൽ നിന്നും ഈടാക്കാൻ ശ്രമിക്കേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. ശേഷം 17.3.2017 ലെ ചെല്ലാൻ നം . 00066 പ്രകാരം 10/2014 മുതൽ 3/2016 വരെയുള്ള സർവ്വീസ് ടാക്സ് തുകയിനത്തിൽ 50,05,500/-രൂപ കുസാറ്റിന്റെ ഫണ്ടിൽ നിന്നും ഒടുക്കിയിരുന്നു. കൂടാതെ 5.7.2017 ലെ ചെല്ലാൻ നം.14397 പ്രകാരം 33,00,973/-രൂപ 2016-17 വർഷത്തെ (Service Tax on Registration fee) സേവന നികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി സേവനനികുതി വകുപ്പിൽ ഒടുക്കിയിരുന്നു . ഇപ്രകാരം സേവനനികുതി വകുപ്പിൽ ഈയിനത്തിൽ ഒടുക്കിയ ആകെ തുക 83,06,473/- രൂപയാകുന്നു.

സെൻട്രൽ ജി.എസ്.ടി & സെൻട്രൽ എക്സൈസ് കമ്മീഷണർ ഡോ.വി.സന്തോഷ് കുമാർ (IRS) ന്റെ 13.6.2018 ഉത്തരവ് നം.C.No.V/ST/117/2017 ST Adjn ആയി Show cause notice പ്രകാരം ഉന്നയിച്ചിരുന്ന എല്ലാ നിയമ ലംഘനങ്ങളും ഒഴിവാക്കി നൽകിയിരുന്നു. ഇതിന്റെ പിൻബലത്തിൽ Service tax വിഹിതമായി നിർബന്ധിത സാഹചര്യത്തിൽ ഒടുക്കിയ 50,05,500/-രൂപ റീഫണ്ട് ലഭിക്കുന്നതിനായി M/S Krishna Iyer & Co യുടെ സഹായത്തോടെ Form R- സേവനനികുതി വകുപ്പിൽ നൽകിയിരുന്നു . കൂടാതെ ഡോ .വി.സന്തോഷ്കുമാർ (Commissioner, GST) ന്റെ 13.6.2018 ലെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് CESTAT (Custom, Excise & Service Tax Appellate Tribunal) മുമ്പാകെ കൊച്ചി ഡിവിഷൻ, സെൻട്രൽ ടാക്സ് & സെൻട്രൽ എക്സൈസ് കമ്മീഷണറുടെ ഓഫീസ് അപ്പീൽ നൽകിയിരുന്നു. (Appeal No.ST/21685/2018 DB dtd:22.10.18) മേൽ അപ്പീലിന്റെ തുടർ നടപടികളുടെ ഭാഗമായി 19.11.2018 ന് CESTAT ൽ നിന്നും സർവ്വകലാശാലയ്ക്ക് ഒരു Short Hearing Notice ലഭിച്ചിരുന്നു. തുടർന്ന് സർവ്വകലാശാലയ്ക്കുവേണ്ടി M/s Krishna Iyer & Co ഹാജരാകുന്നതിനും കൗണ്ടർ അപ്പീൽ ഫയൽ ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു.

മേൽ വിവരിച്ച കാര്യങ്ങളും ഇപ്പോഴത്തെ സ്ഥിതിയും സർവ്വകലാശാലയുടെ വരവായി അക്കൗണ്ടിൽ ഉൾപ്പെടുത്തിയ തുകയുടെ റീഫണ്ട് തുടങ്ങിയ വിവരങ്ങൾ അറിയിക്കുന്നതിനായി 28.10.2019 ലെ കെ.എസ്.എ(എസ്.ടി.യു)/എ 5-758/2018 പ്രകാരം കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ 12.3.2020 ൽ കെ.എസ്.എ(എസ്.ടി.യു) എ 5-758/2018 പ്രകാരം ഓർമ്മക്കുറിപ്പും നൽകിയിരുന്നു എങ്കിലും സർവ്വകലാശാല ഇതു സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സർവ്വീസ് ടാക്സ് വിഹിതമായി സർവ്വകലാശാല ഫണ്ടിൽ നിന്നും സേവനനികുതി വകുപ്പിൽ ഒടുക്കിയ 50,05,500/-രൂപ എത്രയും വേഗം തിരികെ ഈടാക്കി സർവ്വകലാശാല ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

## 3-4 ഇൻകംടാക്സ് സമയബന്ധിതമായി ഈടാക്കി ഒടുക്കുന്നതിൽ വീഴ്ച - സർവ്വകലാശാല ഫണ്ടിനു നഷ്ടം - 25,000/-രൂപ.

കൊച്ചി സർവ്വകലാശാലയുടെ ഫിനാൻസ് വകുപ്പ് ജോയിന്റ് രജിസ്ട്രാറുടെ 25.02.2019 ലെ No.Accts./11/A4/17 defaults/2017-18- ഉത്തരവു പ്രകാരമുള്ള 25000/-രൂപയുടെ ചെലവുമായി ബന്ധപ്പെട്ട് ഫയൽ നം.- Accts II/A4/IT-Defaults/2017-18 പരിശോധിച്ചതു പ്രകാരം 2007-08, 2008-09, 2009-10, 2010-11, 2013-14 വർഷങ്ങളിൽ TDS ഒടുക്കിയതിൽ കുറവു വന്നിട്ടുണ്ട്. ഇത് ജീവനക്കാർ നേരിട്ട് TDS ഒടുക്കിയ അവസരത്തിൽ സർവ്വകലാശാലയുടെ TAN തെറ്റായി നൽകിയതുമൂലം സംഭവിച്ചതാണ്. കൂടാതെ സർവ്വകലാശാല വഴി നികുതി ഒടുക്കിയ ചില കേസുകളിൽ 2/-രൂപയിൽ കുറഞ്ഞ തുകയുടെ "short remittance" കാണിച്ചിരുന്നതായും ഫയലിലുണ്ട്.

മേൽ സൂചിപ്പിച്ച തരത്തിലുള്ള "Defaults" കാരണം ഇൻകംടാക്സ് വകുപ്പ് ജനറേറ്റ് ചെയ്ത ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക 1,06,274.4/-രൂപയും പലിശയിനത്തിൽ 40,308/-രൂപയും ആണ് ഒടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നത്. കൂടാതെ 258.15/-രൂപയുടെ കുറവും നോട്ടീസ് പ്രകാരം അറിയിച്ചിരുന്നു. (നികുതി ഒടുക്കിയതിൽ 2/-രൂപ കുറവ് കാണിച്ചത് പ്രകാരം)

(Intimation U/S 154 of the Income Tax Act, 1961 for the financial years- 2007-08, 2008-09, 2009-10, 2010-11, 2013-14 dtd: 29.9.2014, 16.11.2014, 24.9.2014, 07.9.2014, 29.8.2014 and 15.11.2014 respectively)

മേൽ സാഹചര്യത്തിൽ സർവ്വകലാശാല M/s JRS&Co യെ സമീപിക്കുകയും TRACES-Website ൽ TAN തെറ്റായി നൽകി നികുതി ഒടുക്കിയതു തുടങ്ങി Default Notice പ്രകാരമുള്ള എല്ലാ അപാകതകളും പരിഹരിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതുപ്രകാരം 2007-08 മുതലുള്ള കുടിശ്ശിക സംബന്ധിച്ച് TRACES-Website ൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി മേൽ ജോലിക്കായി JRS & Co. 25,000/-രൂപ ഫീസ് ചുമത്തി. (Tax Invoice No.2787C/18-19 dtd:2.2.19 for Rs.13,200/- & Tax invoice No.2786C/18-19 dtd:2.2.19 for Rs.11,800/- (ആകെ = 25,000/-)

ജീവനക്കാരുടെ ഇൻകംടാക്സ് സമയബന്ധിതമായി ഈടാക്കി ഇൻകംടാക്സ് വകുപ്പിൽ ഒടുക്കി എന്നത് ഉറപ്പുവരുത്തേണ്ടത് ഓഫീസ് മേധാവിയുടെ ഉത്തരവാദിത്വമാണ്. നികുതി ഒടുക്കിയതിൽ കുറവ് വന്നു എന്നത് ഓഫീസ് മേധാവിയുടെ പരിശോധന/മേൽനോട്ടം വർഷങ്ങളോളം ഉണ്ടായില്ല എന്നതാണ് വ്യക്തമാക്കുന്നത്. കൂടാതെ 2015-16, 2016-17 വർഷങ്ങളിലെ നികുതി താമസിച്ച് ഒടുക്കിയതുമൂലം ഇൻ കംടാക്സ് വകുപ്പ് പലിശ ഒടുക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. ഇവയെല്ലാംതന്നെ മേലുദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു . ആയതിനാൽ JRS & Co. യ്ക്ക് നൽകേണ്ടിവന്ന 25,000/- (ഇരുപത്തി അയ്യായിരം) രൂപയുടെ ചെലവ് ഓഫീസ് മേധാവിയുടെ ബാധ്യതയായിക്കണ്ട് പ്രസ്തുത കാലയളവുകളിൽ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സർവ്വകലാശാലഫണ്ടിൽ ഒടുക്കേണ്ടതാണ് . സർവ്വകലാശാല ഫണ്ടിൽ നിന്നുള്ള 25,000/-രൂപയുടെ മേൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 അനധികൃതമായി തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു – ഫണ്ട് ദുർവ്യയം

"ഡെപ്യൂട്ടേഷൻ നിയമനം" /"On other duty basis" – എന്നിങ്ങനെ നാമകരണം ചെയ്ത് ഉന്നത തസ്തികകൾ സൃഷ്ടിച്ച് സർവ്വകലാശാല ഉദ്യോഗസ്ഥർക്ക് നിയമനം നൽകുകയും അതുവഴി നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ ഒഴിവിലേക്ക് തൊട്ടു താഴെയുള്ള സീനിയർ ഉദ്യോഗസ്ഥന് ഉദ്യോഗക്കയറ്റം നൽകുക വഴി അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാരനുവരെ ഉദ്യോഗക്കയറ്റം അനുവദിച്ചുവരുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉത്തരവുകളും സാമ്പത്തിക അച്ചടക്കമില്ലായ്മയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1) ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിൻ- II-ന്റെ 27.2.2020 ലെ ഉത്തരവുകളായ CUSAT/AD(A)A1/571/2020 & CUSAT/AD(A).A1/575/2020- എന്നിവ പ്രകാരം ജോയിന്റ് രജിസ്ട്രാറായ Dr.Ansar.M.S നെ "Planning and Development officer on other duty basis" (85000-117600- ശമ്പളനിരക്ക്) എന്ന തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയതുവഴി സംജാതമായ ജോയിന്റ് രജിസ്ട്രാറുടെ ഒഴിവിലേക്ക് ഡെപ്യൂട്ടി രജിസ്ട്രാറായ ശ്രീ.മുരളീധരൻ.എ.പി ക്ക് ജോയിന്റ് രജിസ്ട്രാറായി നിയമനം നൽകി (85000 – 117600) ശമ്പളനിരക്കും അനുവദിച്ചെങ്കിലും മുൻപ് വഹിച്ചിരുന്ന ചുമതലയായ "Private Secretary to Vice Chancellor" എന്ന എക്സ് കേഡർ തസ്തികയിൽ തുടരുന്നതിന് അനുവദിക്കുകയും ഇതുവഴി ജോയിന്റ് രജിസ്ട്രാർ തസ്തിക എന്ന മേൽ സൂചിപ്പിച്ച ഒഴിവിലേക്ക് ഡെപ്യൂട്ടി രജിസ്ട്രാറായ ശ്രീമതി.ഉഷാദേവി.വി.പിക്ക് ഉദ്യോഗക്കയറ്റം നൽകി 85000 – 117600 ശമ്പള നിരക്കും അനുവദിച്ചെങ്കിലും ഇവിടെയും ടിയാളുടെ മുൻ തസ്തികയായ "PS to Pro Vice Chancdllor" എന്ന ex cadre തസ്തികയുടെ ചുമതലയിൽ തുടരുന്നതിന് അനുവദിച്ചിരുന്നു. ശേഷവും ജോയിന്റ് രജിസ്ട്രാർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതായിത്തന്നെ പരിഗണിച്ച് ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിൻ- II) ആയ ശ്രീമതി.ജാസിയ.പി.ഐക്കും ഉദ്യോഗക്കയറ്റം അനുവദിച്ചുകാണുന്നു.

മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള 27.2.2020 ലെ ഉത്തരവുകൾ പരിശോധിച്ചാൽ അസിസ്റ്റന്റ് തസ്തികവരെയുള്ള ഉദ്യോഗസ്ഥർക്ക് ഒരു Deputation /"On other duty basis" നിയമനംവഴി ഉദ്യോഗക്കയറ്റം ലഭ്യമാക്കിയിട്ടുള്ളതായി വ്യക്തമാകുന്നു.

ഇതിനു സമാനമായ ജോയിന്റ് രജിസ്ട്രാറുടെ 29.2.2020 ലെ ഉത്തരവ് നം.CUSAT/AD(A).A1/592/2020- ലേക്കു കൂടി സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി രജിസ്ട്രാറായ ശ്രീമതി.എലിസബത്ത് മാത്യു റിട്ടയർ ചെയ്ത ഒഴിവിലേയ്ക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ഹ.ഗ്രേ) ആയ ശ്രീ.കൃഷ്ണകുമാർ.ടി ക്ക് ഉദ്യോഗക്കയറ്റം നൽകി 77400-115200- ശമ്പള നിരക്കും അനുവദിച്ചു. എന്നാൽ അദ്ദേഹം തൊട്ടുമുൻപ് ചുമതല വഹിച്ചിരുന്ന PA to Vice Chancellor എന്ന ex-cadre- തസ്തികയുടെ ചുമതലയിൽ തുടരുന്നതിന് അനുവദിച്ചുകാണുന്നു. തുടർന്നും ഒഴിഞ്ഞുകിടക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്ക് അസി.രജിസ്ട്രാർ(ഹ.ഗ്രേ) ആയ ശ്രീ.നസീർ കുഞ്ഞ്.സി.എ യ്ക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. മേൽ ഉത്തരവു വഴിയും അസിസ്റ്റന്റ് തസ്തികയിലുള്ള ഉദ്യോഗസ്ഥനുവരെ ഉദ്യോഗക്കയറ്റം ലഭിച്ചിരുന്നു. (ജോയിന്റ് രജിസ്ട്രാറുടെ 29.2.2020 ലെ ഉത്തരവിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

കൂടാതെ ഇതേ ഉത്തരവിൽത്തന്നെ സെക്ഷൻ ഓഫീസർ(ഹ.ഗ്രേ) ആയിരുന്ന ശ്രീ.ഹരിലാൽ നെ കൊച്ചി സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള " Centre for Budget Studies"ൽ കോ -ഓർഡിനേറ്ററായി നിയമിക്കുകയും ഇതിന്റെ തുടർച്ചയായും ഒരു വേക്കൻസി നിലവിൽ വന്നതായി പരിഗണിച്ച് ഉദ്യോഗക്കയറ്റങ്ങളുടെ ചങ്ങല ആവർത്തിച്ചിട്ടുണ്ട്.

മേൽ വിവരിച്ച പ്രകാരമുള്ള സർവ്വകലാശാലയുടെ നടപടിക്രമങ്ങൾ മുൻകാലങ്ങൾ മുതൽ നടപ്പിലാക്കി വന്നിരുന്നതിന് ഉത്തമ ഉദാഹരണങ്ങളാണ് ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിൻ II) ന്റെ 26.6.2018 ലെ ഉത്തരവ് നം.Ad.A1/20/DR/2013 & 6.7.2018 ലെ ഉത്തരവ് നം.Ad.A1/20/DR/2013. ഇതുവഴി ഇന്റേണൽ ഡെപ്യൂട്ടേഷൻ എന്ന പേരിൽ അസി.രജിസ്ട്രാർ തസ്തികയിലുള്ള ജീവനക്കാരെ താൽക്കാലികമായി സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസിൽ നിയമിക്കുകയും തുടർന്ന് ഇവരുടെ മുൻ തസ്തിക ഒഴിവായി പരിഗണിച്ച് ഉദ്യോഗസ്ഥർക്ക് ഒന്നടങ്കം ഉദ്യോഗക്കയറ്റം നൽകിയതായും വ്യക്തമാകുന്നതാണ്.

കൊച്ചി സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്ജറ്റ് സ്റ്റഡീസ് തുടങ്ങിയുള്ള സെന്ററുകളിൽ കേഡർ തസ്തികയിൽ നിന്നും ജീവനക്കാരെ ഇന്റേണൽ ഡെപ്യൂട്ടേഷൻ എന്ന പേരിൽ താൽക്കാലിക നിയമനം നൽകി ഒഴിവുകൾ സൃഷ്ടിക്കുകയും ഇതുവഴി ഉദ്യോഗസ്ഥർക്ക് ഒന്നടങ്കം ഉദ്യോഗക്കയറ്റം അനുവദിക്കുകയും അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുകയും ചെയ്യുന്ന സർവ്വകലാശാല അധികൃതരുടെ തെറ്റായ നടപടിക്രമം അവസാനിപ്പിക്കുന്നതിനും സെന്ററിന്റെ നടത്തിപ്പിനായി പ്രത്യേകം നോട്ടിഫിക്കേഷൻ നൽകി മേൽ തസ്തികയ്ക്കുവേണ്ട ഒരു ഉദ്യോഗസ്ഥനെ തെരഞ്ഞെടുത്ത് നിയമിക്കുകയാണ് വേണ്ടത് എന്ന് സർവ്വകലാശാല ഓഡിറ്റ് സ്ഥാപനം എന്ന നിലയിൽ നിർദ്ദേശിക്കുന്നു . ഇതുസംബന്ധിച്ച് 3.12.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.05/Adm/2019 നം മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 13.3.2020 ൽ ഓർമ്മക്കുറിപ്പും നൽകിയിരുന്നു. എന്നാൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

രാജ്യത്തെ എല്ലാ മേഖലകൾക്കും സ്വീകാര്യമായ രീതിയിലുള്ള ബഡ്ജറ്റ് തയ്യാറാക്കൽ , വർഗ്ഗീകരണം, വിശകലനം, ഗവേഷണം തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളുടെ നിയന്ത്രണവും നടത്തിപ്പും സംബന്ധിക്കുന്ന വിവര സാങ്കേതിക വിദ്യകൾ എന്നിവയും അടങ്ങുന്ന കോഴ്സുകളുടേയും ട്രെയിനിംഗ് സ്ഥാപനങ്ങളുടേയും അഭാവം കണക്കിലെടുത്ത് സർക്കാർ അനുമതിയോടെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ 2013 ൽ ആരംഭിച്ചതാണ് കെ.എം.മാണി സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസ് (KMMCBS). തുടർന്ന് ഈ സ്ഥാപനത്തിന്റെ പേര് 3.6.2017 തീയതിയിലെ- AC.A4/2732/2015-ാം നം. ഉത്തരവ് പ്രകാരം "Centre for Budget Studies" എന്നാക്കി മാറ്റിയിരുന്നു. ഈ സെന്റർ ഒരു സ്വതന്ത്ര പഠന കേന്ദ്രമായി പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാർ അനുവദിച്ച 1,53,95,000/- രൂപ ചെലവാക്കി പുതിയ കെട്ടിടത്തിന്റെ നിർമ്മാണവും പൂർത്തിയാക്കിയിരുന്നു.

2013 ൽ ആരംഭിച്ച സെന്റർ ഇപ്പോഴും പ്രവർത്തന ലക്ഷ്യങ്ങൾ യാതൊന്നും ആരംഭിക്കുകപോലും ചെയ്യാൻ കഴിയാതെ ശൈശവദശയിൽത്തന്നെ തുടരുന്നതായാണ് ഓഡിറ്റിൽ കണ്ടെത്താനായത് . നാളിതുവരെ കേരള സർക്കാരിന്റേയോ, ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷനുകളുടേയോ

ബഡ്ജറ്റ് രൂപീകരണത്തിൽ ഭാഗമാകുന്നതിനോ , ഈ മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകൾ നടത്തുന്നതിനോ ഗവേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനോ പുസ്തക പ്രസിദ്ധീകരണത്തിനോ ഉള്ള പ്രാവീണ്യം സെന്ററിന് നേടാൻ കഴിഞ്ഞിട്ടില്ല. സ്വകാര്യസ്ഥാപനങ്ങളുമായി സഹകരിച്ച പ്രവർത്തിക്കുന്നതിനും ഈ മേഖലയിൽ പൊതുസമൂഹത്തിനുവേണ്ട സേവനങ്ങൾ നൽകുന്നതിനും ഇതുവഴി സെന്ററിനു സ്വയംപര്യാപ്തത നേടുന്നതിനും വേണ്ട രീതിയിലുള്ള യാതൊരു രൂപരേഖയും തയ്യാറാക്കിയിട്ടുമില്ല. ആയതിനാൽ പ്രവർത്തന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്ഥാപനത്തിന്റെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള ഉത്തരവാദിത്വത്തെപ്പറ്റി ഓർമ്മപ്പെടുത്തുന്നു.

സർക്കാരിന്റെ മുൻകൂർ അനുവാദമോ പിൽക്കാല അംഗീകാരമോ തേടാതെ എക്സ് കേഡർ തസ്തികകൾ സൃഷ്ടിക്കലും ഇതിലേക്ക് നിയമനം നൽകേണ്ട ഉദ്യോഗസ്ഥരുടെ പദവി /ശമ്പള നിരക്ക് കൃത്യമായി നിർവ്വചിക്കാതെയും ഏറ്റവും ഉന്നത തസ്തികകളിലെ ജീവനക്കാർക്ക് ഇതിലേക്ക് നിയമനം നൽകുകയും ഇതുവഴി കേഡർ തസ്തികകളിൽ ഒഴിവ് വന്നതായി പരിഗണിച്ച് ഉദ്യോഗസ്ഥർക്ക് ഒന്നടങ്കം സ്ഥാനക്കയറ്റം അനുവദിക്കുകയും ചെയ്യുന്ന രീതി സർക്കാരിന് വമ്പിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് ഉദാഹരണങ്ങൾ നിരത്തി വ്യക്തമായ നഷ്ടം തിട്ടപ്പെടുത്തി ഖണ്ഡിക 3-3 ആയി 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉൾപ്പെടുത്തിരുന്നുവെങ്കിലും സർവ്വകലാശാല നടപടി തുടർന്നുവരുന്നതായി കാണുന്നു.

2) സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തസ്തികകൾ സൃഷ്ടിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ സർവ്വകലാശാല അസിസ്റ്റന്റുമാരെ നിയമിച്ചുവരുന്നു . സർക്കാർ അംഗീകാരമോ സാധൂകരണമോ ഇക്കാര്യത്തിൽ നേടിയിട്ടില്ല. ഖണ്ഡിക 1 ൽ പരാമർശിച്ചിട്ടുള്ള 29.2.2020 ലെ ഉത്തരവും ജോയിന്റ് രജിസ്ട്രാറുടെ 20.3.2020 ലെ നം.CUSAT/AD(A)-A5/865/2020 ഉത്തരവും ഇത് വ്യക്തമാക്കുന്നു. ഇതു സംബന്ധിച്ച് 27.5.2020 ൽ വിശദീകരണം ആവശ്യപ്പെട്ട് കെ.എസ്.എ(എസ്.റ്റി.യു)എ 5-268/2020-ാം നം. കത്തും 2/12/2019 ൽ ഓഡിറ്റ് എൻക്വയറി നം.04/Admn/2019 ഉം ഓർമ്മക്കുറിപ്പും നൽകിയിരുന്നു. 18.06.2020 ൽ നൽകിയ മറുപടി പ്രകാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നിയമം, 1986 ലെ 18(XI) വകുപ്പ് പ്രകാരം തസ്തികകൾ സൃഷ്ടിക്കാനുള്ള അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണെന്നും ആയതിന് സർക്കാർ അംഗീകാരം വേണ്ട എന്നും അറിയിച്ചു. 48 യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിച്ച് ദിവസവേതനക്കാരെ നിയമിച്ചിട്ടുണ്ട് . ദിവസവേതനത്തിലുള്ള അസിസ്റ്റന്റുമാരെ കൂടി കണക്കിലെടുത്ത് സെക്ഷൻ ഓഫീസർ - അസിസ്റ്റന്റ് അനുപാതം 1:3 എന്ന രീതിയിൽ നില നിർത്തുന്നതിനായി റെഗുലർ തസ്തികയിലുള്ളവർക്ക് സെക്ഷൻ ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റവും നൽകി വരുന്നു. ഇത് ക്രമപ്രകാരമല്ല.

പുതിയ കോഴ്സുകൾ ആരംഭിച്ചതും, വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധനവും കണക്കിലെടുത്ത് വർക്ക് സ്റ്റഡി നടത്തി സർക്കാർ അംഗീകാരത്തോടുകൂടി മാത്രമേ അധിക തസ്തികകൾ സൃഷ്ടിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ ഖണ്ഡിക (1), (2) എന്നിവയിലേക്ക് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 AICTE സ്കീം നടപ്പിലാക്കിയതും,മൂന്ന് അദ്ധ്യാപകരുടെ പ്രമോഷനുകൾ / പ്ലേയ്സ്മെന്റുകൾ നൽകിയതീയതി നേരത്തേ ആക്കുകയും ചെയ്തു ഉത്തരവ് അംഗീകരിക്കുന്നില്ല.

സർവ്വകലാശാലയുടെ Ad.D2/15784/2000(PF1) തീയതി.31.08.2019 ഉത്തരവ് പ്രകാരം 'AICTE സ്കീം 1996'ന്റെ നടപ്പാക്കൽ തീയതി 1.1.96 ആക്കി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് അദ്ധ്യാപകരുടെ (ഡോ.എ.ശ്രീകുമാർ, പ്രൊഫസർ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പ്, ഡോ.ജെയിംസ് കുര്യൻ, പ്രൊഫസർ, ഇലക്ട്രോണിക്സ് വകുപ്പ്, ഡോ.സി.കെ.ആനന്ദൻ, പ്രൊഫസർ, ഇലക്ട്രോണിക്സ് വകുപ്പ്) എന്നിവരുടെ പ്രമോഷനുകൾ നേരത്തേ ആക്കി ഉത്തരവാകുകയും ചെയ്തു. വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| അദ്ധ്യാപകന്റെ പേര് | തസ്തിക | പ്രമോഷൻ തീയതി | Ad.D2/15784/2000(PF1)തീയതി 31/08/2019 ഉത്തരവ് പ്രകാരം നേരത്തെ ആക്കിയ പ്രമോഷൻ തീയതി |
|---|---|---|---|
| ഡോ.എ.ശ്രീകുമാർ, പ്രൊഫസർ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പ് | ലക്ചറർ(സീനിയർ സ്കെയിൽ) | 09.10.1998 | 04.01.1998 |
| | ലക്ചറർ (സെലക്ഷൻ ഗ്രേഡ്) | 9.10.2003 | 04.01.2003 |
| | അസോസിയേറ്റ് പ്രൊഫസർ-റീ ഡെസിഗ്നേഷൻ | 9.10.2006 | 04.01.2006 |
| | പ്രൊഫസർ | 22.05.2010 | വ്യത്യാസം ഇല്ല. |
| ഡോ.ജെയിംസ് കുര്യൻ, പ്രൊഫസർ, ഇലക്ട്രോണിക്സ് വകുപ്പ് | ലക്ചറർ(സീനിയർ സ്കെയിൽ) | 27.07.1998 | 15.09.1997 |
| | ലക്ചറർ (സെലക്ഷൻ ഗ്രേഡ്) | 27.07.2003 | 15.09.2002 |
| | അസോസിയേറ്റ് പ്രൊഫസർ-റീ ഡെസിഗ്നേഷൻ | 27.03.2006 | 01.01.2006 |
| | പ്രൊഫസർ | 23.10.2009 | വ്യത്യാസം ഇല്ല |
| ഡോ.സി.കെ.ആനന്ദൻ, പ്രൊഫസർ, ഇലക്ട്രോണിക്സ് വകുപ്പ് | ലക്ചറർ(സീനിയർ സ്കെയിൽ) | 29.01.1991 | വ്യത്യാസം ഇല്ല |
| | റീഡർ | 27.07.1998 | 29.01.1996 |
| | പ്രൊഫസർ | 27.07.2006 | 29.01.2004 |

G.O(P)68/2000/H.Edn dtd:18.5.2000 ഉത്തരവിന്റെ ഖണ്ഡിക 3.2 പ്രകാരം ശമ്പള പരിഷ്കരണത്തിന് 1.1.96 മുതൽ പ്രാബല്യമുണ്ട്. ആയതിന്റെ ഖണ്ഡിക (3)ന് താഴെയുള്ള കുറിപ്പ് പ്രകാരം ഇൻസെന്റീവുകൾക്ക് അർഹത 9.10.1998 മുതൽക്കാണ്. ഖണ്ഡിക 3.11 ൽ പറയുന്ന Career Advancement Scheme(CAS) ന്റെ പ്രാബല്യ തീയതി എന്നു മുതൽക്കാണ് എന്ന് ടി ഉത്തരവിൽ പറയുന്നില്ല. അതുകൊണ്ട് CAS ന്റെ പ്രാബല്യ തീയതി സർവ്വകലാശാല മുൻപ്

എടുത്തിരുന്നതുപോലെ മിനിസ്ട്രി ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് , ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കത്തിന്റെ തീയതി ആയ 9.10.1998 എന്ന് എടുക്കുന്നതിനേ നിലവിൽ നിർവ്വാഹമുള്ളൂ . ആയതിനാൽ ഇൻസെന്റീവുകളുടേയും സ്കീമിന്റേയും പ്രാബല്യ തീയതി 1.1.96 മുതൽ നൽകിക്കൊണ്ടുള്ള സർവ്വകലാശാലയുടെ Ad.D2/15784/2000(PF1) തീയതി.31.08.2019 ഉത്തരവ് നിലനിൽക്കുന്നതല്ല. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്ന് അദ്ധ്യാപകരുടെ പ്രമോഷനുകൾ നേരത്തേ ആക്കുകയും ആയതനുസരിച്ച് ശമ്പള നിർണ്ണയങ്ങൾ നടത്തുകയും ചെയ്തതും തടസ്സപ്പെടുത്തുന്നു. 1.1.96 മുതൽ ഇൻസെന്റീവ്, സ്കീം എന്നിവ ബാധകമാക്കണമെങ്കിൽ ആയതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ് ഹാജരാക്കാൻ കെ .എസ്.എ.(എസ്.റ്റി.യു )എ 4-842/19 തീയതി 16.11.19 കത്തിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് താഴെപറയുന്ന കാര്യങ്ങൾ രജിസ്ട്രാറുടെ 13.6.2020 ലെ Ad.D2/15784/2000(PF) നം. കത്തിന് മറുപടിയായി നം. കെ.എസ്.എ. എസ്.റ്റിയു എ-4/842/2019 തീയതി. 10.7.2020 കത്തിലൂടെ സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തി.

1996 ലെ യു.ജി.സി ശമ്പള പരിഷ്കരണം നടപ്പിലാക്കിക്കൊണ്ടുള്ള G.O(P) നം.171/99/HEdn dtd: 21.12.1999 ഉത്തരവിന്റെ ഖണ്ഡിക 4.1 താഴെ പറയും പ്രകാരം പറയുന്നു.

**"DATE OF EFFECT"**

4.1 The revised UGC Scheme, 1998 will be implemented in the state with effect from 1.1.1996. The stipulation regarding minimum length of service for career advancement to the level of Lecturer (Senior scale) and Reader/Lecturer(Selection Grade) has been modified in the revised UGC Scheme as clarified by Ministry of Human Resources Development subsequently. This modified provision need be implemented only from the date of notification of the scheme by Government of India ie.27.7.1998"

ഇതിൽ UGC സ്കീം, 1.1.1996 മുതൽ നിലവിൽ വരുമെങ്കിലും പ്രമോഷന് വേണ്ടിയുള്ള 'Modified provisions' 27.7.1998 മുതൽക്കാണ് പ്രാബല്യം എന്ന് വ്യക്തമായി പറയുന്നുണ്ട്.

മറ്റൊരുദാഹരണം 2006 ലെ AICTE പേ റിവിഷൻ ഉത്തരവായ GO(P)389/10/H.Edn dtd: 7.12.2010 ന്റെ ഖണ്ഡിക 6.1.21 ആണ്. ഇതിൽ താഴെ പറയും പ്രകാരം പറയുന്നു.

6.1.21 "The conditions laid down by the AICTE and/ or Government for Career Advancement Scheme (CAS) and the refresher courses mentioned in clause 6.1.20 shall be applicable for these promotion/CAS placement/advancement to higher AGP which are effective from and after the date of issue of this order."

ടി ഉത്തരവിന്റെ ഖണ്ഡിക 4.1 ൽ "The revised pay and revised rate of Dearness Allowance under this scheme shall be effective from 1.1.2006" എന്ന് പറയുന്നുണ്ട്.

അതായത് ശമ്പള പരിഷ്കരണം 1.1.2006 മുതൽ നൽകാമെങ്കിലും CAS പ്രമോഷനുകളുടെ പ്രാബല്യതീയതി (പുതിയ വ്യവസ്ഥകൾ പ്രകാരമുള്ളത്) 7.12.2010 (ഉത്തരവ് തീയതി) മുതൽക്കാണ്. തുടർന്ന് 2006, 2016 യു.ജി.സി ശമ്പള പരിഷ്കരണ ഉത്തരവുകൾ പരിശോധിച്ചാലും ഇത്തരത്തിൽ ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയും പുതുക്കിയ വ്യവസ്ഥകൾ പ്രകാരമുള്ള CAS പ്രമോഷൻ/പ്ലേയ്സ്മെന്റിന്റെ പ്രാബല്യതീയതിയും വ്യക്തമായി പറയുന്നുണ്ട്. എന്നാൽ 1996 AICTE ശമ്പള പരിഷ്കരണ ഉത്തരവിൽ ശമ്പള പരിഷ്കരണം 1.1.1996 മുതൽ നിലവിൽ വരും എന്ന് ഖണ്ഡിക 3.2 ൽ വ്യക്തമായി പറയുന്നുണ്ടെങ്കിലും പുതുക്കിയ വ്യവസ്ഥകൾ പ്രകാരമുള്ള CAS പ്രമോഷൻ/പ്ലേയ്സ്മെന്റ് അനുവദിക്കാവുന്ന പ്രാബല്യ തീയതി ഏതെന്ന് വ്യക്തമായി പറയുന്നില്ല. ആയതിനാൽ ഇത് മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് , ഗവ.ഓഫ് ഇന്ത്യയുടെ കത്തിന്റെ തീയതി ആയ 9.10.1998 എന്നാണ് കുസാറ്റ് എടുത്തിരുന്നത്.

1996 ലെ AICTE ശമ്പള പരിഷ്കരണ ഉത്തരവ് ഒഴികെയുള്ള ശമ്പള പരിഷ്കരണ ഉത്തരവുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയും പുതുക്കിയ വ്യവസ്ഥകൾ അനുവദിച്ചുള്ള CAS പ്രമോഷൻ/പ്ലേയ്സ്മെന്റ് പ്രാബല്യ തീയതിയും രണ്ടാണ് എന്നാണ്. മുൻകാല പ്രാബല്യത്തോടെയാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് എന്നതിനാൽ ഇടക്കുള്ള കാലയളവിൽ (ശമ്പള പരിഷ്കരണ പ്രാബല്യ തീയതിക്കും ഉത്തരവ് പ്രസിദ്ധീകരിക്കുന്ന തീയതിക്കും ഇടയിലുള്ള കാലയളവിൽ) പ്രമോഷൻ ആയവർക്കുള്ള പ്രമോഷൻ പുന :ക്രമീകരണം (ശമ്പള പുന:ക്രമീകരണമല്ല) ഒഴിവാക്കുന്നതിനാകാം ഇത്തരത്തിൽ പുതുക്കിയ വ്യവസ്ഥകൾ പ്രകാരമുള്ള CAS പ്രമോഷന്റെ പ്രാബല്യ തീയതി പ്രത്യേകം പറയുന്നത്.

1996 യു.ജി.സി പേ റിവിഷൻ ഉത്തരവിൽ 1996 ലെ യു.ജി.സി സ്കീം 1.1.96 മുതൽക്കാണ് എന്ന് പറയുകയും ടി സ്കീമിന്റെ പുതുക്കിയ വ്യവസ്ഥകൾ പ്രകാരമുള്ള പ്രമോഷൻ പ്രാബല്യ തീയതി 27.7.98 മുതൽക്കാണ് എന്ന് പറയുന്നുണ്ട്. ആയതിനാൽ AICTE സ്കീമിന്റെ പ്രാബല്യ തീയതി 1.1.96 എന്ന് എടുത്താൽ പോലും AICTE സ്കീമിൽ ഉള്ള CAS പ്രമോഷൻ/പ്ലേയ്സ്മെന്റ് പ്രാബല്യ തീയതി 1.1.96 എന്ന് സർക്കാർ സ്പഷ്ടീകരണം നൽകാത്തിടത്തോളം ഓഡിറ്റ് തടസ്സവാദം നിലനിൽക്കുന്നതാണ്.

## 3-7 അദ്ധ്യാപകർക്ക് അർഹതയില്ലാത്ത ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം അനുവദിച്ചു

പെൻഷൻ പ്രായം പൂർത്തിയായതിന് ശേഷവും അക്കാദമിക് വർഷം അവസാനിക്കുന്നതു വരെ അദ്ധ്യാപകർക്ക് സേവനത്തിൽ തുടരാമെങ്കിലും പെൻഷൻ പ്രായം പൂർത്തിയായ മാസത്തിന് ശേഷം പ്രാബല്യത്തിൽ വരുന്ന ശമ്പള പരിഷ്കരണ ആനുകൂല്യത്തിന് അദ്ധ്യാപകർ അർഹരല്ല . (ധന(ചട്ടങ്ങൾ)വകുപ്പിന്റെ 10.08.2006 ലെ (പി)331/06 നമ്പർ വിജ്ഞാപനം (എസ്.ആർ.ഒ 591/06) ഖണ്ഡിക (ii) ചട്ടം 60(c)യിൽ ചേർത്ത വ്യവസ്ഥ ഭേദഗതിയ്ക്ക് 15-12-2000 മുതൽ പ്രാബല്യം ). ടി വ്യവസ്ഥ പാലിക്കാതെ പെൻഷൻ പ്രായം പൂർത്തിയായതിന് ശേഷവും അക്കാദമിക് വർഷം അവസാനിക്കുന്നതുവരെ തുടർന്ന അദ്ധ്യാപകർക്ക് 1.01.2016 മുതൽ പ്രാബല്ല്യമുള്ള ജി .ഒ.(പി)നം. 18/2019/HEDN തീ.29.06.2019 പ്രകാരമുള്ള യു.ജി.സി. 2016 ശമ്പള പരിഷ്കരണം അനുവദിച്ച സർ

വ്വകലാശാല ഉത്തരവുകൾ അംഗീകരിക്കുന്നില്ല. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| ഉത്തരവുകൾ | അദ്ധ്യാപകരുടെ പേരു വിവരങ്ങൾ | പെൻഷൻ പ്രായം പൂർത്തിയായ തീയതി/ വിരമിച്ച തീയതി. | 2016 യു.ജി.സി ശമ്പള പരിഷ്കരണം അനുവദിച്ച തീയതി. | അനുവദിച്ച ശമ്പളം (രൂപ) | ഉത്തരവുകൾ അംഗീകരിക്കുന്നില്ല എന്ന വിവരം അറിയിച്ച കത്തിന്റെ നം ./ തീയതി |
|---|---|---|---|---|---|
| Fin v/UGC(PR)2016 /976/2019 Dt.6.01.2020 | ഡോ.എം.മീരാഭായ്, പ്രൊഫസർ അപ്ലൈഡ് ഇക്കണോമിക്സ് വകുപ്പ് | 31.07.2015/ 30.04.2016 | 1.01.2016 | 172200 | കെ.എസ്.എ. (എസ്.റ്റി.യു.) എ 4-103/2020 തി.19.06 .2020 |
| Fin v/UGC(PR)2016 /886/2019 Dt.6.01.2020 | ഡോ.സലീന മാത്യു, പ്രൊഫസർ, സ്കൂൾ ഓഫ് ഇന്റസ്ട്രിയൽ ഫിഷറീസ് | 31.08.2015/ 30.04.2016 | 1.01.2016 | 193800 | കെ.എസ്.എ. (എസ്.റ്റി.യു.) എ 4-98/2020 തി.17.06. 2020 |
| Fin v/UGC(PR)2016 /529/2019 Dt.16.09.2019 | ഡോ. വി.കെ രാമചന്ദ്രൻ , പ്രൊഫസർ, സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്. | 31.10.2015/ 30.04.2016 | 1.01.2016 | 199600 | കെ.എസ്.എ. (എസ്.റ്റി.യു.) എ 4-706/2019.തീ.17.07. 2020 |

അനർഹമായ ശമ്പള പരിഷ്കരണം അനുവദിച്ച സർവ്വകലാശാല ഉത്തരവുകൾ റദ്ദാക്കി വിവരം ഓഡിറ്റിനെ അറിയ്ക്കാനും , മറ്റ് അദ്ധ്യാപകരുടെ ശമ്പളനിർണ്ണയങ്ങളിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാനും, അധികം അനുവദിച്ച തുകകൾ തിരികെ ഈടാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വിരമിച്ച പ്രൊഫസർമാരുടെ പോസ്റ്റ് ഡോക്ടറൽ റിസർച്ചിനുള്ള LWA വാർഷിക ഇൻക്രിമെന്റിന് പരിഗണിച്ച സിൻഡിക്കേറ്റ് തീരുമാനം പുനഃപരിശോധിക്കണം

സർവ്വകലാശാല സിൻഡിക്കേറ്റിന്റെ 28.9.2019 ലെ അജണ്ട ഐറ്റം നം 668.41 തീരുമാനപ്രകാരം ഡോ.ജയലക്ഷ്മി.എസ്, പ്രൊഫസർ പോസ്റ്റ് ഡോക്ടറൽ റിസർച്ചിന് (University of East Anglia, Norwich) 5.6.2002 മുതൽ 2.6.2003 വരെ എടുത്ത LWA യും ഡോ.പ്രതാപൻ.എസ്,

പ്രൊഫസർ 27.7.2000 മുതൽ 31.8.2001 വരെ പോസ്റ്റ് ഡോക്ടറൽ റിസർച്ചിനായി (Department of Chemistry North Carolina State University, Releigh, USA) എടുത്ത LWA യും ഇൻക്രിമെന്റിനും സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കാൻ തീരുമാനിച്ചു (UO No.CUSAT/Ad(D).D2/212/2020 തീ.18.11.2019). സിൻഡിക്കേറ്റ് തീരുമാനം, ഉത്തരവ് എന്നിവ പരിശോധിച്ചതിൽ ഇരുവരും എടുത്തിട്ടുള്ള LWA, 1991 ലെ യൂണിവേഴ്സിറ്റി 1st Statute 16(5) പ്രകാരം വാർഷിക ഇൻക്രിമെന്റിനും, സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കാവുന്നതല്ല. ടീച്ചിംഗ് ഉൾപ്പെട്ടിട്ടുള്ള റിസർച്ച് വർക്കിന് മാത്രമേ ഇൻക്രിമെന്റിനും സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് ഇത്. ഡോ.എസ്.ജയലക്ഷ്മി, ഡോ.പ്രതാപൻ.എസ് എന്നിവരുടെ മേൽ സൂചിപ്പിച്ച പോസ്റ്റ് ഡോക്ടറൽ റിസർച്ച് കാലയളവിൽ ടീച്ചിംഗ് ഉൾപ്പെട്ടിരുന്നു എന്നത് തെളിയിക്കാൻ സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ സിൻഡിക്കേറ്റിന്റെ 28.9.2019 ലെ തീരുമാനത്തേയും CUSAT/AD(D).D2/212/2020 തീ.18.11.2019 ഉത്തരവിനേയും അംഗീകരിക്കാൻ കഴിയില്ല. ഇതിൻമേലുള്ള തുടർ നടപടികൾ നിർത്തിവയ്ക്കേണ്ടതും സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായ സിൻഡിക്കേറ്റ് തീരുമാനം റദ്ദ് ചെയ്യേണ്ടതുമാണെന്ന് അറിയിച്ചുകൊണ്ട് നം. കെ.എസ്.എ. എസ്.റ്റിയു എ-4- 82/2020 തീയതി. 18.6.2020 ആയി രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്.

## 3-9 ശമ്പള നിർണ്ണയ അംഗീകാരത്തിനു ശേഷം പ്രീ റിവൈസ്ഡ് സ്കെയിലിലും റിവൈസ്ഡ് പേബാന്റിലും ശമ്പള പുനർ നിർണ്ണയം നൽകിക്കൊണ്ടുള്ള ഉത്തരവ് അംഗീകരിക്കുന്നില്ല.

ഷിപ്പ് ടെക്നോളജി വകുപ്പിൽ നിന്നും വിരമിച്ച ഡോ.കെ.റോബി, അസോസിയേറ്റ് പ്രൊഫസറുടെ ശമ്പളനിർണ്ണയങ്ങൾ ഈ കാര്യാലയത്തിന്റെ 15/5/18 തീയതിയിലെ കെ.എസ്.എ (എസ്.റ്റി.യു) എ 4-94/18 നം.കത്ത് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. ഇതിന് ശേഷം ഫിനാൻസ് ജോയിന്റ് രജിസ്ട്രാറുടെ 16/7/18 ലെ Fin.V/F/UGC-AICTE/Ship Tech/2015 നം. ഉത്തരവ് പ്രകാരം AICTE ശമ്പള പരിഷ്കരണ ഉത്തരവ് 1996, clause 3.3 ന്റെ (G.O(P)നം.68/2000/H.Edn തീയതി.18/5/2000) ആനുകൂല്യം നൽകി ഇദ്ദേഹത്തിന്റെ ശമ്പളം 15/1/98 ൽ 12000-420-18300 സ്കെയിലിൽ 14940 രൂപ ആയി പുനർനിർണ്ണയിക്കുകയും തുടർന്ന് 9/10/98 ലേയും 1/1/2006 ലേയും ശമ്പളങ്ങൾ പുനർനിർണ്ണയിച്ച് നൽകുകയും ചെയ്തു. വിശദവിവരങ്ങൾ താഴെ നല്കുന്നു.

| ഇനം. | പ്രാബല്യ തീയതി. | പുനർ നിർണ്ണയിച്ച അടിസ്ഥാന ശമ്പളം | ഈ കാര്യാലയം അംഗീകരിച്ച ശമ്പളം. | പുനർനിർണ്ണയിച്ചതു മൂലം അധികം നൽകിയ തുക |
|---|---|---|---|---|
| AICTE ശമ്പള പരിഷ്കരണ ഉത്തരവ് 1996)clause 3.3 ന്റെ ആനുകൂല്യം | 15.01.1998 | 14940 (12000-420-18300) | 12420 (12000-420-18300) clause 3.3 ന്റെ ആനുകൂല്യത്തിന് | 2520 |

| | | | | |
|---|---|---|---|---|
| | | | അർഹതയില്ല | |
| പി.എച്ച്.ഡി. നേടിയതിന് 2 അഡ്വാൻസ് ഇൻക്രിമെന്റുകൾ | 9.10.1998 | 15780 (12000-420-18300) | 13260 (12000-420-18300) | 2520 |
| 2006 ശമ്പള പരിഷ്കരണം | 1.01.2006 | 44970 (37400-67000+9000 AGP) | 40890 (37400-67000+9000 AGP) | 4080 |

G.O(P)നം.68/2000/H.Edn തീയതി.18/5/2000(AICTE ശമ്പള പരിഷ്കരണ ഉത്തരവ് 1996)clause 3.3 താഴെ പറയും പ്രകാരമാണ്.

" The fixation of pay of Lecturers (Selection Grade)/ Assistant Professors in the pre-revised scale of Rs. 3700-5700 who were selected strictly in accordance with the stipulation with the instructions contained in the Ministry of Human Resources Development letter No. 6-1/88-T5 dated 28.02.1989 and who were in position as Lecturers (Selection Grade)/ Assistant Professor as on 1.1.1996 will be made in a manner that they get their pay fixed at the minimum of Rs.14940/- in the revised scale of Rs. 12000-420-18300 as and when they complete 5 years service in the grade."

ഇത് പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് ഡോ .റോബി.കെയ്ക്ക് അർഹതയില്ല. clause 3.3 പ്രകാരം 'CAS'പ്രകാരം സെലക്ഷൻ ഗ്രേഡ് ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ ആയവർക്കാണ് മേൽ ആനുകൂല്യത്തിന് അർഹത. ഇവർ പ്രീ റിവൈസ്ഡ് സ്കെയിലിൽ 3700-5700 **'ഫുൾ സ്കെയ്ലിൽ'** ആയിരിക്കുകയും വേണം.

ഡോ.റോബി.കെ. റീഡർ ആയത് 'നോംസ് പ്രമോഷൻ' വഴി ആണ്. CAS പ്രകാരമല്ല. മാത്രവുമല്ല 15.1.93 ൽ നോംസ് പ്രമോഷൻ ഇദ്ദേഹത്തിന് അനുവദിച്ചിട്ടുള്ളത് 3000-5000 Truncated scale ൽ ആണ്. 'ഫുൾ സ്കെയിൽ' അല്ല. ടിയാന് ഫുൾ സ്കെയിൽ അനുവദിച്ചത് കോടതി ഉത്തരവ് പ്രകാരം 13.12.96 മുതൽ മാത്രമാണ്. ആയതിനാൽ 1996 AICTE ശമ്പള പരിഷ്കരണ ഉത്തരവിന്റെ Clause 3.3 പ്രകാരം ശമ്പള നിർണ്ണയത്തിന് അനുവാദം നൽകിയ ഉത്തരവ് ക്രമപ്രകാരമുള്ളതല്ല എന്നും ആയത് റദ്ദ് ചെയ്യേണ്ടതാണ് എന്നും ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.എ.(എസ്.റ്റി.യു) എ 4-719/18 തീയതി. 11.10.2018 ആയി ഫിനാൻസ് ഓഫീസർക്ക് കത്ത് നൽകി.

ഡോ.റോബി.കെ യ്ക്ക് 15.1.98 മുതൽ 14940/-രൂപ ശമ്പളം അനുവദിച്ച് ശമ്പള പുനർ നിർണ്ണയം നടത്തിയതിന് ഈ കാര്യാലയം ഉന്നയിച്ച തടസ്സം ഒഴിവാക്കുന്നതിന് ആവശ്യമായ വിശദീകരണം/ തെളിവുകൾ ഹാജരാക്കുന്നതിന് സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ശമ്പള പുന:നിർണ്ണയത്തിന് ആധാരമായി ഹാജരാക്കിയ മറുപടിയുടേയും രേഖകളുടേയും പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) G.O(P)68/2000/H.Edn dtd: 18.5.2000 ഉത്തരവിന്റെ clause 3.3 യു.ജി.സി 'CAS' ൽ ഉള്ള അദ്ധ്യാപകർക്കാണ് ബാധകം. ഇത് 'നോംസ്'ൽ ഉള്ള ഡോ.റോബി.കെ യ്ക്ക് ബാധകമാക്കാവുന്നതല്ല.

2) No.F1-56/98- U1 ആയുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ 18.10.2002 ലെ യു.ജി.സി സെക്രട്ടറിക്കുള്ള കത്തിൽ ഏതൊക്കെ സാഹചര്യത്തിൽ MPS അദ്ധ്യാപകർക്കുകൂടി 1.1.96 മുതൽക്ക് 'ഫുൾ സ്കെയ്ലും', 12000-18300 ശമ്പള സ്കെയിലിൽ 5 വർഷം പൂർത്തിയാക്കുന്നവർക്ക് 14940 ശമ്പള സ്കെയിലും അനുവദിക്കാം എന്നാണ് പറയുന്നത്. മൂന്ന് ഖണ്ഡികകളിലായി വിവരങ്ങൾ നൽകിയിരിക്കുന്നു. ആയതിന്റെ ഖണ്ഡിക (i) പ്രകാരം 1.1.96 മുതൽക്ക് റീഡർ/ലക്ചറർ (സെലക്ഷൻ ഗ്രേഡ്) ന് ഫുൾ സ്കെയിൽ ലഭിക്കുന്നതിന് ഇവർക്ക് 27.7.98 ലെ സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരമുള്ള CAS യോഗ്യതകൾ ഉണ്ടായിരിക്കണം. ഡോ.റോബി റീഡർ തസ്തികയിൽ ആണ് ഉള്ളത്. ടി നോട്ടിഫിക്കേഷൻ പ്രകാരം റീഡർ തസ്തികയ്ക്ക് Ph.D യും മറ്റ് അനുബന്ധ യോഗ്യതകളും ആവശ്യമാണ്. ഡോ.റോബി Ph.D നേടുന്നത് 30.9.97 ൽ മാത്രമാണ്. ഇദ്ദേഹത്തിന് 13.12.96 മുതൽ ഫുൾ സ്കെയിൽ അനുവദിച്ചത് കോടതി ഉത്തരവിലൂടെയാണ്.

ഖണ്ഡിക (ii) ൽ പറയുന്നത് Ph.D ഇല്ലാത്ത 'റീഡർ'മാർക്ക് (നിലവിൽ MPS ൽ ഉള്ളവർക്ക്) ടി തസ്തിക ഉപേക്ഷിച്ച് ലക്ചറർ (സെലക്ഷൻ ഗ്രേഡ് ) തസ്തിക സ്വീകരിച്ചുകൊണ്ട് ഫുൾ സ്കെയിലിലേക്ക് വരാം എന്നാണ്. ഡോ.റോബി റീഡർ ആയി തുടരുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഖണ്ഡിക(ii) ലെ ആനുകൂല്യത്തിന് അർഹതയില്ല.

ഖണ്ഡിക (iii)ൽ പറയുന്നത് MPS ൽ ഉള്ള അദ്ധ്യാപകർ , അവർ യു .ജി.സി റഗുലേഷൻ പ്രകാരമാണ് സെലക്റ്റ് ചെയ്യപ്പെട്ടിട്ടുള്ളതെങ്കിൽ 12000-18300 സ്കെയിലിൽ 5 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് 14940 രൂപ ശമ്പളം നിശ്ചയിക്കാം എന്നാണ്. ഡോ.റോബി ഫുൾ സ്കെയ്ൽ ആയ 12000-18300 ലേക്ക് വരുന്നത് 13.12.1996 മുതൽക്കാണ്. ഇദ്ദേഹം ടി സ്കെയിലിൽ 5 വർഷം പൂർത്തിയാക്കുന്നത് 12.12.2001 ൽ ആണ്. ഇദ്ദേഹത്തിന് 1.12.2001 മുതൽക്ക് തന്നെ 14940 രൂപ ശമ്പളം അനുവദിക്കുകയും ഖണ്ഡിക (iii) ന്റെ ആനുകൂല്യം നൽകാതെതന്നെ ഈ കാര്യാലയം ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജി.ഒ(പി)നം.68/2000/H.Edn dtd:18.5.2000 ഉത്തരവിന്റെ Clause 3.3 ആണ് ശമ്പള പുന:നിർണ്ണയ ഉത്തരവിൽ 15.1.1998 മുതൽ 14940 രൂപ ശമ്പളം അനുവദിക്കുന്നതിന് അടിസ്ഥാനമായി യൂണിവേഴ്സിറ്റി എടുത്തിട്ടുള്ളത്. പിന്നീട് ഹാജരാക്കിയ മറുപടിയിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ യു.ജി.സി സെക്രട്ടറിക്കുള്ള കത്തും മേൽ ശമ്പള പുന :നിർണ്ണയത്തിന് ആധാരമായി ഹാജരാക്കി. ഈ വിവരങ്ങൾ നം .കെ.എസ്.എ.എസ്.റ്റിയു എ -4- 719/2018 തി.11.10.2018, 22.08.2019, 12.11.2019, 7.03.2020 എന്നീ കത്തുകളിലൂടെ സർവ്വകലാശാലയെ അറിയിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങൾ നിലനിൽക്കുന്നതിനാലും ഈ കാര്യാലയം ഇതിനുമുൻപ് നടത്തിയ കത്തിടപാടുകളിൽ ഉന്നയിച്ചിട്ടുള്ള മറ്റ് സാങ്കേതിക കാരണങ്ങളാലും ഡോ .റോബിക്ക് 15.1.98 പ്രാബല്യത്തിൽ 14940 രൂപ ശമ്പളം അനുവദിച്ച് ശമ്പള പുന:നിർണ്ണയം നടത്തിയ ഫിനാൻസ്

ജോയിന്റ് രജിസ്ട്രാറുടെ 16/7/18 ലെ Fin.V/F/UGC-AICTE/Ship Tech/2015 നം. ഉത്തരവ് അംഗീകരിക്കുന്നില്ല. മേൽ ഉത്തരവിന്റെ സാമ്പത്തികാനുകൂല്യം ഡോ.റോബി.കെ ക്ക് നൽകിയിട്ടില്ല എന്ന് Fin v/F/KSAD/Audit objections/2019 Dt.1.07.2020 കത്തിലൂടെ ഫിനാൻസ് ഓഫീസർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഫിനാൻസ് ജോയിന്റ് രജിസ്ട്രാറുടെ 16/7/18 ലെ Fin.V/F/UGC-AICTE/Ship Tech/2015 നം. ഉത്തരവ് റദ്ദാക്കി വിവരം ഓഡിറ്റിനെ അറിയിക്കാനും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുകകൾ വിതരണം ചെയ്യാൻ ഇടയായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും എന്നും നം.കെ.എസ്.എ.എസ്.റ്റിയു എ-4- 719/2018 തി.13.07.2020 കത്തിലൂടെ ഫിനാൻസ് ഓഫീസറെ അറിയിച്ചിരുന്നു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 സെക്യൂരിറ്റി ഗാർഡ്(ഹ.ഗ്രേ) തസ്തികയിലുള്ളവർക്ക് അർഹതയില്ലാത്ത ശമ്പളസ്കെയിൽ അനുവദിച്ചു

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയേറ്റിലെ ഹെഡ് ഗാർഡ്മാരുടെ ശമ്പള സ്കെയിൽ 17.5.2017 ലെ ജി.ഒ(എം.എസ്) 264/2017(56)/ഫിൻ ഉത്തരവ് പ്രകാരം 22200-48000 ൽ നിന്നും 25200-54000 ആയി ഉയർത്തി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെ ആധാരമാക്കി സർവ്വകലാശാല 14.6.2019 ലെ കുസാറ്റ് ഫിൻ എ 2-120/2016 നമ്പർ ഉത്തരവ് പ്രകാരം സെക്യൂരിറ്റി ഗാർഡ് (ഹ.ഗ്രേ) തസ്തികയിലുള്ള ജീവനക്കാരുടെ ശമ്പള സ്കെയിൽ 22200-48000 ൽ നിന്നും 25200-54000 എന്നതിലേക്ക് ഉയർത്തി നൽകിയിരിക്കുന്നു. സെക്രട്ടേറിയേറ്റിൽ സെക്യൂരിറ്റി വിഭാഗത്തിൽ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II, സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് I, ഹെഡ് ഗാർഡ്, സർജന്റ്, സെക്യൂരിറ്റി ഓഫീസർ എന്നീ തസ്തികകൾ നിലവിലുണ്ട്. സർവ്വകലാശാലയിൽ സെക്യൂരിറ്റി ഗാർഡ് , സർജന്റ്, സെക്യൂരിറ്റി ഓഫീസർ തസ്തികകളുമാണ് നിലവിലുള്ളത്. യൂണിവേഴ്സിറ്റികൾക്കായുള്ള 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലും 10-ാം ശമ്പള പരിഷ്കരണ ഉത്തരവിലും സെക്യൂരിറ്റി ഗാർഡുമാരിൽ നിന്നും 5:1 എന്ന റേഷ്യോയിൽ സെക്യൂരിറ്റി ഗാർഡ്(ഹ.ഗ്രേ) അഥവാ ഹെഡ് സെക്യൂരിറ്റി ഗാർഡായി റേഷ്യോ പ്രമോഷൻ നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. യൂണിവേഴ്സിറ്റി ശമ്പള പരിഷ്കരണ ഉത്തരവിലും ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്രട്ടേറിയേറ്റിൽ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II തസ്തികയിൽ നിന്നും സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ശമ്പള സ്കെയിൽ 19000-43600 ൽ നിന്നും 22200-48000 എന്ന ശമ്പള സ്കെയിലായി ഉയരുന്നു. എന്നാൽ 10-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ (20.1.2016 ലെ ജി.ഒ(പി)7/2016/ഫിൻ ഉത്തരവ്) ഹെഡ് ഗാർഡുകാർക്ക് സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് I തസ്തികയുടെ ശമ്പള സ്കെയിലാണ് നൽകിക്കൊണ്ടിരുന്നതെന്നും പ്രസ്തുത അപാകത പരിഹരിക്കുന്നതിനായി ഹെഡ് ഗാർഡുമാരുടെ ശമ്പള സ്കെയിൽ ഉയർത്തിക്കൊണ്ടുള്ള ഉത്തരവിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് I ന്റെ ശമ്പള സ്കെയിൽ ഉയർത്തി നൽകിയിട്ടില്ല. യൂണിവേഴ്സിറ്റിയിൽ നിലവിൽ സെക്യൂരിറ്റി ഗാർഡുമാർക്ക് നൽകാവുന്ന ആദ്യത്തെ സ്ഥാനക്കയറ്റം (സെക്യൂരിറ്റി ഗാർഡ്(ഹ.ഗ്രേ) അഥവാ ഹെഡ് സെക്യൂരിറ്റി ഗാർഡ് ആണ്. ആയത് റേഷ്യോ പ്രമോഷൻ തസ്തിക ആണെന്നും 9-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ശമ്പള സ്കെയിൽ പ്രസ്തുത ഉത്തരവുകളിൽ നൽകിയിട്ടില്ല .

നിലവിൽ സമയബന്ധിത ഹയർ ഗ്രേഡും/റേഷ്യോ പ്രമോഷനും സെക്യൂരിറ്റി ഗാർഡുമാർക്ക് നൽകി വരുന്നുണ്ട്. ആയതിന്റെ ശമ്പള സ്കെയിൽ 22200-48000 ആണ്. യൂണിവേഴ്സിറ്റിയിൽ ഹെഡ് ഗാർഡ് തസ്തിക ഇല്ലാതിരിക്കെ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ച ജീവനക്കാർക്ക് ഹെഡ് ഗാർഡുമാരുടെ ശമ്പള സ്കെയിലാണ് (25200-54000) അനുവദിച്ചിരിക്കുന്നത്. സർവ്വകലാശാലയിൽ സെക്യൂരിറ്റി ഗാർഡുമാരുടെ ശമ്പള സ്കെയിൽ 19000-43600 ആയിരിക്കെ, ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ച ജീവനക്കാർക്ക് അർഹമായ ശമ്പള സ്കെയിൽ 22200-48000 മാത്രമാണ്. കൂടാതെ ഇപ്രകാരം ശമ്പള സ്കെയിൽ ഉയർത്തി നൽകിയത് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങാതെയാണ്.

ഈ അപാകതകൾ 18.3.2020-ലെ കെ .എസ്.എ(എസ്.റ്റി.യു)എ 2-399/19 പ്രകാരം സർവ്വകലാശാലയെ അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല . പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അനന്തര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-11 ജീവനക്കാർക്ക് ചട്ടവിരുദ്ധമായി ശമ്പളം നിർണ്ണയിച്ചു നൽകുന്നു

ജീവനക്കാരന്റെ ശമ്പള നിർണ്ണയം പരിശോധനാവേളയിൽ ശ്രദ്ധയിൽപെട്ട അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

**1 ശ്രീ.കെ.ബാലകൃഷ്ണൻ, ലാബ് അസിസ്റ്റന്റ്**

1)ജീവനക്കാരന് 31.1.2007 ൽ സ്വീപ്പർ കം ക്ലീനർ തസ്തികയിൽ നിന്നും പ്യൂൺ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ രണ്ടു തസ്തികകളുടേയും ശമ്പള സ്കെയിൽ സമാനമായതിനാൽ (4510-6230) ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ച് ശമ്പളം നിർണ്ണയിച്ചു. സ്വീപ്പർ-കം-ക്ലീനർ തസ്തിക എന്നത് പ്യൂൺ തസ്തികയുടെ ഫീഡർ കാറ്റഗറി അല്ലാത്തതിനാൽ അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് ക്രമവിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത തീയതി മുതൽ ജീവനക്കാരന് അധിക ശമ്പളം നൽകുവാനിടയുണ്ട്.

2)ജീവനക്കാരന്റെ 1.11.2007 ലെ ശമ്പളം 4870 എന്ന് നിർണ്ണയിച്ചിട്ടുണ്ട്. ജൂനിയർ-സീനിയർ അനോമലി പരിഹരിക്കുന്നതിനാണ് ഇപ്രകാരം ശമ്പള നിർണ്ണയം നടത്തിയിരിക്കുന്നത് എന്ന് സേവനപുസ്തകത്തിൽ ചേർത്തിരിക്കുന്നു . റൂൾ 28 എ പ്രകാരമുള്ള ഫിക്സേഷൻ മൂലം ജൂനിയറായ ജീവനക്കാരന് സീനിയറായ ജീവനക്കാരേക്കാൾ അധിക ശമ്പളം വരുമ്പോൾ മാത്രമാണ് പ്രസ്തുത രീതിയിൽ ജൂനിയർ സീനിയർ അനോമലി പരിഹരിക്കുന്നതിനായി ജൂനിയർ അധിക ശമ്പളം വാങ്ങുന്ന തീയതിയിലേക്ക് സീനിയറിന്റെ ശമ്പളം ക്രമീകരിക്കുന്നത്. ആയതിനാൽ പ്രസ്തുത ശമ്പള നിർണ്ണയവും അംഗീകരിക്കുന്നില്ല. 1.12.2007 ൽ മാത്രമാണ് 4870/-രൂപ അനുവദിക്കുവാൻ പാടുള്ളൂ.

3)31.3.2018 ൽ ലാബ് അസിസ്റ്റന്റായി നിയമനം ലഭിച്ച ജീവനക്കാന് 18000-41500 എന്ന ശമ്പള സ്കെയിലിലാണ് ശമ്പള നിർണ്ണയം നടത്തിയിരിക്കുന്നത്. എന്നാൽ മറ്റു ചില ലാബ് അസിസ്റ്റന്റുമാർക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ (ഉദാഹരണം ശ്രീകുമാർ.കെ.വി) ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരമുള്ള 19000-43600 എന്ന ശമ്പള സ്കെയിലാണ് നൽകിയിരിക്കുന്നത് .

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് അധികമായി നൽകിയ ശമ്പളം തിരികെ ഈടാക്കി ശമ്പള നിർണ്ണയങ്ങൾ ക്രമീകരിക്കണമെന്ന് 1.7.2020 ലെ കെ .എസ്.എ(എസ്.റ്റി.യു)എ 2-7/2020 കത്ത് പ്രകാരം യൂണിവേഴ്സിറ്റിയെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ശമ്പളം പുന :നിർണ്ണയിച്ച് അധികം നൽകിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കിയിട്ടില്ല.

**2) <u>ശ്രീ. ശങ്കരൻ, ലാബ് അറ്റൻഡന്റ്</u>**

ജീവനക്കാരന് 7.11.2009 ൽ 7480-11910 എന്ന സ്കെയിലിൽ 7 വർഷ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. ജീവനക്കാരന് 8 വർഷ സമയബന്ധിത ഹയർ ഗ്രേഡ് 7.11.2010 ൽ 6680-10790 എന്ന ശമ്പള സ്കെയിലിൽ മാത്രമാണ് നൽകാവുന്നത്. സർക്കാർ അംഗീകാരമില്ലാത്ത ഗ്രേഡ് ശമ്പള നിർണ്ണയം തെറ്റായ ശമ്പള സ്കെയിലിൽ നടത്തിയതുമൂലം ജീവനക്കാരന് 7.11.2009 മുതൽ വാങ്ങിയ അധിക ശമ്പളവും അലവൻസുകളും തിരികെ ഈടാക്കേണ്ടതാണെന്ന് 3.6.2020 ലെ കെ.എസ്.എ(എസ്.റ്റി.യു) എ 2-11/2020 കത്ത് പ്രകാരം അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ അധികമായി നൽകിയ ശമ്പളം പുന:നിർണ്ണയിച്ച് അധികം നൽകിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കിയിട്ടില്ല.

**3) <u>ശ്രീ.ഹമീദ്.വി.കെ</u>**

29.7.1987 ൽ ലൈൻ ഹെൽപ്പറായി സേവനം ആരംഭിച്ച ജീവനക്കാരന് 20.7.1995 ൽ ഇലക്ട്രീഷ്യൻ ഗ്രേഡ് II ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. സർവ്വകലാശാല ജീവനക്കാരുടെ പ്രമോഷൻ, യോഗ്യത എന്നിവ സംബന്ധിച്ച ഓർഡിനൻസ് ഇല്ലാത്തതിനാൽ ഇലക്ട്രീഷ്യൻ ആയി സ്ഥാനക്കയറ്റത്തിന് അടിസ്ഥാനമാക്കിയ മാനദണ്ഡം എന്താണെന്ന് വ്യക്തമാകുന്നില്ല.

സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ സ്ഥാനക്കയറ്റം സംബന്ധിച്ച ഉത്തരവ് പ്രകാരം ലൈൻ ഹെൽപ്പറായി 5 വർഷം സേവനം ചെയ്തവർക്കോ ഐ.ടി.ഐ യോഗ്യതയുള്ളവർക്കോ ഇലക്ട്രീഷ്യൻ ഗ്രേഡ് II തസ്തികയിൽ സ്ഥാനക്കയറ്റം നൽകാമെന്നും, ഏറ്റവും സീനിയറായ ഇലക്ട്രീഷ്യൻ ഗ്രേഡ് II നെ ഓവർസീയർ ഗ്രേഡ് I (ഇലക്ട്രിക്കൽ) ആയി സ്ഥാനക്കയറ്റം നൽകാമെന്നുമാണ് ഉത്തരവ് (നം.Ad.A2/5558/ 78/ AE(Ele.) dated 19.7.95) കുസാറ്റിന്റെ 20.7.2006 ലെ എഞ്ചിനീയറിംഗ് സ്ട്രീംലൈനിംഗ് ഉത്തരവു പ്രകാരം ഓവർസീയർ തസ്തികയിലേക്കുള്ള യോഗ്യത എന്നത് എസ്.എസ്.എൽ.സിയും ബന്ധപ്പെട്ട ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുമാണ് . യൂണിവേഴ്സിറ്റി ജീവനക്കാരുടെ ഓരോ തസ്തികയിലേക്കും നിയമിക്കപ്പെടുന്നതിനുള്ള അടിസ്ഥാന യോഗ്യത, പ്രമോഷന് ബാധകമായ യോഗ്യത മാനദണ്ഡങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ ഓർഡിനൻസ് നിലവിലില്ലാത്തതിനാൽ കേരള യൂണിവേഴ്സിറ്റിയുടെ ഓർഡിനൻസാണ് കുസാറ്റ് ആധാരമാക്കിയിട്ടുള്ളത്. കേരള യൂണിവേഴ്സിറ്റിയുടെ 1978 ലെ ഫസ്റ്റ് ഓർഡിനൻസിൽ ലൈൻ ഹെൽപ്പറുടെ യോഗ്യതയായി ചേർത്തിരിക്കുന്നത് മലയാളത്തിലുള്ള സാക്ഷരതയും വയർമാൻ ലൈസൻസുമാണ്. ഇലക്ട്രീഷ്യൻ ഗ്രേഡ് II ന്റെ യോഗ്യതയായി 6-ാം ക്ലാസ്സും വയർമാൻ ലൈസൻസുമാണ് ചേർത്തിരിക്കുന്നത്.

ഇലക്ട്രീഷ്യൻ ഗ്രേഡ് II തസ്തികയിലേക്ക് 20.7.1995 ൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരന് ഓവർ

സീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനാവശ്യമായ പ്രസ്തുത യോഗ്യത ഇല്ലാത്തതിനാൽ സമയബന്ധിത ഹയർ ഗ്രേഡുകളാണ് തുടർന്ന് അനുവദിച്ചിട്ടുള്ളത്. ലൈൻ ഹെൽപ്പർ ആയി ജോലിയിൽ പ്രവേശിച്ച ജീവനക്കാരന് ഇലക്ട്രീഷ്യൻ പ്രമോഷന് ശേഷം രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് 20.7.2003 ന് അനുവദിച്ചപ്പോൾ 4500-7000 സ്കെയിൽ നൽകി. ഓരോ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചപ്പോഴും അതാത് സമയത്തെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല . ഒരു തസ്തികയുടെ ലൈൻ ഓഫ് പ്രൊമോഷനിൽ വരുന്ന തസ്തികയിലേക്ക് യോഗ്യത ഇല്ലാതിരിക്കെ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുമ്പോൾ ജീവനക്കാരൻ വാങ്ങിക്കൊണ്ടിരുന്ന ശമ്പളസ്കെയിലിന്റെ തൊട്ടടുത്ത ശമ്പളസ്കെയിൽ അനുവദിക്കാമെന്ന് ശമ്പളപരിഷ്കരണ ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി 1.7.11 ൽ 3-ാം സമയബന്ധിത ഹയർ ഗ്രേഡ് നൽകിയപ്പോൾ 14620-25280 ശമ്പള സ്കെയിലിൽ ശമ്പളം നിർണ്ണയിച്ചു നൽകി. കൂടാതെ 2014 ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം ശമ്പളം നിർണ്ണയിച്ചപ്പോൾ 1.7.2014 ൽ 19000-43600 എന്ന ശമ്പള സ്കെയിലിൽ ആണ് ശമ്പളം നിർണ്ണയം നടത്തിയത്. 1.7.2014 ൽ അനുവദിച്ച 19000-43600 എന്നത് ലൈൻ ഹെൽപ്പർ തസ്തികയുടെ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് സ്കെയിലാണ് . ലൈൻ ഹെൽപ്പർ തസ്തിക അടിസ്ഥാനമാക്കിയുള്ള ഗ്രേഡുകളാണ് അനുവദിക്കുന്നതെങ്കിൽ 2014 ന് മുൻപ് അനുവദിച്ചിട്ടുള്ള സമയബന്ധിത ഹയർ ഗ്രേഡ് ശമ്പള സ്കെയിലുകൾ പുന :പരിശോധിക്കേണ്ടതായി വരുമെന്നും സമയബന്ധിത ഹയർ ഗ്രേഡുകളുടെ ശമ്പള സ്കെയിലുകൾ അനുവദിച്ചപ്പോൾ അനുവർത്തിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കണമെന്നും 14.5.2020 ലെ കെ.എസ്.എ(എസ്.റ്റി.യു) എ 2-12/2020 കത്തു പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയതിന് ലഭിച്ച മറുപടിയിൽ ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുകയോ ശമ്പള പുനർനിർണണ്ണയം നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഇക്കാര്യങ്ങൾ മുഴുവൻ സമഗ്രമായി പരിശോധിച്ച് നിയമാനുസൃതമായ മാറ്റങ്ങൾ വരുത്തി സേവന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) **ശ്രീമതി.ജിജിമോൾ.പി.എൻ, ഓഫീസ് അറ്റൻഡന്റ്**

1) 1.4.2011 ൽ ജീവനക്കാരിയ്ക്ക് പ്യൂൺ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. സ്വീപ്പർ-കം-ക്ലീനർ തസ്തിക എന്നത് പ്യൂൺ തസ്തികയുടെ ഫീഡർ കാറ്റഗറി അല്ലാത്തതിനാൽ ഒരേ ശമ്പള സ്കെയിലിലെ നിയമനമാണെങ്കിൽപോലും അഡ്വാൻസ് ഇൻക്രിമെന്റ് അനുവദനീയമല്ല. മാത്രവുമല്ല ഈ സർവ്വീസ് കൂടി പരിഗണിച്ചാണ് 1.4.2015 ൽ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളത്. പ്യൂൺ തസ്തികയിലുള്ള സ്ഥാനക്കയറ്റത്തിൽ മുൻകൂർ ഇൻക്രിമെന്റ് മാത്രം അനുവദിച്ചതിനാൽ ഇൻക്രിമെന്റ് തീയതി മാറുകയില്ല. 2/15 മുതൽ ഗ്രേഡിന് അർഹതയുണ്ട്.

2) 1.7.2014 ലെ ശമ്പളം 16500-35700 എന്ന ശമ്പള സ്കെയിലിൽ 21100/- എന്ന് നിർണ്ണയിക്കുന്നതിനു പകരം 21650/- എന്നാണ് നിർണ്ണയിച്ചിരിക്കുന്നത്. ആയത് അനുവദനീയമല്ല.

3) ജീവനക്കാരിയ്ക്ക് 8 വർഷ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കേണ്ടത് 8 വർഷ സേവനം തികയുന്ന തീയതിയായ 1.2.2015 ലാണ്. എന്നാൽ 1.4.2015 ൽ ആണ് ജീവനക്കാരിക്ക് 8 വർഷ സമയബന്ധിത ഹയർ ഗ്രേഡ് നൽകിയിരിക്കുന്നത്. 1.2.2015 ലെ ശമ്പളം 17000-35700 എന്ന ശമ്പള

സ്കെയിലിൽ 22800/- എന്ന് നിർണ്ണയിക്കേണ്ടതിനു പകരം 1.4.2015 ൽ 23400/- എന്നാണ് നിർണ്ണയിച്ചിരിക്കുന്നത്. കെ.എസ്.എ(എസ്.റ്റി.യു) എ 2-3/2020 തീയതി.26.08.2020 കത്ത് പ്രകാരം അപാകതകൾ സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല .

### 5) ശ്രീ.കൃഷ്ണകുമാർ.ടി, ഡെപ്യൂട്ടി രജിസ്ട്രാർ

എം.ജി യൂണിവേഴ്സിറ്റിയിൽ സീനിയർ ഗ്രേഡ് അസിസ്റ്റന്റായിരിക്കെ ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് ഗ്രേഡ്II തസ്തികയിൽ 21.1.1995 ൽ കുസാറ്റിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരന് 28.8.95 ൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലും 10.6.1998 ൽ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലും റൂൾ 28 എ പ്രകാരമുള്ള ശമ്പള ഫിക്സേഷൻ നൽകിയിട്ടുണ്ട്. ആയത് 8.4.99 ലെ 33068/ബി2/98/H.Edn, 4.5.2006 ലെ 33861/ബി4/2005/ H.Edn എന്നീ കത്തുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. തന്നെയുമല്ല 28.8.1995 മുതൽ ജീവനക്കാരന് അധിക ശമ്പളം നൽകുവാനിടയായിട്ടുണ്ട്. ജീവനക്കാരന്റെ 1.3.97 ലെ ശമ്പളം 4600-7125 ശമ്പള സ്കെയിലിൽ 5500/- എന്ന് നിർണ്ണയിക്കേണ്ടതിനു പകരം 5625/- ഉം 1.7.2004 ലെ ശമ്പളം 9590-16650 എന്ന ശമ്പള സ്കെയിലിൽ 13270/- എന്ന് നിർണ്ണയിക്കേണ്ടതിനു പകരം 13990/- എന്ന് നിർണ്ണയിച്ചിരിക്കുന്നു. 1.7.2009 ലെ ശമ്പളം 29860/- എന്ന് 18740-33680 എന്ന ശമ്പള സ്കെയിലിൽ നിർണ്ണയിക്കേണ്ടതിനു പകരം 31360/- എന്നാണ് നിർണ്ണയിച്ചിരിക്കുന്നത്. 1.7.2014 ലെ ശമ്പളം 73800/- എന്ന് 40500-85000 എന്ന ശമ്പള സ്കെയിലിൽ നിർണ്ണയിക്കേണ്ടതിനു പകരം 77400/- എന്ന് നിർണ്ണയിച്ചിരിക്കുന്നു. ശമ്പള പരിഷ്കരണങ്ങൾക്ക് ശേഷമുള്ള പ്രമോഷനുകളിലും ഇത്തരത്തിൽ അധിക ശമ്പളം അനുവദിക്കുന്നതിനിടയായിട്ടുണ്ട്. ആയതിനാൽ ജീവനക്കാരന്റെ 28.8.1995 മുതലുള്ള ശമ്പളം ക്രമീകരിച്ച് അധികമായി നൽകിയ ശമ്പളം തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് എന്ന് 26.08.2020 ലെ കെ.എസ്.എ(എസ്.റ്റി.യു) എ 2-200/2020 പ്രകാരം യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല.

### 6) ശ്രീ.അനിൽ.കെ.ആർ, പൂൾ ഓഫീസർ

ജീവനക്കാരന് 1.4.2011 ൽ സെക്ഷൻ ഓഫീസർ (ടൈപ്പിസ്റ്റ്)(ഹ.ഗ്രേ) തസ്തികയിലേക്കും 1.6.2017 ൽ പൂൾ ഓഫീസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകി ശമ്പളം നിർണ്ണയിച്ചിട്ടുണ്ട് . ആയത് അനുവദനീയമല്ല. 2009 ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം ഓഫീസ് സൂപ്രണ്ട് തസ്തികയിൽ നിന്നും സെക്ഷൻ ഓഫീസർ (ടൈപ്പിസ്റ്റ്), സെക്ഷൻ ഓഫീസർ (ടൈപ്പിസ്റ്റ് )(ഹ.ഗ്രേ), പൂൾ ഓഫീസർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുവാൻ പാടില്ലായെന്നും നിലവിൽ പ്രസ്തുത 3 തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് മാത്രമേ ആയതിന്റെ റിവൈസ്ഡ് ശമ്പള സ്കെയിലുകൾക്ക് അർഹതയുള്ളുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് കേസ് നം.W.A.1958/2015-ൽ ജീവനക്കാരൻ കക്ഷിയല്ലാത്തതിനാൽ 8.12.2015 ലെ വിധിന്യായം ജീവനക്കാരന് ബാധകമല്ല. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ 13.2.2016 ലെ ഫിനാൻസ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 81902/PRC-D3/2012/ഫിൻ കത്തു പ്രകാരം 2009 ശമ്പള പരിഷ്കരണത്തിലെ ആനുകൂല്യങ്ങൾ നൽകുന്നതിനു മുമ്പ് സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തി സ്റ്റാഫ് പാറ്റേൺ റിസ്ട്രക്ചർ ചെയ്യണമെന്നാണ് . ആയതും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല . 23.9.2020-ലെ കെ.എസ്.എ(എസ്.റ്റി.യു)എ 2-252/2020 നമ്പർ കത്തു പ്രകാരം അപാകതകൾ സർ

വ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല.

## 7) ശ്രീ.ഹംസ.എം.കെ, പ്ലംബർ

2009 ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം പ്ലംബർ തസ്തികയ്ക്ക് അനുവദിച്ചിരിക്കുന്ന ശമ്പള സ്കെയിലും ആയതിന്റെ പ്രീ-റിവൈസ്ഡ് സ്കെയിലുകളും മാത്രമേ അംഗീകരിക്കുവാൻ സാധിക്കുയുള്ളൂ എന്ന് 27.3.2018 ലെ കെ .എസ്.എ(എസ്.റ്റി.യു)എ 2-151/18 നമ്പർ കത്ത് പ്രകാരം സർവ്വകലാശാലയെ അറിയിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം ജീവനക്കാരന്റെ തസ്തികയ്ക്ക് 9.10.2000 ൽ അനുവദിക്കാവുന്നത് 3350-5275 എന്ന ശമ്പള സ്കെയിലാണ് . എന്നാൽ ജീവനക്കാരന് അനുവദിച്ചിരിക്കുന്നത് 4000-6090 എന്ന ശമ്പള സ്കെയിലാണ്. ആയതിനാൽ 9.10.2000 ൽ 3350/- രൂപ അടിസ്ഥാന ശമ്പളത്തിന് പകരം അനുവദിച്ചത് 4000/-രൂപയാണ്.

സേവനകാലയളവിന്റെ ആരംഭം മുതൽ അനർഹമായ സ്കെയിൽ അനുവദിച്ചതിനാൽ തുടർന്നുള്ള ശമ്പള നിർണ്ണയങ്ങളിലും അപാകമുണ്ട്. 9.10.04 ൽ 5650-8790 എന്ന ശമ്പള സ്കെയിലിൽ 6380/- രൂപയ്ക്കു പകരം 6680-10790 എന്ന ശമ്പള സ്കെയിലിൽ 7650/- രൂപയാണ് ശമ്പളം അനുവദിച്ചിരിക്കുന്നത്. 9.10.2008 ലെ 8 വർഷ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചപ്പോഴും 6680-10790 എന്ന ശമ്പള സ്കെയിലിൽ 7320/- എന്ന് നിർണ്ണയിക്കേണ്ടതിനു പകരം 7480-11910 എന്ന ശമ്പള സ്കെയിലിൽ 8790/- എന്നാണ് ശമ്പളം നിർണ്ണയിച്ചിരിക്കുന്നത്. 2009 ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം 9940-16580 എന്ന ശമ്പള സ്കെയിലിൽ 13900/-രൂപ അനുവദിക്കേണ്ടതിനു പകരം 13210-22360 എന്ന ശമ്പള സ്കെയിലിൽ 16180/- എന്നാണ് ശമ്പളം നിർണ്ണയിച്ചിരിക്കുന്നത്. 1.7.2014 ലെ ശമ്പളം നിർണ്ണയിച്ചിരിക്കുന്നത് 19000-43600 എന്ന ശമ്പള സ്കെയിലിൽ 35700/- എന്നാണ്. യഥാർത്ഥത്തിൽ അർഹമായത് ഇതേ സ്കെയിലിൽ 30700/- രൂപയാണ്. 15 വർഷ സമയബന്ധിത ഹയർ ഗ്രേഡ് 22200-48000 എന്ന ശമ്പള സ്കെയിലിൽ 33900/- എന്ന് നിർണ്ണയിക്കേണ്ടതിനു പകരം 39500/- എന്നാണ് നിർണ്ണയിച്ചിരിക്കുന്നത്.

## 8) ശ്രീമതി.ഔഗ്ര.എ, ഓഫീസ് അറ്റൻഡന്റ്

സ്വീപ്പർ-കം-ക്ലീനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരിയെ പ്യൂൺ തസ്തികയിലേക്ക് നിയമിച്ചപ്പോൾ രണ്ട് തസ്തികകളുടേയും ശമ്പള സ്കെയിൽ ഒന്നായതിനാൽ ജീവനക്കാരിയ്ക്ക് അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയിരിക്കുന്നു. പ്യൂൺ തസ്തികയുടെ ഫീഡർ കാറ്റഗറിയിലുള്ള തസ്തികയല്ല സ്വീപ്പർ -കം-ക്ലീനർ തസ്തിക എന്നതിനാൽ തന്നെ ഇത്തരം നിയമനങ്ങൾക്ക് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദനീയമല്ല. 15.1.09 ൽ പ്യൂൺ തസ്തികയിലേക്ക് നിയമനം നൽകുമ്പോൾ ശമ്പള സ്കെയിലിലോ ശമ്പളത്തിനോ മാറ്റം വരുന്നില്ല. ആയതിനാൽ അനർഹമായി 4990/-രൂപ 15.1.09 ലെ അടിസ്ഥാന ശമ്പളമായി നിർണ്ണയിച്ചത് അംഗീകരിക്കുന്നില്ല . ജീവനക്കാരിയുടെ 1.1.2010 ലെ ശമ്പളം 8500-13210 എന്ന ശമ്പള സ്കെയിലിൽ 9440/- എന്ന നിർണ്ണയിക്കേണ്ടതിനു പകരം 9690/- എന്ന് നിർണ്ണയിച്ചിരിക്കുന്നു. 1.1.2014 ൽ 8 വർഷ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചപ്പോൾ 8730-13540 എന്ന ശമ്പള സ്കെയിലിൽ 11020/- എന്ന് നിർണ്ണയിക്കേണ്ടതിനു പകരം ഇതേ സ്കെയിലിൽ 11320/- എന്ന് നിർണ്ണയിച്ചിരിക്കുന്നു. 1.7.2014 ലെ ശമ്പളം 17000-37500 എന്ന ശമ്പള സ്കെയിലിൽ 22800/- എന്ന് നിർണ്ണയിക്കേണ്ടതിനു പകരം 23400/- എന്ന് നിർണ്ണയിച്ചിരിക്കുന്നു.

15.1.2009 മുതൽ നാളിതുവരെ വാങ്ങിയ അധികശമ്പളം തിരികെ ഈടാക്കി ശമ്പള നിർണ്ണയങ്ങൾ പുന :ക്രമീകരിച്ച് സേവനരേഖകൾ സമർപ്പിക്കണമെന്ന് 28.2.2020 ലെ കെ.എസ്.എ(എസ്.റ്റി.യു)എ 2-24/2020 കത്തു പ്രകാരം സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല.

## 9) ശ്രീ.വി.കെ.അശോകൻ, ഗാർഡൻ മേസ്തിരി

ഗാർഡൻ മേസ്തിരി തസ്തികയിലെ സ്ഥാനക്കയറ്റം എപ്രകാരമാണെന്ന് വ്യക്തമാക്കുവാൻ 8.7.2019 ലെ കെ .എസ്.എ(എസ്.റ്റി.യു)എ 2-174/19 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചതിന് 31.5.08 ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം ഗാർഡനർ വിഭാഗത്തിലെ ഏറ്റവും സീനിയർ ആയ വ്യക്തിയ്ക്ക് ഗാർഡൻ മേസ്തിരിയായി സ്ഥാനക്കയറ്റം നൽകി എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ഗാർഡൻ മേസ്തിരി നിയമനം സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കിയല്ല എന്നതിനാൽതന്നെ ഇപ്രകാരമുള്ള നിയമനം അംഗീകരിക്കുവാൻ സാധിക്കുകയില്ല.

ജീവനക്കാരന് അനുവദിച്ച 5,11,17 വർഷ ഹയർ ഗ്രേഡുകൾ ക്രമപ്രകാരമല്ല എന്ന് ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും പ്രസ്തുത സ്കീം സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെ അനുവദിച്ചതാണെന്നും, 27.12.2003 നു ശേഷം അനുവദിച്ചിട്ടില്ല എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള 2009 ശമ്പള പരിഷ്കരണ ഉത്തരവ് മാനദണ്ഡമാക്കി അനുവദിയ്ക്കാവുന്ന Pre-revised scale കളും revised scale കളും ഗ്രേഡുകളും മാത്രമാണ് ഈ ഓഫീസിൽ നിന്നും അംഗീകരിച്ച് നൽകി വരുന്നത്. ആയതിനാൽ ജീവനക്കാരന് 10, 18, 23 വർഷ ഹയർ ഗ്രേഡുകൾ മാത്രമാണ് നൽകാവുന്നത്.

എൻടി കേഡറിൽ 8 വർഷ സേവനം പൂർത്തിയാക്കുന്ന ഉദ്യോഗസ്ഥർക്കു നൽകുന്ന 8 വർഷ സമയബന്ധിത ഹയർ ഗ്രേഡ് ജീവനക്കാരന് നൽകിയത് പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം III 14-ാം നിബന്ധന പ്രകാരമാണ് എന്ന മറുപടിയും അംഗീകരിക്കുവാൻ സാധിക്കുകയില്ല. മറുപടിയിലെ ആദ്യ ഭാഗത്ത് ഗാർഡനർ തസ്തികയുടെ പ്രമോഷൻ തസ്തികയായി ഗാർഡൻ മേസ്തിരി തസ്തികയെ കണക്കാക്കിയിട്ടുണ്ട് . ആയതിനാൽ തന്നെ ഗാർഡൻ മേസ്തിരി തസ്തികയിലെ 8 വർഷ സേവനത്തിന് 8 വർഷ സമയബന്ധിത ഹയർ ഗ്രേഡ് നൽകിയത് അംഗീകരിക്കുവാൻ സാധിക്കുകയില്ല.

ജീവനക്കാരന് 18 വർഷ സമയബന്ധിത ഹയർ ഗ്രേഡ് സ്കെയിലായ 5650-8750 ന് അർഹതയുണ്ടായിരിക്കെ 31.5.08 ൽ 5250-8390 എന്ന താഴ്ന്ന സ്കെയിലിലുള്ള തസ്തികയിലേക്കാണ് (2004 ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം) നിയമനം നൽകിയത്. എന്നാൽ 5250-8390 എന്ന ശമ്പള സ്കെയിലിനു പകരം ജീവനക്കാരൻ ശമ്പളം വാങ്ങിക്കൊണ്ടിരുന്ന 6680-10790 എന്ന ശമ്പള സ്കെയിലിലാണ് ഗാർഡൻ മേസ്തിരി തസ്തികയിലെ ശമ്പളം അനുവദിച്ച് നൽകിയിരിക്കുന്നത് . ആയതും അനുവദനീയമല്ല. കെ.എസ്.എ(എസ്.റ്റി.യു)എ 2-174/19/19.02.2020 കത്ത് പ്രകാരം അപാകതകൾ സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല.

## 3-12 സർക്കാർ അംഗീകാരമില്ലാതെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റരീതിയിലും ശമ്പളസ്കെയിലിലും മാറ്റം വരുത്തി

സർവ്വകലാശാലകൾക്കു വേണ്ടി സർക്കാർ പുറപ്പെടുവിച്ച 2009 ശമ്പള പരിഷ്കരണ ഉത്തരവിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റം താഴെ ചേർക്കും പ്രകാരമാണ് അനുവദിച്ചിരിക്കുന്നത്.

ടൈപ്പിസ്റ്റ് ഗ്രേഡ് II > ടൈപ്പിസ്റ്റ് ഗ്രേഡ് I > ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് > ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് > ഓഫീസ് സൂപ്രണ്ട് > ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ)

ഈ ഉത്തരവിൽ ഓഫീസ് സൂപ്രണ്ട് തസ്തികയെ തുടർന്ന് സെക്ഷൻ ഓഫീസർ (ടൈപ്പിസ്റ്റ്), സെക്ഷൻ ഓഫീസർ ടൈപ്പിസ്റ്റ് (ഹ.ഗ്രേ) പൂൾ ഓഫീസർ എന്നീ തസ്തികകളിലേക്കുള്ള ശമ്പള സ്കെയിലുകൾ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം 1.2.2011 മുതൽ നിർത്തലാക്കിയിട്ടുണ്ട്. ഈ തീയതി മുതൽ പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് മാത്രമേ വിരമിക്കുന്നതുവരെ ആയതിൽ തുടരുവാൻ പാടുള്ളൂ എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത് . മറ്റു ജീവനക്കാർക്ക് സർക്കാർ ഉത്തരവു പ്രകാരമുള്ള സ്ഥാനക്കയറ്റത്തിനു മാത്രമാണ് അർഹത . 2014 ശമ്പള പരിഷ്കരണ ഉത്തരവിലും ഇതേ രീതിയിൽ തന്നെയാണ് സ്റ്റാഫ് പാറ്റേൺ നൽകിയിട്ടുള്ളത് . 1.2.2011 മുതൽ നിർത്തലാക്കിയ തസ്തികകളിലേക്ക് തുടർന്നും സർവ്വകലാശാല സ്ഥാനക്കയറ്റം നൽകുന്നത് തുടർന്നു. എന്നാൽ 21.4.16 ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം സെക്ഷൻ ഓഫീസർ (ടൈപ്പിസ്റ്റ്), സെക്ഷൻ ഓഫീസർ ടൈപ്പിസ്റ്റ് (ഹ.ഗ്രേ) തസ്തികകൾ റീ ഡെസിഗ്നേറ്റ് ചെയ്ത് ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ) എന്ന ഒറ്റ തസ്തികയാക്കി മാറ്റി.

എന്നാൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സെക്ഷൻ ഓഫീസർ (ടൈപ്പിസ്റ്റ്), സെക്ഷൻ ഓഫീസർ ടൈപ്പിസ്റ്റ് (ഹ.ഗ്രേ) എന്നീ തസ്തികകളിൽ ജോലി ചെയ്തിരുന്നവരെ ഓഫീസ് സൂപ്രണ്ട്(ഹ.ഗ്രേ) എന്ന തസ്തികയിലേക്ക് മാറ്റി നിയമിക്കുകയാണുണ്ടായത്. എന്നാൽ 2.2.2019 ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം 2009 ലെ ശമ്പള പരിഷ്കരണം നിലവിൽ വരുന്നതിനു മുമ്പ് സേവനത്തിൽ പ്രവേശിച്ചവർക്ക് ടൈപ്പിസ്റ്റ് ഗ്രേഡ് II > ടൈപ്പിസ്റ്റ് ഗ്രേഡ് I > ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് > ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് > ഓഫീസ് സൂപ്രണ്ട് > സെക്ഷൻ ഓഫീസർ(ടൈപ്പിസ്റ്റ്) > സെക്ഷൻ ഓഫീസർ (ടൈപ്പിസ്റ്റ്)(ഹ.ഗ്രേ) > പൂൾ ഓഫീസർ എന്ന ക്രമത്തിലും 2009 ശമ്പള പരിഷ്കരണ ഉത്തരവിനു ശേഷം സേവനത്തിൽ പ്രവേശിച്ചവർക്ക് ടൈപ്പിസ്റ്റ് ഗ്രേഡ് II > ടൈപ്പിസ്റ്റ് ഗ്രേഡ് I > ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് > ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് > ഓഫീസ് സൂപ്രണ്ട് > ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ) എന്നീ ക്രമത്തിലും സ്ഥാനക്കയറ്റം നൽകേണ്ടിവരും. ഇപ്രകാരം ചെയ്യുമ്പോൾ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം രണ്ടു രീതിയിൽ നൽകേണ്ടി വരികയും ഒരേ വിഭാഗം ജീവനക്കാരെ രണ്ട് തട്ടിലാക്കുകയും ചെയ്യുന്ന സ്ഥിതിയാണ് സംജാതമാകുന്നത്.

ഇത് കൂടാതെ ഓഫീസ് സൂപ്രണ്ട് തസ്തികയുടെ ശമ്പളസ്കെയിലിനും മാറ്റം വരുത്തിയിട്ടുണ്ട് . ഓഫീസ് സൂപ്രണ്ട് തസ്തികയ്ക്കായി സർക്കാർ നിശ്ചയിച്ച ശമ്പള സ്കെയിലുകൾ 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം യഥാക്രമം 18740-33680, 36600-79200 എന്നിങ്ങനെയാണ്.

എന്നാൽ പ്രസ്തുത ശമ്പള സ്കെയിലുകൾ 3.8.2019 ലെ എ.ഡി.ജി.3/ഡബ്ലിയു.പി(സി)/2011 നമ്പർ യൂണിവേഴ്സിറ്റി ഉത്തരവു പ്രകാരം യഥാക്രമം 16980-31360, 32300-68700 എന്നിവയിലേക്ക് കുറച്ച് നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ അനുമതിയില്ലാതെയാണ് ഇപ്രകാരം ശമ്പള സ്കെയിലുകൾ മാറ്റം വരുത്തിയിട്ടുള്ളത്. ആയത് സംബന്ധിച്ച് 30/7/2020 ലെ കെ.എസ്.എ(എസ്.റ്റി.യു)എ 2-72/2020 കത്തു പ്രകാരം വിശദീകരണം ആരാഞ്ഞിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിശ്ചയിച്ച ശമ്പള സ്കെയിലുകളിൽ മാറ്റം വരുത്തണമെങ്കിൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. ആയത് പാലിക്കാത്തത് ക്രമവിരുദ്ധമാണ്.

## 3-13 ഓഡിറ്റ് അംഗീകാരമില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു

സർക്കാർ കത്ത് നം.10258/86/H.Edn dtd 5.4.1986, 18.4.86 എന്നിവയിലെ നിർദ്ദേശ പ്രകാരം സർവ്വകലാശാലകളിലെ എല്ലാ ജീവനക്കാരുടേയും പെൻഷൻ ആനുകൂല്യങ്ങൾ ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് മുൻകൂർ പരിശോധന നടത്തി ഓഡിറ്റ് അംഗീകാരം നൽകേണ്ടതാണ്. പ്രസ്തുത കത്തിൽ പറഞ്ഞിരിക്കുന്നത് കേരള സർവ്വീസ് റൂൾസിലെ (KSR) പെൻഷൻ റൂൾസ്സാണ് സർവ്വകലാശാല ജീവനക്കാർക്ക് അനുവർത്തിക്കേണ്ടത് എന്നാണ്. KSR Part III, Vol.II Rule 113(b) (ii), 115(c)(iv) and 117 എന്നിവ പ്രകാരം ഓഡിറ്റ് എൻഫേസ്മെന്റിന്റെ ആവശ്യകത രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബഹു.എക്സാമിനർ, ലോക്കൽ ഫണ്ട് ഓഡിറ്റ് തന്റെ 13.12.1981 തിയതിയിലെ കത്ത് നം. LF.35636/SS1/81 പ്രകാരം, സർക്കാർ ജീവനക്കാർക്ക് അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് എൻഫേസ്മെന്റ് ആവശ്യമുള്ളതു പോലെ തന്നെ സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ നിർണ്ണയങ്ങൾക്കും ഓഡിറ്റ് എൻഫേസ്മെന്റ് ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോധിപ്പിച്ചിട്ടുള്ളതാണ്. ഇതിന്റെ എല്ലാം അടിസ്ഥാനത്തിൽ 29.9.2005 ലെ സിൻഡിക്കേറ്റ് മീറ്റിംഗിലെ ഇനം നം.492-06 പ്രകാരം 01.01.2006 മുതൽ സേവന പുസ്തകത്തിന്റെ പ്രീ-വെരിഫിക്കേഷനും ഓഡിറ്റ് എൻഫേസ്മെന്റും U.O.No.Fin IV/Pension/2005-06 dt:22.12.2005 പ്രകാരം പുന:സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ ഇതെല്ലാം അവഗണിച്ച് ഓഡിറ്റ് ശുപാർശയില്ലാതെ (തെറ്റായ പേ ഫിക്സേഷൻ ഈ ഓഫീസിൽ നിന്നും ചൂണ്ടിക്കാണിച്ചത് നിലനിൽക്കേ) പെൻഷൻ നിർണ്ണയങ്ങൾ സിൻഡിക്കേറ്റ് തീരുമാനത്തിന്റേയും ബഹു.വൈസ് ചാൻസലറുടെ തീരുമാനത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ നൽകുന്നത് തെറ്റായ നടപടിക്രമമാണ്. ഇത് സംബന്ധിച്ച പരാമർശങ്ങൾ മുൻ റിപ്പോർട്ടുകളിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(i) ഓഡിറ്റ് അംഗീകാരമില്ലാതെ സിൻഡിക്കേറ്റ് തീരുമാനം പ്രകാരം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ മുഴുവനായി നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, വകുപ്പ് | റിട്ടയർ ചെയ്ത തീയതി | പെൻഷൻ ഓർഡർ നം | കുറിപ്പ് |
|---|---|---|---|---|
| 1. | ഡോ. ഉഷ നായർ, പ്രൊഫസർ, സ്കൂൾ ഓഫ് എൻജിനീയറിംഗ് | 30.04.2019 | ഫിൻ IV/1014/പി/2015 തീയതി 21.08.2019 | സ്വാശ്രയ സ്ഥാപനമായ സ്കൂൾ ഓഫ് എൻജിനീയറിംഗിൽ നിന്നും വിരമിയ്ക്കുന്ന |

| | | | | |
|---|---|---|---|---|
| 2. | ഡോ.വിനോദ് കുമാർ. എം. എൻ, പ്രൊഫസർ, സ്കൂൾ ഓഫ് എൻജിനീയറിംഗ് | 30.04.2019 | ഫിൻ IV/1013/ പി/2015 തീയതി 19.08.2019 | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകരിച്ച നൽകിയിട്ടില്ല. ആയതിനാൽ ഈ ജീവനക്കാർക്ക് കുസാറ്റ് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നത് അനുവദിയ്ക്കാൻ കഴിയില്ല. |
| 3. | ഡോ. ശ്രീജിത്ത്. പി.എസ്. പ്രൊഫസർ, സ്കൂൾ ഓഫ് എൻജിനീയറിംഗ് | 31.05.2019 | ഫിൻ IV/1016/ പി/2015 തീയതി 16.08.2019 | |
| 4. | ഡോ. സി. എ. ബാബു. പ്രൊഫസർ, സ്കൂൾ ഓഫ് എൻജിനീയറിംഗ് | 30.04.2019 | ഫിൻ IV/1015/ പി/2019 തീയതി 16.08.2019 | |
| 5. | ഡോ. ഡി. രാജസേനൻ, പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് അപ്ലൈഡ് ഇക്കണോമിക്സ്. | 30.04.2017 | ഫിൻ IV/919/ പി/2017 തീയതി 16.08.2019 | കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ നൽകിയതിന് ശേഷം വീണ്ടും നോംസ് പ്രൊമോഷൻ സ്കീമിലും പ്രൊമോഷൻ നൽകിയതിന് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 6. | ശ്രീ. ജോസ് ജേക്കബ്. എൻ. കെ, ടെക്നിക്കൽ ഓഫീസർ, ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻസ്ട്രുമെന്റേഷൻ | 31.05.2018 | ഫിൻ IV/958/ പി/2018 തീയതി 26.08.2019 | KSA STU A2-615 /2018 dtd26.12.2018&15.3.2019 പ്രകാരമുള്ള ഓഡിറ്റ് ഒബ്ജക്ഷനുകൾ നിലനിൽക്കുന്നതിനാൽ പ്രൊവിഷണൽ പെൻഷൻ നൽകുന്നതിന് JD, KSAD, ശുപാർശ നൽകിയിരുന്നു. എന്നാൽ സിൻഡിക്കേറ്റ് തീരുമാനപ്രകാരം മുഴുവൻ പെൻഷനും അനുവദിച്ചു |
| 7. | ശ്രീമതി. കോമളം. എം.ഡി. ഓഫീസ് അറ്റൻഡന്റ്, ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻസ്ട്രുമെന്റേഷൻ | 30.06.2019 | ഫിൻ IV/1021/ പി/2019 തീയതി 11.07.2019 | സ്വീപ്പറിൽ നിന്നും ഓഫീസ് അറ്റൻഡന്റ് ആയി പ്രൊമോഷൻ ലഭിച്ചപ്പോൾ അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയതിനും, തുടർന്ന് സമയബന്ധിത ഹയർഗ്രേഡ് നൽകിയതിനും ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 8. | ശ്രീ. പ്രേമാനന്ദൻ. വി. | 30.04.2019 | ഫിൻ IV/1003/ | സർക്കാർ അനുമതിയില്ലാതെ |

| | | | | |
|---|---|---|---|---|
| | പ്ലംബർ, എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് | | പി/2019 തീയതി 30.08.2019 | സ്കെയിൽ ഓഫ് പേയും , അനുബന്ധ ആനുകൂല്യങ്ങളും ഉയർത്തി നൽകിയതിന് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 9. | ശ്രീമതി. അജിതകുമാരി. എം.കെ. സെക്ഷൻ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്. | 31.07.2019 | ഫിൻ IV/1026/ പി/2019 തീയതി 05.09.2019 | ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ ലഭിച്ച ജീവനക്കാർക്ക് രണ്ട് ഫിക്സേഷൻ ബെനഫിറ്റ് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 10. | ശ്രീമതി. ഗിരിജ. ബി. സെക്ഷൻ ഓഫീസർ , അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്. | 31.07.2019 | ഫിൻ IV/1025/ പി/2019 തീയതി 05.09.2019 | ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ ലഭിച്ച ജീവനക്കാർക്ക് രണ്ട് ഫിക്സേഷൻ ബെനഫിറ്റ് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 11. | ശ്രീ. ബാബു. എൻ. ലൈബ്രറി അസിസ്റ്റന്റ്, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്. | 31.07.2019 | ഫിൻ IV/1028/ പി/2019 തീയതി 17.09.2019 | സ്വീപ്പറിൽ നിന്നും ഓഫീസ് അറ്റൻഡന്റ് ആയി പ്രൊമോഷൻ ലഭിച്ചപ്പോൾ അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയതിനും, തുടർന്ന് സമയബന്ധിത ഹയർഗ്രേഡ് നൽകിയതിനും ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 12. | ശ്രീമതി. ശാരദ .പി.വി., പൂൾ ഓഫീസർ , സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്. | 28.02.2015 | ഫിൻ IV/9/ പി/2015 തീയതി 01.01.2020 പെൻഷൻ റിവിഷൻ | ടിയാളുടെ പെൻഷൻ ഈ ഓഫീസിൽ നിന്നും അംഗീകരിച്ചു നൽകിയിട്ടുണ്ട്. എന്നാൽ U.O നം. Ad.G3/WP(c)/2011 lr/lf 02.03.2019 പ്രകാരം പെൻഷൻ റിവൈസ് ചെയ്തത് ഓഡിറ്റ് അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല. |
| 13. | ഡോ. ജോബ്. പി.എ. പ്രൊഫസർ, കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട്( കുസെക്) | 30.04.2020 | ഫിൻ IV/1074/ പി/2020 തീയതി 06.07.2020 | സ്വാശ്രയ സ്ഥാപനമായ കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട്( കുസെക്) നിന്നും വിരമിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകരിച്ച് നൽകിയിട്ടില്ല. ആയതിനാൽ ഈ ജീവനക്കാർക്ക് കുസാറ്റ് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നത് അനുവദിയ്ക്കാൻ കഴിയില്ല. |
| 14. | ശ്രീമതി. ഓഗ്ര. എ, ഓഫീസ്. അറ്റൻഡന്റ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്. | 31.05.2020 | ഫിൻ IV/1059/ പി/2020 തീയതി 14.05.2020 | സ്വീപ്പറിൽ നിന്നും ഓഫീസ് അറ്റൻഡന്റ് ആയി പ്രൊമോഷൻ ലഭിച്ചപ്പോൾ അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയതിനും, തുടർന്ന് സമയബന്ധിത ഹയർഗ്രേഡ് നൽകിയതിനും ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |

(ii) കോടതി തീരുമാനപ്രകാരം ഓഡിറ്റ് അംഗീകാരമില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, വകുപ്പ് | റിട്ടയർ ചെയ്ത തീയതി | പെൻഷൻ ഓർഡർ നം | കുറിപ്പ് |
|---|---|---|---|---|
| 1 | ശ്രീമതി. സാറാമ്മ. ഇ.ജെ. ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III, സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്. | 31.07.2014 | ഫിൻ IV/13/ പി/2014 തീയതി 19.12.2019 **പെൻഷൻ റിവിഷൻ** | സമയബന്ധിത ഹയർ ഗ്രേഡും, ടെക്നിക്കൽ കേഡർ പുനസ്ഥാപിച്ച് നൽകിയതും സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു |
| 2. | ശ്രീ. അന്റു. എം.എം., ലൈബ്രറി അസിസ്റ്റന്റ്. സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്. | 30.04.2017 | ഫിൻ IV/898/ പി/2017 തീയതി 19.12.2019 **പെൻഷൻ റിവിഷൻ** | സമയബന്ധിത ഹയർ ഗ്രേഡും, സ്കെയിൽ ഓഫ് പേയും തെറ്റായി നൽകിയതിന് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 3. | ശ്രീ. ഇബ്രാഹിം. എ.എം., ടെക്നീഷ്യൻ ഗ്രേഡ് II, ഡിപ്പാർട്ടുമെന്റ് ഓഫ് ഷിപ്പ് | 31.05.2016 | ഫിൻ IV/36/ പി/ 2016 തീയതി 04.02.2020 **പെൻ** | ടിയാളുടെ പെൻഷനും പെൻഷൻ റിവിഷനും ഓഡിറ്റ് അംഗീകാരത്തിന് സമർ |

| | | | | |
|---|---|---|---|---|
| | ടെക്നോളജി. | | **ഷൻ റിവിഷൻ** | പ്പിച്ചിട്ടില്ല. |
| 4. | ശ്രീമതി. പ്രസന്നകുമാരി. കെ.ജെ, ടെക്നിക്കൽ ഓഫീസർ ഗ്രേഡ് I, ഡിപ്പാർട്ടുമെന്റ് ഓഫ് ഇലക്ട്രോണിക്സ് | 31.05.2016 | ഫിൻ IV/07 പി/2016 തീയതി 29.06.2020 **പെൻഷൻ റിവിഷൻ** | സമയബന്ധിത ഹയർ ഗ്രേഡും, ടെക്നിക്കൽ കേഡർ പുനസ്ഥാപിച്ച് നൽകിയതും സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു |
| 5. | ശ്രീ. മുരളീധരൻ.എ.വി. ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III, ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻസ്ട്രുമെന്റേഷൻ | 31.03.2013 | ഫിൻ IV/06 പി/2012 തീയതി 11.03.2020 **പെൻ ഷൻ റിവിഷൻ** | ടെക്നിക്കൽ കേഡർ തെറ്റായി നൽകിയതിന് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 6. | ഡോ. എ.എ. സുധാകരൻ , ടെക്നിക്കൽ ഓഫീസർ ഗ്രേഡ് I(സീനിയർ സ്കെയിൽ), ഡിപ്പാർട്ടുമെന്റ് ഓഫ് ഫിസിക്സ് | 31.05.2015 | ഫിൻ IV/42 പി/2015 തീയതി 13.03.2020 **പെൻഷൻ റിവിഷൻ** | സമയബന്ധിത ഹയർ ഗ്രേഡും, ടെക്നിക്കൽ കേഡർ പുനസ്ഥാപിച്ച് നൽകിയതും സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |

(iii) ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നതിനാൽ ഓഡിറ്റ് അംഗീകാരമില്ലാതെ തന്നെ ജീവനക്കാർക്ക് പ്രോവിഷണൽ/ആന്റിസിപ്പേറ്ററി പെൻഷൻ നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, വകുപ്പ് | റിട്ടയർ ചെയ്ത തീയതി | പെൻഷൻ ഓർ ഡർ നം | കുറിപ്പ് |
|---|---|---|---|---|
| 1. | ഡോ. എ. എൻ ബാലചന്ദ്, പ്രൊഫസർ , ഡിപ്പാർട്ടുമെന്റ് ഓഫ് ഫിസിക്കൽ ഓഷ്യാനോഗ്രാഫി. | 30.04.2018 | ഫിൻ IV/966/ പി/2018 തീയതി 17.12.2019 | പ്രൊമോഷനും തുടർന്ന് ശമ്പള നിർണ്ണയവും സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽ ക്കുന്നു. |
| 2. | സി.എസ്.ആൽഫ്രഡ്, അക്വേറിയം അസിസ്റ്റന്റ്, സ്കൂൾ ഓഫ് മറൈൻ സയൻ സസ്. | 31.05.2005 | ഫിൻ IV/264/ പി/2015 തീയതി 24.07.2019 പെൻ ഷൻ റിവിഷൻ | സമയബന്ധിത ഹയർഗ്രേഡ് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽ ക്കുന്നു. |
| 3. | ശ്രീ. ഹംസ. എം.കെ, പ്ലംബിംഗ് സൂപ്പർവൈസർ, എഞ്ചിനീയറിംഗ് ഡിപ്പാർ ട്ടുമെന്റ് | 30.04.2020 | ഫിൻ IV/1045/ പി/2020 തീയതി 24.06.2020 | ശമ്പള നിർണ്ണയവും, സമയബന്ധിത ഹയർഗ്രേഡും നൽകിയത് സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽ ക്കുന്നു. |

| | | | | |
|---|---|---|---|---|
| 4. | ശ്രീ. അശോകൻ. വി.കെ., ഗാർഡൻ മേസ്തിരി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്. | 31.10.2019 | ഫിൻ IV/1031/ പി/2019 തീയതി 24.09.2019 | ശമ്പള നിർണ്ണയം സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 5. | ഡോ. ശ്രീദേവി. എം. ജി., ടെക്നിക്കൽ ഓഫീസർ ഗ്രേഡ് I,( സീനിയർ സ്കെയിൽ) ഡിപ്പാർട്ടുമെന്റ് ഓഫ് അറ്റ്മോസ് ഫറിക് സയൻസസ് | 31.07.2019 | ഫിൻ IV/1027/ പി/2019 തീയതി 18.10.2019 | ശമ്പള നിർണ്ണയം സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 6. | ശ്രീമതി. അനിത. ആർ, അസിസ്റ്റന്റ് ലൈബ്രേറിയൻ, യൂണിവേഴ്സിറ്റി ലൈബ്രറി | 31.07.2019 | ഫിൻ IV/1036/ പി/2019 തീയതി 26.11.2019 | IGNOU യിലെ സർവ്വീസ് പ്രൊറേറ്റാ പെൻഷൻ കോൺ ട്രിബ്യൂഷൻ മുഴുവൻ അടച്ചിട്ടില്ലാത്തതിനാൽ പെൻഷൻ കണക്കാക്കുന്നതിന് അംഗീകരിച്ചിട്ടില്ല. |
| 7. | ഡോ. സൂസൻ മാത്യു, ഡെപ്യൂട്ടി ലൈബ്രേറിയൻ, യൂണിവേഴ്സിറ്റി ലൈബ്രറി | 31.05.2019 | ഫിൻ IV/1032/ പി/2019 തീയതി 03.12.2019 | അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 8. | ഡോ.എസ്. ഹരികുമാർ, പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് അപ്ലൈഡ് ഇക്കണോമിക്സ്. | 30.04.2019 | ഫിൻ IV/1007/ പി/2019 തീയതി 03.12.2019 | ശമ്പള നിർണ്ണയം സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |
| 9. | ഡോ. സി.കെ. ആനന്ദൻ, പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് ഇലക്ട്രോണിക്സ്. | 30.04.2019 | ഫിൻ IV/1009/ പി/2019 തീയതി 02.12.2019 | അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയതും തുടർന്നുള്ള ശമ്പള നിർണ്ണങ്ങളും സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു. |

മേൽസൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ പരിഹരിക്കുന്നതിനും പെൻഷൻ നിർണ്ണയം ഓഡിറ്റ് എൻഫേസ്മെന്റിന് വിധേയമായി മാത്രം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 വകുപ്പ് മേധാവിയ്ക്ക് റസിഡൻഷ്യൽ ടെലഫോൺ ചാർജ്ജ് റീ-ഇംമ്പേഴ്സ് ചെയ്ത് നല്കിയ 55,388/- രൂപ അനുവദനീയമല്ല

കുസാറ്റിലെ വിവിധ വകുപ്പുകളിലെ 2018-19 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ വകുപ്പ് മേധാവിയ്ക്ക് ഗാർഹിക ടെലഫോൺ ചാർജ്ജ് റീ-ഇംമ്പേഴ്സ് ചെയ്ത് 55,388/- രൂപ നല്കിയിട്ടുണ്ട്. ഇത് അനുവദനീയമല്ല. 11.1.2005 ലെ സർക്കാർ ഉത്തരവ് (അ) നം.17/2005/ധന പ്രകാരവും 22.06.2016 ലെ സർക്കാർ ഉത്തരവ് (അ) നം. 87/2016/ധന പ്രകാരവും ഗാർഹിക ടെലഫോൺ ബിൽ റീ-ഇംമ്പേഴ്സ് ചെയ്ത് കൊടുക്കുന്നത് പൊതുഭരണവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ മേധാവികൾക്കും ഉന്നത ഉദ്യോഗസ്ഥർക്കുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർവ്വകലാശാലയിലെ വകുപ്പ് മേധാവികൾക്ക് പൊതുഭരണവുമായി യാതൊരു ബന്ധമില്ലാത്തതിനാൽ അത് അനുവദിച്ച് നല്കുവാൻ പാടില്ല എന്നും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 05.03.2018 ലെ എസ്.എസ്. 3/4/2018 ധന കത്തിൽ വ്യക്തമാക്കുന്നുണ്ട്. സർവ്വകലാശാലകളിലെ വൈസ് ചാൻസലർക്കും, രജിസ്ട്രാർക്കും മാത്രമേ ഈ ആനുകൂല്യങ്ങൾ നല്കുവാൻ പാടുള്ളൂ എന്നും ടി കത്തിൽ വ്യക്തമാക്കുന്നു . കൊച്ചിൻ യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ 18.1.18 ലെ ജി .എം.8/ഇ.എൽ/61/0634/റസി.ടെൽ (ഡിപ്പാർട്ടുമെന്റ്/2003/വാല്യം II(PF)) നമ്പറിലുള്ള ഈ വിഷയത്തിലുള്ള അപേക്ഷ സർക്കാർ നിരസിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഈ ഇനത്തിൽ ചുവടെ പരാമർശിക്കുന്ന വകുപ്പ് തലവന്മാർക്ക് നൽകിയിട്ടുള്ള തുകയായ 55,388/- രൂപ തിരികെ ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | വകുപ്പിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | സെന്റർ ഫോർ സയൻസ് ഇൻ സ്റ്റഡീസ് | 1357 |
| 2 | യൂണിവേഴ്സിറ്റി ഹോസ്റ്റൽ സെൻടൽ ഓഫീസ് | 5040 |
| 3 | ഇൻഡസ്ട്രിയൽ ഫിഷറീസ് | 8126 |
| 4 | ഇൻസ്ട്രുമെന്റേഷൻ | 8400 |
| 5 | കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് | 7739 |
| 6 | ഫോട്ടോണിക്സ് | 6568 |
| 7 | ഫിസിക്കൽ ഓഷ്യാനോഗ്രാഫി | 6720 |
| 8 | സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് | 8394 |
| 9 | യൂത്ത് വെൽഫയർ | 1767 |
| 10 | എഞ്ചിനീയറിംഗ് വകുപ്പ് | 1277 |
| | ആകെ | 55388 |

മേൽവിവരിച്ച വകുപ്പുകളിൽ ഈ ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ***അനുബന്ധം - 3*** ൽ ചേർത്തിട്ടുണ്ട്.

## 3-15 ജീവനക്കാരുടെ യാത്രയയപ്പ് പരിപാടികൾക്കായി സർവ്വകലാശാലാ ഫണ്ടിൽ നിന്നും അനുവദിച്ച തുകയുടെ ചെലവ് ക്രമപ്രകാരമല്ല

സർവകലാശാലാ ജീവനക്കാരുടെ റിട്ടയർമെന്റിനോടനുബന്ധിച്ചുള്ള യാത്രയയപ്പ് പരിപാടികളുടെ നടത്തിപ്പിനായി സർവ്വകലാശാലയുടെ നോൺപ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് നിരവധി ഓഡിറ്റ് തടസ്സങ്ങൾ ഉന്നയിച്ചിരുന്നു. കൂടാതെ സർക്കാർ അനുവദിക്കുന്ന നോൺപ്ലാൻ ഗ്രാന്റ് ഈയിനത്തിൽ ചെലവഴിക്കുന്നത് തടസ്സപ്പെടുത്തിക്കൊണ്ട് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-8, 3-9 എന്നിവ ഉൾപ്പെടുത്തിയിരുന്നതുമാണ്. മറ്റെല്ലാ മേഖലയിലും ജീവനക്കാർക്ക് റിട്ടയർമെന്റ് സമയങ്ങളിൽ നൽകുന്ന സ്നേഹോപഹാരങ്ങളും വ്യക്തിഗത സംഭാവനകൾ ശേഖരിച്ച് നടത്തപ്പെടുന്നതാണെന്ന് ഓർമ്മപ്പെടുത്തിയിരുന്നു.

മേൽ സാഹചര്യത്തിൽ സർവ്വകലാശാല രജിസ്ട്രാറുടെ 26.7.2018 ലെ DPR&P/Send-off/ 2016-ാം നം.ഉത്തരവ് പ്രകാരം സ്റ്റാഫ് വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിന് സിൻഡിക്കേറ്റ് അംഗീകാരം (Agenda Item No.653.64 dtd:23.6.2018) നൽകിയതിന്റെ അടിസ്ഥാനത്തിൽ SBI-CUSAT Campus Branch ൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് തീരുമാനി ക്കുകയും ചെയ്തതായി അറിയിച്ചിരുന്നു. കൂടാതെ 11.3.2018 ൽ സ്റ്റാഫ് വെൽഫെയർ ഫണ്ട് അക്കൗണ്ടിലേയ്ക്കുള്ള പണത്തിന്റെ ഉറവിടം, വിനിയോഗം എന്നിവ സംബന്ധിക്കുന്ന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിരുന്നു. 3.11.2018 ൽ Staff Welfare Fund Account No.38134068579 ആരംഭി ച്ചിരുന്നു. സർവ്വകലാശാലയുടെ ഇപ്രകാരം ഒരു സ്റ്റാഫ് വെൽഫെയർ ഫണ്ട് രൂപീകരിച്ച തീരുമാനം അംഗീകരിക്കുന്നു . എന്നാൽ ഇതിലേക്കുള്ള പണത്തിന്റെ ഉറവിടം സംബന്ധിച്ച് മാർഗ്ഗ രേഖയിൽ (3.11.18) ക്രമ നം.6 ആയി നിർ ദ്ദേശിച്ചിരിക്കുന്നത് സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന പ്രോജക്ട്/സ്കീം ന്റെ ഓവർഹെഡ്ഡ് ചാർജ്ജിന്റെ 50% നിലവിൽ സർവ്വകലാശാല ഫണ്ടിൽ നിക്ഷേപി ച്ചിരുന്നതിനെ 25% ആക്കി ചുരുക്കുന്നതിനും ബാക്കി 25% SWF (Staff Welfare fund)ൽ നിക്ഷേപിക്കുന്നതിനുമാണ് . എന്നാൽ സർ വ്വകലാശാലയുടെ ലബോറട്ടറി സൗകര്യങ്ങളും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും, മാനുഷിക ശേഷിയും ഉപയോഗിക്കുന്നതിനുള്ള പ്രതിഫലമാണ് ഓവർഹെഡ്ഡ് ചാർജ്ജ് അനുവദിച്ചിട്ടുള്ളത്. ഇത് സർ വ്വകലാശാലയ്ക്ക് അവകാശപ്പെട്ടതാണ്. ഇത് മറ്റു വ്യക്തിഗത പരിപാടികൾക്കായി വിനിയോഗിക്കാൻ പാടില്ല. ആയതിനാൽ മേൽ സിൻഡിക്കേറ്റ് തീരുമാനത്തിൽ മാറ്റം വരുത്തേണ്ടതാണ്.

സ്റ്റാഫ് വെൽഫെയർ ഫണ്ട് അക്കൗണ്ട് രൂപീകരിച്ചിട്ടും റിട്ടയർമെന്റിനോടനുബന്ധിച്ചുള്ള യാത്രയയപ്പ് ചെലവുകൾക്ക് CUF ൽ നിന്നും മുൻകൂർ അനുവദിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാന ത്തിൽ 3.6.2020 ന് കെ.എസ്.എ(എസ്.ടി.യു)എ 5-281/2020 പ്രകാരം 2,68,147/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. 16.7.2020 ൽ സർവ്വകലാശാല രജിസ്ട്രാറുടെ ഓഫീസിൽ നിന്നും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ 1,34,247/-രൂപ സ്റ്റാഫ് വെൽഫെയർ ഫണ്ടിൽ നിന്നും CUF ൽ നിക്ഷേപിച്ചതായി അറിയിച്ചുണ്ട് . ആയതിനാൽ പരാമർശപ്രകാരം അവശേഷിക്കുന്ന 1,33,900/-രൂപ കൂടി CUF ലേക്ക് നിക്ഷേപിക്കേണ്ടതാണ്.

## 3-16 മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് - അപാകതകൾ

കേരള ഗവണ്മെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, (KGSMA) 1960 നും അതിന് പൂരകമായി കാലാകാലങ്ങളിൽ ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് കേരളത്തിലെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലയിമുകൾ അനുവദിക്കുന്നത്. 16/8/12 ലെ സിൻഡിക്കേറ്റ് യോഗത്തിൽ അജണ്ട ഐറ്റം നം. 588.10 പ്രകാരം KGSMA ചട്ടം 1960 നടപ്പാക്കാൻ തീരുമാനിക്കുകയും ഇതിനായി U.O.No.Ad.B3/MR/6787/2010 dt:28.9.2012 ആയി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷം നൽകിയ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലയിമുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1. എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നിർദ്ദിഷ്ട പരിശോധനകൾക്ക് വിധേയമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

KGSMA 1960 ചട്ടം 9(3) ആരോഗ്യ കുടുംബക്ഷേമ (ജി)വകുപ്പിന്റെ 06.10.2017 ലെ GO(MS) No. 145/2017/ H&FWD ഉത്തരവ് പ്രകാരം 50,000/- രൂപ മുതൽ 2,00,000/- വരെയുള്ള ക്ലയിമുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധനയുടെ അടിസ്ഥാനത്തിലും , അതിനു മുകളിലുള്ള ക്ലയിമുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിലും ആയിരിക്കണം അനുവദിക്കേണ്ടത്. എന്നാൽ സർവ്വകലാശാലയിൽ നിന്നും നൽകിയ ക്ലയിമുകൾ ഒന്നിലും തന്നെ ഈ ഉത്തരവ് പാലിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക | അനുവദിച്ച തുക | വൗച്ചർ നം./ തീയതി | ചെക്ക് നം./ തീയതി | ഉത്തരവ് നം./ തീയതി | കുറിപ്പ് |
|---|---|---|---|---|---|
| ഡോ. വൽസമ്മ ജോസഫ്, പ്രൊഫസർ, NCAAH. | **598147** | 116795/ 17.05.2018 | 83752 17.05.2018 | Ad.E3/MR/ obj /2015 dt. 04.04.2018 | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| ശ്രീമതി. ജയശ്രീ വി പ്രൊഫഷണൽ അസിസ്റ്റന്റ്,ഗ്രേഡ്. 2 | **87145** | 123283/ 04.12.2018 | 899713 04.12.2018 | Ad.E3/MR/ 2956/2015 dt. 22.10.2018 | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| ഡോ. അജയകുമാർ. പി, അസി. | 81820 | 126521/ 08.03.2019 | 94597 08.03.2019 | Ad.E3/MR/ 003603/ | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ |

| | | | | | |
|---|---|---|---|---|---|
| പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് മറൈൻ ജിയോളജി& ജിയോഫിസിക്സ്. | | | | 2018 dt. 15.02.2019 | മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| ഡോ.സുമം മേരി ഇടിക്കുള, പ്രൊഫസർ ,കംപ്യൂട്ടർ സയൻസ് വകുപ്പ് | **92374** | 119898/ 01.09.2018 | 341822 01.09.2018 | Ad.E3/MR/ 2956/2015 dt. 09.07.2018 | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| ഡോ.സുമം മേരി ഇടിക്കുള, പ്രൊഫസർ ,കംപ്യൂട്ടർ സയൻസ് വകുപ്പ് | **138561** | 121856/ 25.10.2018 | 685322 25.10.2018 | Ad.E3/MR/ 2956/2015 (PF 1) dt. 13.09.2018 | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| ശ്രീമതി. അപർണ്ണ വർമ്മ.ജെ, ജൂനിയർ ലൈബ്രേറിയൻ , ഡിപ്പാർട്ടുമെന്റ് ഓഫ് മാത്തമാറ്റിക്സ്, | **76765** (ഇന്റേണൽ ഓഡിറ്റ് അംഗീകരിച്ച മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ) | 125414/ 05.02.2019 | 93957/ 05.02.2019 | Ad.E1/708/ Med. Adv/AJ dt. 05.02.2019 | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| ശ്രീമതി. സെൽവി. കെ, ഓഫിസ് അറ്റൻഡന്റ്, ഡിപ്പാർട്ടുമെന്റ് ഓഫ് അപ്ലൈഡ് എകണോമിക്സ്, | **94092** (ഇന്റേണൽ ഓഡിറ്റ് അംഗീകരിച്ച മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ) | 123645/ 15.12.2018 | 899867/ 15.12.2018 | Ad.E1/708/ Med. Adv/SK dt. 15.02.2018 | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

## 2. സർക്കാർ അംഗീകാരമില്ലാത്ത സ്വകാര്യ ആശുപത്രികളിൽ നടത്തിയ ചികിത്സ

ശ്രീമതി. ബിനീ സേവ്യർ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസറുടെ പിതാവിന് കിംസ് ഹോസ്പിറ്റലിന്റെ യൂറോളജി ഡിപ്പാർട്ടുമെന്റിൽ ചികിത്സ നടത്തിയതിന് 14947 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഹോസ്പിറ്റലിലെ ഈ വകുപ്പ് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലയിമിന്

അംഗീകരിച്ചിട്ടുള്ളതല്ല.

| വൗച്ചർ നം./ തീയതി | ചെക്ക് നം./ തീയതി | ഉത്തരവ് നം./ തീയതി |
|---|---|---|
| 119904/ 1-9-18 | 341828 1-9-18 | Ad. E3/MR/002697/ 2018 dt. 24.07.2018 |

## 3. ക്ലെയിമുകൾ സമർപ്പിക്കുന്നതിൽ കാലതാമസം

എ) ആരോഗ്യ (ജി) വകുപ്പിന്റെ സർക്കുലർ നം.6545/ജി2/ 85/ആ.വ. തീയതി. 31.05.1985 പ്രകാരം ചികിത്സ തുടരുന്ന കേസുകളിൽ ഭാഗികമായ ബില്ലുകൾ ഹാജരാക്കുമ്പോൾ ചികിത്സ തുടരുകയാണെന്ന് ചുമതലപ്പെട്ട സർക്കാർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതും , അവസാനം വാങ്ങിയ ബില്ലിന്റെ തീയതി മുതൽ 30 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. ഡോ. അജയകുമാർ. പി, അസി. പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് മറൈൻ ജിയോളജി & ജിയോഫിസിക്സ്, ഹാജരാക്കിയ ലക്ഷ്മി ആശുപത്രിയുടെ ബിൽ (നം.789)പ്രകാരം 13.08.2017 ലാണ് ചികിത്സ നടത്തിയത്. അപേക്ഷ സമർപ്പിച്ച തീയതി 07.02.2018( inward no 003603 dtd 3.3.2018). ഇപ്രകാരം വൈകിയ 6 മാസം 19 ദിവസം സിൻഡിക്കേറ്റ് മാപ്പാക്കി ഉത്തരവ് നൽകിയിട്ടുണ്ട് (Ad.E3/MR/003603/2018 dt. 15.02.2019). GO(P).164/86/ആ.കു.വ. തീയതി. 14.08.1986 പ്രകാരം 6 മാസത്തിലധികം അപേക്ഷ സമർപ്പിയ്ക്കാൻ വൈകിയാൽ ആയത് മാപ്പാക്കുന്നതിനുള്ള അധികാരം അഡ്മിനിസ്ട്രേറ്റീവ് വകുപ്പ് മുഖാന്തിരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിനാണ്.

ബി) KGSMA ചട്ടം 8(3) ൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം സ്വകാര്യ ആശുപത്രിയിൽ ചികിത്സിക്കുന്നതിന് ചുമതലപ്പെട്ട സർക്കാർ മെഡിക്കൽ ഓഫീസറിൽ നിന്നും റെഫറൻസ് ആവശ്യമാണ്. ആയത് ലഭ്യമാക്കിയിട്ടില്ല.

## 4. ജീവനക്കാരുടെ ഭർത്താവ്/ഭാര്യ ഉദ്യോഗസ്ഥർ ആണെങ്കിൽ സത്യവാങ്മൂലം സമർപ്പിയ്ക്കുന്നത് സംബന്ധിച്ച്

ഹെൽത്ത് & ലേബർ (ഡി) വകുപ്പിന്റെ 86590/ഡി3/65/HLD തീയതി. 21.01.1966 സർക്കുലർ പ്രകാരം ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥർ ആണെങ്കിൽ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ഭർത്താവിന്റെ ക്ലെയിം ഭർത്താവും, ഭാര്യയുടെ ക്ലെയിം ഭാര്യയും മറ്റു കുടുംബാംഗങ്ങളുടെ ക്ലെയിം ഭർത്താവും റീഇമ്പേഴ്സ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
കൂടാതെ ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിന്റെ 26-10-1989 ലെ 20250/ജി2/89/H&FWD ഉത്തരവ് പ്രകാരം ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥർ ആണെങ്കിൽ ഭർത്താവ് ക്ലെയിമിന് അപേക്ഷിക്കുന്നപക്ഷം ഭാര്യയുടെ വകുപ്പിൽ ക്ലെയിമിന് അപേക്ഷ നൽകിയിട്ടില്ല എന്നും അല്ലെങ്കിൽ തിരിച്ചും സത്യവാങ്മൂലം സാക്ഷ്യപ്പെടുത്തി ക്ലെയിമിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

എ) ശ്രീമതി. ജയശ്രീ. വി. പ്രൊഫഷണൽ അസിസ്റ്റന്റ് ,ഗ്രേഡ്. 2, 11.04.2018 ൽ സമർപ്പിച്ച അപേക്ഷയിൽ ഭർത്താവ് IHRD യിൽ ജൂനിയർ സൂപ്രണ്ട് ആണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് .

എന്നാൽ സത്യവാങ്മൂലം ഹാജരാക്കിയിട്ടില്ല.

ബി) ശ്രീമതി. അപർണ്ണ വർമ്മ.ജെ, ജൂനിയർ ലൈബ്രേറിയൻ , ഡിപ്പാർട്ടുമെന്റ് ഓഫ് മാത്തമാറ്റിക്സ്, 20.05.2019 ൽ സമർപ്പിച്ച അഡ്ജസ്റ്റ്മെന്റ് ബില്ലിൽ ഭർത്താവ് കുസാറ്റിൽ തന്നെ ജൂനിയർ ലൈബ്രേറിയൻ ആണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സത്യവാങ്മൂലം ഹാജരാക്കിയിട്ടില്ല.

### 5. വിദഗ്ധ ചികിത്സയ്ക്കുള്ള പലിശരഹിത വായ്പ

5.6.2003 ലെ സ.ഉ.(സാ) 1678/2003/ ആ.കു.ക്ഷേമ വകുപ്പ് പ്രകാരം ചെലവേറിയ വിദഗ്ധ ചികിത്സകൾക്ക് 7500/- രൂപ എന്ന പരിധിയ്ക്ക് വിധേയമായി പ്രതീക്ഷിത ചെലവിന്റെ 100% പലിശരഹിത വായ്പ യ്ക്ക് അർഹതയുണ്ട് . റീജിയണൽ കാൻസർ സെന്റർ ഡയറക്ടറുടെയോ ആരോഗ്യ വകുപ്പ് ഡയറക്ടറുടെയോ പ്രത്യേക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2 ലക്ഷം രൂപ വരെ പലിശരഹിത വായ്പ ലഭിയ്ക്കും. കൂടാതെ 13.12.2004 ലെ 50352/ജി2 സർക്കുലർ പ്രകാരം ഹൃദയ സംബന്ധമായ ചികിത്സകളുടെ റീ ഇമ്പേഴ്സ്മെന്റിനും, പലിശ രഹിത വായ്പയ്ക്കും തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ നിരക്കുകൾ ബാധകമായിരിക്കും.

എ.) ശ്രീമതി. സെൽവി. കെ, ഓഫിസ് അറ്റൻഡന്റ്, ഡിപ്പാർട്ടുമെന്റ് ഓഫ് അപ്ലൈഡ് എകണോമിക്സ്, ന് 400000/- രൂപയാണ് പലിശരഹിത വായ്പയായി നൽകിയത്.

ബി.) ശ്രീമതി. അപർണ്ണ വർമ്മ.ജെ, ജൂനിയർ ലൈബ്രേറിയൻ , ഡിപ്പാർട്ടുമെന്റ് ഓഫ് മാത്തമാറ്റിക്സ്, ന് 220000/- രൂപയാണ് പലിശരഹിത വായ്പയായി നൽകിയത്.

പലിശ രഹിത വായ്പകൾ അനുവദിയ്ക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ പാലിയ്ക്കേണ്ടതാണ് . സർക്കാർ നല്കുന്ന ഗ്രാന്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സർവ്വകലാശാല സർക്കാർ ചട്ടങ്ങൾ പാലിക്കാതെ സിന്റിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ അത് സർക്കാരിന്റെ പൊതു ഖജനാവിനെ ബാധിക്കുമെന്നതിനാൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലയിമുകൾ അനുവദിയ്ക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-17 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് അധ്യായം XII (VI)(6)(സി) പ്രകാരം മുൻ കൂർ അനുവദിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം ആയത് ക്രമീകരിക്കേണ്ടതാണ്. കൂടാതെ സർ ക്കാർ ഉത്തരവ് (പി) നം 419/11 തീയതി 4.10.11-ലെ നിർദ്ദേശമനുസരിച്ച് മുൻകൂർ കൈപ്പറ്റിയ തീയതി മുതൽ 3 മാസത്തിനകം ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ 18% പലിശ ഈടാക്കാവുന്നതാണ്. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാവുന്നതാണെന്ന് സർക്കുലർ നം 43/ 12/ഫിൻ തീയതി 24.7.12-ൽ വ്യക്തമാക്കിയിട്ടുണ്ട് . ക്രമീകരിക്കാത്ത മുൻകൂറുകളുടെ വിവരം

പരിശോധിച്ച് മതിയായ കാരണങ്ങളില്ലാതെ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന മുൻകൂറുകൾക്ക് 18% പലിശ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദ വിവരം ***അനുബന്ധം 5*** ൽ ചേർത്തിട്ടുണ്ട്.

## 3-18 മരാമത്ത് വേലകൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

2018-19 വർഷത്തിൽ എടുത്ത താഴെ സൂചിപ്പിക്കുന്ന മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | എസ്.ആർ നം./ തീയതി ചെക്ക് നം./ തീയതി | തുക | മുൻകൂറിന്റെ ഉദ്ദേശ്യം | U.O.No. തീയതി. |
|---|---|---|---|---|
| 1 | 4/18-19/26.06.18 706843/29.06.18 | 2,33,00,000/- | Advance amount payable to Executive EngineerCPWD, Cochin division Kochi-37 towards release of partial advance of 1/3rd estimate amount for the construction of Boys Hostel at Cusat, Thrikkakara Campus under RUSA funded Scheme | UEU/ 3342/17-18/25.06.18 |
| 2 | 10/18-19/24.09.18 99110/26.09.18 | 36,58,000/- | Advance amount payable to Executive EngineerCPWD, Cochin Central division Kochi-37 towards the 1st instalment of deposit amount to phase II construction of Building for Centre for Budget Studies in Thrikkakara Campus | UEU/ 3429/18-19/18.09.18 |
| 3 | 17/18-19/24.01.19 051281/28.03.19 | 40,00,000/- | Advance amount payable to Executive Engineer (E) KCED, CPWD Cochin Central Division towards 2nd instalment of deposit amount to the phase II construction of building for centre for Budget Studies | UEU/ 3429/18-19/23.01.19 |
| 4 | 18/18-19/06.02.19 050730/15.02.19 | 90,00,000/- | Advance amount payable to Executive Engineer CPWD Cochin Central Division towards 2nd instalment of an extension of ISP Building at Thrikkakara Campus, CUSAT | UEU/2818/14-15/01.02.19 |
| 5 | 22/18- | 65,27,055/- | Advance amount payable to Executive | UEU/ |

| | | | | |
|---|---|---|---|---|
| | 19/25.02.19 132962/20.03.19 | | EngineerCPWD, Cochin division Kochi-37 towards release of IIIrd deposit instalment for construction of additional floor (IIIrd floor) over existing Cadet Hostel at Thrikkakara Campus by cancelling SR.no 14/18-19 | 2875/13-14/19.02.19 |
| 6 | 23/18-19/01.03.19 051302/28.03.19 | 94,00,000/- | Advance amount payable to the Managing Director RBDCK towards release of 20% of sanctioned value to RBDCK as 2nd instalment deposit for construction work of 1st, 2nd, 3rd floor to new academic block in the Marine Science Campus | UEU/3316/16-17/28.02.19 |
| | ആകെ | **5,58,85,055/-** | | |

മരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തിയാക്കി മുൻകൂർ തുകകൾ യഥാസമയം ക്രമീകരിക്കുന്നതിന് സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം ശ്രദ്ധിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ക്രമീകരിക്കാതെ ബാക്കി നിൽക്കുന്ന മുൻകൂറുകൾ 18% പലിശ ഈടാക്കി ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-19 സർവ്വകലാശാലയുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ

### 3-19 (1) അപ്ലൈഡ് കെമിസ്ട്രി വകുപ്പ് – പ്രോജക്ടിന്റെ അക്കൗണ്ട്സ് ഓഡിറ്റ് ചെയ്യുന്നതിനുള്ള ഓഡിറ്റ് ഫീസ് യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും ചെലവഴിച്ചു

അപ്ലൈഡ് കെമിസ്ട്രി വകുപ്പിന്റെ 'ന്യൂ ഓർഗാനോകാറ്റാലിസിസ് ഫോർ **മൈക്കൽ** അഡീഷൻ റിയാക്ഷൻ' എന്ന പ്രോജക്ടിന്റെ (പ്രോജക്ട് ഇൻവെസ്റ്റിഗേറ്റർ – ഡോ.എൻ. മനോജ്) അക്കൗണ്ട്സ് ഓഡിറ്റ് ചെയ്തതിന്റെ ഫീസായി 2000/-രൂപ എം. എസ്. ജയപ്രകാശ് ആന്റ് കോ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.(സി.ബി.നം.107/18-19). പ്രോജക്ടിന്റെ രേഖകളിൽ പ്രോജക്ടിന്റെ അക്കൗണ്ട്സ് ഓഡിറ്റ് ചെയ്യേണ്ടത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ/ ചാർട്ടേഡ് അക്കൗണ്ടന്റ് ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ ഉണ്ടായിരിക്കെ ചാർട്ടേഡ് അക്കൗണ്ടന്റിനെ പ്രോജക്ട് അക്കൗണ്ട്സ് ഓഡിറ്റ് ചെയ്യുവാൻ ഏല്പിച്ചിരിക്കുന്നു . കൂടാതെ ഓഡിറ്റ് ഫീസ് സംബന്ധിച്ച ചെലവുകൾ പ്രോജക്ട് ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടുമില്ല . ഓഡിറ്റ് ചെലവുകൾ പ്രോജക്ടിന്റെ അക്കൗണ്ടിൽ നിന്നും ചെലവഴിക്കാതെ 'കണ്ടിജൻസീസ് ആൻറ് അദർ എക്സ്പെൻസസ് ' എന്ന ഹെഡിൽ നിന്നും ചെലവഴിച്ചിരിക്കുന്നു . മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.5/അപ്ലൈഡ് കെമിസ്ട്രി/20.9.19) നൽകിയെങ്കിലും

മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഓഡിറ്റ് ഫീസിനായി ചെലവഴിച്ച തുകയായ 2000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-19(2) അറ്റ്മോസ്ഫെറിക്ക് സയൻസ് വകുപ്പ് - അനുബന്ധ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 21,570/- രൂപ തടസ്സപ്പെടുത്തുന്നു.

ചുവടെ കൊടുത്തിരിക്കുന്ന കണ്ടിജന്റ് ബില്ലുകളുടെ അനുബന്ധ വൗച്ചറുകൾ പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

| ക്രമ നം. | സി.ബി. നം./തിയതി | തുക | ഇനം |
|---|---|---|---|
| 1. | 46/18-19/ DAS/27.04.18 | 19063/- | കണ്ടിജന്റ് ഗ്രാന്റ് |
| 2. | 16/18-19/ DAS/27.04.18 | 2507/- | TOMYAS ന് നൽകിയ പരസ്യതുക. വൌച്ചർ പ്രകാരമുള്ള ആകെ 131595/-തുകയിൽ 129088/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയെങ്കിലും 2507/-രൂപ അധികമായി ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| | **ആകെ** | **21570/-** | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/അറ്റ്മോസ്ഫറിക്ക് സയൻസ്/18-19/18.12.2019)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപറഞ്ഞ കണ്ടിജൻറ് ബില്ലിന്റെ ആകെ തുകയായ 21,570/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-19(3) അറ്റ്മോസ്ഫെറിക്ക് സയൻസ് വകുപ്പ് -ഡി.ഡി.എഫ് അക്കൗണ്ടിൽ നിന്നും അഡ്വാൻസ് എടുത്തതിലും അധികം തുക റീഫണ്ട് ചെയ്തതിലെ അപാകത പരിഹരിക്കേണ്ടതാണ്.

കോഷൻ ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യുന്നതിനായി ചെക്ക് നം.35124 തീ. 8.05.18 പ്രകാരം ഡി.ഡി.എഫ് അക്കൗണ്ടിൽ നിന്നും 33680/- രൂപ അഡ്വാൻസ് എടുത്തിട്ടുണ്ട്. ടി ഇനത്തിൽ ഡി.ഡി.എഫ് അക്കൗണ്ടിലേക്ക് റീക്ലപ്പ്മെന്റ് ആയി 36,380/- രൂപ വരവ് വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ പറയുന്നു.

| റീക്ലപ്പ്മെന്റ് വരവ് രേഖപ്പെടുത്തിയ തീയതി | സി.ബി. നം | ചെക്ക് നം./തീയതി | തുക |
|---|---|---|---|
| 1.08.2018 | 13/18-19 | 341253/ 25.07.2018 | 14440 |

| | | | |
|---|---|---|---|
| 3.08.2018 | 14/18-19&15/18-19 | 456412/ 03.08.2018 | 21940 |
| ആകെ | | | 36380 രൂപ |

ഡി.ഡി.എഫ് അക്കൗണ്ടിൽ നിന്നും 33680/-രൂപ അഡ്വാൻസ് എടുക്കുകയും ആയതിന്റെ റീഇംപ്പ്മെന്റ് ആയി 36380/- രൂപ (2700/- രൂപ) അധികം ഡി.ഡി.എഫ് അക്കൗണ്ടിൽ വരവ് എടുക്കുകയും ചെയ്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നം.2/അറ്റ്മോസ്ഫറിക് സയൻസ്/2018-19/18.12.2019 ആയി എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19(4) ഫിസിക്സ് വകുപ്പ് - വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 4,18,180/- രൂപ തടസ്സപ്പെടുത്തുന്നു.

ചുവടെ കൊടുത്തിരിക്കുന്ന കണ്ടിജന്റ് ബില്ലുകളുടെ അനുബന്ധ വൗച്ചറുകൾ പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

| ക്രമ നം. | കണ്ടിജെന്റ് ബിൽ നം. | തുക |
|---|---|---|
| 1. | 30/18-19 | 20,000/- |
| 2. | 37/18-19 | 20,000/- |
| 3. | 50/18-19 | 53,550/- |
| 4. | 106/18-19 | 32,795/- |
| 5. | 107/18-19 | 2,16,000/- |
| 6. | 142/18-19 | 12,035/- |
| 7. | 146/18-19 | 20,000/- |
| 8. | 53/18-19 | 9,000/- |
| 9. | 100/18-19 | 17,400/- |
| 10. | 101/18-19 | 17,400/- |
| | **ആകെ** | **4,18,180/-** |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/ഫിസിക്സ്/30.8.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപറഞ്ഞ കണ്ടിജൻറ് ബില്ലുകളുടെ ആകെ തുകയായ 4,18,180/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-19(5) സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (C-SiS)- ദിവസവേതന ജീവനക്കാരന്റെ ശമ്പളം മറ്റൊരു ജീവനക്കാരന്റെ അക്കൗണ്ട് മുഖേന വിതരണം ചെയ്തു

ഗാർഡനർ ജോലി ചെയ്യുന്ന ഷിബു മൊഹന്തി എന്ന വ്യക്തിയുടെ വേതനം , ലക്ഷ്മികാന്ത് ജെന എന്ന മറ്റൊരു ജീവനക്കാരന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് (അക്കൗണ്ട് നം.67274658629) നൽകുന്നത് . ജീവനക്കാരന്റെ അപേക്ഷ പ്രകാരമാണ് ഇപ്രകാരം ചെയ്യുന്നത് എന്നാണ് ശമ്പളവിതരണ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് . തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നം/തീയതി | തുക (രൂപ) | വൗച്ചർ തുക (രൂപ) |
|---|---|---|
| 387094/4.4.18 | 13500 | 133250 |
| 387119/2.5.18 | 12500 | 262025 |
| 387138/1.6.18 | 12000 | 255475 |
| 387147/4.7.18 | 12000 | 82150 |
| 632597/1.8.18 | 12000 | 151395 |
| 632616/31.8.18 | 10000 | 130175 |
| 632633/1.10.18 | 9500 | 101120 |
| 632636/1.11.18 | 5500 | 126180 |
| 632647/1.12.18 | 5500 | 174065 |
| 632663/1.1.19 | 8000 | 198510 |
| 904580//1.2.19 | 12500 | 170455 |
| 904590//1.3.19 | 11500 | 130850 |
| ആകെ | 124500 | |

മേൽ സൂചിപ്പിച്ച പ്രകാരം ഒരു ജീവനക്കാരന്റെ ശമ്പളം മറ്റൊരു ജീവനക്കാരന്റെ അക്കൗണ്ടിലൂടെ വിതരണം ചെയ്യുന്നതിനാൽ തന്നെ ജീവനക്കാരന് വേതനം കൃത്യമായി ലഭിച്ചിട്ടുണ്ടോ എന്ന വസ്തുത പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഈ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം .1/സി-സിസ്/22.10.2019 -നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുകയായ 124500/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-19(6) സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (C-SiS)- ടെണ്ടർ നടപടികൾ പാലിക്കാതെ കമ്പ്യൂട്ടറുകൾ വാങ്ങി - 4,52,400/-രൂപ തടസ്സപ്പെടുത്തുന്നു.

സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി 2018-19 വർഷം 15 ലെനോവോ ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട് .(ചെലവ് -452400/- ചെക്ക് നം.632588/30.7.18) ടെണ്ടർ ക്ഷണിക്കാതെ ടീം ഫ്രണ്ട്ലൈൻ ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നാണ് പർച്ചേസ് നടത്തിയിരിക്കുന്നത്.(ബിൽ നം.TR-18-19/217/10.7.18). മുൻവർഷം കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് ഇതേ സ്ഥാപനത്തിൽ നിന്നുമാണ് എന്ന വസ്തുത കണക്കിലെടുത്ത് കമ്പ്യൂട്ടറുകൾ ടീം ഫ്രണ്ട്ലൈൻ ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാം എന്നാണ് ഡിപ്പാർട്ട്മെന്റ് കൗൺസിലിന്റെ 4.5.2018-ലെ യോഗത്തിൽ തീരുമാനമെടുത്തിരിക്കുന്നത്. എന്നാൽ ഇത്തരം വാങ്ങലുകൾ സ്റ്റോർ പർച്ചേസ് മാനുവലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം .3/22.10.2019/സി-സിസ് പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തക്കതായ വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവുതുകയായ 4,52,400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19(7) സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് - കൺസൾട്ടൻസി വർക്ക് - രേഖകൾ ഹാജരാക്കിയില്ല

സർവ്വകലാശാലയുടെ 20.9.2006 ലെ PLB1/16767/05 നമ്പർ U.O പ്രകാരം കൺസൽട്ടൻസി ജോലികൾ ഏറ്റെടുത്തു നടത്തുന്ന അദ്ധ്യാപകർ , ഏറ്റെടുത്ത കൺസൽട്ടൻസി ജോലികളുടെ എല്ലാ വിവരങ്ങളും (ഫണ്ടിംഗ് ഏജൻസിയുടെ അപേക്ഷ, കൺസൽട്ടൻസി ജോലിയുടെ തുക, കാലയളവ്, ഏത് ഇനം ജോലി, DDF/CUF വിഹിതം അടവാക്കിയ വിവരം, അദ്ധ്യാപകരുടെ ഓണറേറിയം) വകുപ്പ് മേധാവിക്കും, സർവ്വകലാശാലയ്ക്കും, ലഭ്യമാക്കേണ്ടതാണ്. കൺസൽട്ടൻസി ജോലി നടപ്പാക്കിയതിന് ശേഷം പ്രസ്തുത കൺസൽട്ടൻസി ജോലികളുടെ 25% ഡി.ഡി.എഫ് അക്കൗണ്ടിലും 5% CUF ഫണ്ടിലും അടവാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന കൺസൽട്ടൻസി ജോലിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| കൺസൾട്ടൻസി വർക്കിന്റെ പേര് | Proposal for making of the family business constitution to M/s Prudential Rubber Pvt. Ltd. |
| സ്ഥാപനത്തിന്റെ പേര് | M/s പ്രൂഡൻഷ്യൽ റബ്ബർ പ്രൈവറ്റ് ലിമിറ്റഡ് |
| കൺസൾട്ടന്റിന്റെ പേര് | ഡോ. എം.ഭാസി, പ്രൊഫസർ |
| കാലയളവ് തിയതി | 4.2.2019 to 3.3.2019 ( 1 മാസം) |
| ആകെ കൺസൾട്ടൻസി തുക | 2,00,000/- + 18% GST |

| | |
|---|---|
| 31.03.2019 വരെ സ്ഥാപനത്തിൽ നിന്ന് ലഭിച്ച ആകെ തുക | 1,18,000/- |
| ആകെ ചെലവായ തുക | 18,000/- |

M/s Prudential Rubber Pvt. Ltd. നിന്ന് 1 ഗഡുവായ 1,18,000/- രൂപ വകുപ്പിലെ ഡി.ഡി.എഫ് അക്കൗണ്ടിലേക്ക് 19.3.2019 ൽ ട്രാൻസ്ഫർ ചെയ്തു. ഈ തുകയിൽ നിന്ന് ചെലവായ 18,000/- രൂപ GST ഇനത്തിൽ CUF ൽ അടവാക്കിയിട്ടുള്ളതാണ്. 31.03.2019 വരെ ബാക്കിയുള്ള 1,00,000/- രൂപയുടെ ചെലവ് നടത്തിയതിനുള്ള രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല . കൺസൽട്ടൻസി ജോലിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-19 (8) സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് - പ്രോജക്ടുകളുടെ വരവ്-ചെലവ് കണക്കുകൾ ഹാജരാക്കിയില്ല

2018-19 വർഷത്തിൽ വിവിധ ഫണ്ടിംഗ് ഏജൻസി മുഖാന്തിരം വകുപ്പിൽ നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന പ്രോജക്ടുകളുടെ വരവ് -ചെലവ് കണക്കുകൾ സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, തുക, കാലയളവ് | ഫണ്ടിംഗ് ഏജൻസി | പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ |
|---|---|---|---|
| 1. | Does consumer beliefs concerning ethnocentrism and cosmopolitanism matters in GIs product purchase<br>1,00,000/- - 1 വർഷം | IUCIPRS | ഡോ.ശ്രീജേഷ് എസ്<br>അസി. പ്രൊഫസർ |
| 2. | Entrepreneurial competence of women entrepreneurs and its effect on firm's market performance : A study on small and medium enterprises (SME) in India<br>1,75,000/- - 2 വർഷം | SPG-2018-19<br>SMNRI | ഡോ.ശ്രീജേഷ് എസ്<br>അസി. പ്രൊഫസർ |

പ്രോജക്ടിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 3-19(9) ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് വകുപ്പ് – ഫീസിനത്തിൽ ഡിഡിഎഫിൽ വരവ് വരുന്ന തുകയിൽ നിന്നും CUF വിഹിതം അടവാക്കുന്നില്ല.

ക്യാഷ്ബുക്ക് പ്രകാരം 31.3.19 ൽ 29,12,263/-രൂപ ഡി.ഡി.എഫിൽ നീക്കിയിരിപ്പുണ്ട്. വകുപ്പ് നേരിട്ട് നടത്തുന്ന ഹ്രസ്വകാല കോഴ്സുകളുടേയും അവധിക്കാല കോഴ്സുകളുടേയും ഫീസിനത്തിൽ ലഭിക്കുന്ന തുകയാണ് ഡി.ഡി.എഫ് വരവിലെ മുഖ്യ ഇനം . ഫീസിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും കോഴ്സുകളുടെ നടത്തിപ്പിന് ചെലവാകുന്ന തുക കുറവ് ചെയ്ത് ബാക്കി ലഭിക്കുന്ന ലാഭത്തിന്റെ 50% CUF ലേക്ക് അടവാക്കേണ്ടതാണ്. ഇതിൽ നിന്നും വ്യത്യസ്തമായി മുഴുവൻ ഫീസ് തുകയും ഡി.ഡി.എഫിൽ തന്നെ നിലനിർത്തുകയാണ് ചെയ്യുന്നത്. സർവ്വകലാശാലയുമായി ബന്ധപ്പെട്ട് CUF വിഹിതം അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഡി.ഡി.എഫ് നീക്കിയിരിപ്പ് തുകയിൽ നിന്ന് ഉയർന്ന ബാങ്ക് പലിശ ലഭിക്കുന്ന സ്ഥിര നിക്ഷേപം നടത്തുകയാണെങ്കിൽ വകുപ്പിന് അധിക വരുമാനം കണ്ടെത്താൻ സാധിക്കും.

## 3-19 (10) സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് – പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതു സംബന്ധിച്ച് – തുക തടസ്സപ്പെടുത്തുന്നു

സെൻറർ ഫോർ ബജറ്റ് സ്റ്റഡീസിന്റെ 2018-19 വർഷത്തെ കണ്ടിജൻറ് ബില്ലുകളുടെ പരിശോധനയിൽ സെന്റർ കോ -ഓർഡിനേറ്ററുടെ പെൻഷൻ കോൺട്രിബ്യൂഷൻ CUF ലേക്ക് അടവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സി.ബി നം. | ആവശ്യം | കാലയളവ് | തുക |
|---|---|---|---|
| 9/18-19 | ശ്രീ. സാബു തോമസ് കോ-ഓർഡിനേറ്ററുടെ പെൻഷൻ കോൺട്രിബ്യൂഷൻ | 1/1/2018 to 25/6/2018 | 77,875/- |
| 35/18-19 | ശ്രീ സാബു ടി.എം. കോ-ഓർഡിനേറ്ററുടെ പെൻഷൻ കോൺട്രിബ്യൂഷൻ | 20/6/2018 to 31/12/2018 | 1,02,871/- |
| 52/18-19 | ശ്രീ സാബു ടി.എം. കോ-ഓർഡിനേറ്ററുടെ പെൻഷൻ കോൺട്രിബ്യൂഷൻ | 1/1/2019 to 27/1/2019 | 15,050/- |
| | | | 1,95,796/- |

സർവകലാശാലയിലെ തന്നെ ജീവനക്കാരനാണ് സെൻററിൽ അന്യത്ര സേവനത്തിൽ കോ - ഓർഡിനേറ്ററായി ജോലി നോക്കുന്നത്. സർവകലാശാലയിലെ ഒരു ജീവനക്കാരൻ സർ വകലാശാലയിലെ തന്നെ ഒരു സെന്ററിൽ അന്യത്ര സേവനത്തിൽ ജോലി നോക്കുന്നത് എന്തുകൊണ്ടാണെന്ന കാര്യത്തിൽ വ്യക്തതയില്ല.

ഏതു വകുപ്പിലാണോ ഒരാൾ അന്യത്ര സേവനത്തിൽ ജോലി നോക്കുന്നത് ആ വകുപ്പിൽ നിന്നുമാണ് അയാൾ ശമ്പളം കൈപ്പറ്റേണ്ടത് . അങ്ങനെ മറ്റ് വകുപ്പിൽ നിന്നും ശമ്പളം കൈപ്പറ്റുമ്പോഴാണ് മാതൃവകുപ്പിലേക്ക് പെൻഷൻ കോൺട്രിബ്യൂഷൻ കൈമാറേണ്ടത്. ഇവിടെ സെൻറർ ഫോർ ബജറ്റ് സ്റ്റഡീസ് പ്രത്യേക വകുപ്പല്ല. അങ്ങനെ ആണെങ്കിൽ തന്നെ കോ -ഓർഡിനേറ്റർമാർ സെന്ററിന്റെ ബജറ്റ് ശീർഷകത്തിൽ നിന്നും ശമ്പളം കൈപ്പറ്റുന്നില്ല എന്ന് വ്യക്തമാണ്. കാരണം അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളം നൽകാനുള്ള ബജറ്റ് ശീർഷകത്തിൽ നിന്ന് തൻവർഷം ചെലവൊന്നും ഉണ്ടായിട്ടില്ല. ശമ്പള ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയതുമില്ല . സർവകലാശാലാ ഫണ്ടിൽ നിന്നു തന്നെയാണ് ഇവർ ശമ്പളം കൈപ്പറ്റുന്നത് എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ആ നിലയ്ക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട് (KSA(STU)A3-893/19 dtd:16.11.2019). വ്യക്തവും തൃപ്തികരവുമായ മറുപടി ലഭ്യമാകുന്നതു വരെ ഈ ഇനത്തിൽ അനുവദിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-19(11) സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് - പ്രവർത്തനം നിഷ്ക്രിയമായി തുടരുന്നു

സെന്ററിന്റെ 2018-19 വർഷത്തെ ബജറ്റ് അലോക്കേഷൻ, അതിൽ നിന്നും സാമ്പത്തിക വർഷം അവസാനം വരെ ഉണ്ടായ ചെലവുകൾ, എന്നിവ പരിശോധിച്ചാൽ സെന്ററിന്റെ പൊതുവായ പ്രവർത്തനം നിഷ്ക്രിയമാണെന്ന് വ്യക്തമാകുന്നു. ബജറ്റ് ശീർഷകങ്ങളും ഓരോന്നിനും 2018-19 വർഷം നീക്കി വച്ച തുകയും അവയിൽ നിന്നുണ്ടായ ചെലവുകളുടെയും വിശദമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 19-7-P-Salaries and allowances-1 -Salaries-001 Salaries -Teaching | 25,00,000 | 0.00 | 25,00,000 |
| 2 | 19-7-P-Salaries and allowances-1 -salaries-Non Teaching-050 | 13,00,000 | 0.00 | 13,00,000 |
| 3 | 19-7-P-Salaries and allowances-1 Salaries -Establishment-100 | 7,00,000 | 0.00 | 7,00,000 |
| 4 | 19-7-P-Salaries and Allowances-2-Allowances-TA to Uty Staff-200 | 10,000 | 9,015 | 985 |
| 5 | 19-7-p-Salaries and Allowances-2-Allowances-TA Others-249 | 50,000 | 0.00 | 50,000 |
| 6 | 19-7-P-Salaries and Allowances-2-Allowances-Honorarium Director-282 | 5,00,000 | 4,02,419 | 97,581 |
| 7 | 19-7-Q-Contingencies and other | 1,00,000 | 95,035 | 4,965 |

| | | | | |
|---|---|---|---|---|
| | Expenses-1-Services-Wages to casual labourers-001 | | | |
| 8 | 19-7-Q-Contingencies & Other Expenses-1-Services-Communication-002 | 10,000 | 3,785 | 6,215 |
| 9 | 19-7-Q-Contingencies & Other Expenses-1-Services-Printing/Binding-009 | 50,000 | 11,200 | 38,800 |
| 10 | 19-7-Q-contingencies & Other Expenses-1-Service-Advertisements & notifications-010 | 25,000 | 0.00 | 25,000 |
| 11 | 19-7-Q-Contingencies & Other Expenses-1-Services-Postage-015 | 10,000 | 0.00 | 10,000 |
| 12 | 19-7-Q-contingencies & other expenses-1-Services-software development and maintenance-024 | 50,000 | 0.00 | 50,000 |
| 13 | 19-7-Q-contingencies & other expenses-1-Services-Repair & maintenance-025 | 10,000 | 7,818 | 2,182 |
| 14 | 19-7-Q-contingencies & other expenses-1-computer/equipments-104 | 3,00,000 | 0.00 | 3,00,000 |
| 15 | 19-7-Q-contingencies & other expenses-2-purchases-105 | 1,00,000 | 0.00 | 1,00,000 |
| 16 | 19-7-Q-contingencies & other expenses-2-purchase-books,journals,periodicals-135 | 10,00,000 | 0.00 | 10,00,000 |
| 7 | 19-7-Q-Contingencies & other expenses-2-purchases-Stationery-140 | 30,000 | 760 | 29,240 |
| 18 | 19-7-Q-contingencies & Other Expenses-3-Activities-Seminars/conferences/symposium-230 | 2,00,000 | 27,915 | 1,72,085 |
| 19 | 19-7-Q-Contingencies & Other Expenses-3-Activities-Invited talks-259 | 1,00,000 | 21,467 | 78,533 |
| 20 | 19-7-Q-Contingencies & other Expenses-3-Activities-Other Activities- | 33,00,000 | 0.00 | 33,00,000 |

| | | | | |
|---|---|---|---|---|
| | 289 | | | |
| 21 | 19-7-Q-Contingencies & other expenses-4-Welfare-leave salary & pension contribution-305 | 3,00,000 | 0.00 | 3,00,000 |
| 22 | 19-7-Q-Contingencies & other Expenses-5-others-miscellaneous expenses | 2,00,000 | 1,30,890 | 69,110 |

വിവിധ ശീർഷകങ്ങളിലായി 1,08,45,000/- രൂപ നീക്കി വച്ചിട്ടുണ്ടെങ്കിലും ആകെ ചെലവ് 7,10,304/- രൂപ മാത്രമാണ്. അതിൽ തന്നെ 4,02,419/- രൂപ ഡയറക്ടറുടെ ഹോണറേറിയവും 95,035/- രൂപ ദിവസവേതന ജീവനക്കാരുടെ വേതനവും 9,015/- രൂപ ജീവനക്കാരുടെ യാത്രാബത്തയും 1,30,890/- രൂപ മറ്റു പലവക ചെലവിനത്തിലുമാണ്. സെമിനാർ, സിംപോസിയം, എന്നിവയ്ക്കു വേണ്ടി ആകെയുള്ള ചെലവ് 49,382/- രൂപ മാത്രമാണ്. ഇതിൽ നിന്നും സെന്ററിന്റെ പ്രവർത്തനം തികച്ചും മന്ദഗതിയിലാണെന്ന് വ്യക്തമാകുന്നു. ദിവസവേതനത്തിൽ ഒരു അസിസ്റ്റന്റും ഒരു അറ്റൻഡറും മാത്രമാണ് സെൻററിൽ ഉള്ളത് . സർവകലാശാലയിൽ നിന്നും വിരമിച്ച ഒരു അദ്ധ്യാപകൻ ഹോണററി ഡയറക്ടറായും സർവകലാശാലയിലെ തന്നെ ഒരു ജീവനക്കാരൻ കോ - ഓർഡിനേറ്ററായും പ്രവർത്തിക്കുന്നു. ഈ ജീവനക്കാരുടെ വേതനം, ഹോണറേറിയം, മറ്റു അലവൻസുകൾ നൽകുന്ന ജോലികളിലേക്ക് ഓഫീസ് പ്രവർത്തനം ഒതുങ്ങി പോയിരിക്കുന്നു. അദ്ധ്യാപകർക്ക് 25,00,000/- രൂപയും അനദ്ധ്യാപകർക്ക് 13,00,000/- രൂപയും ബജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ഒരു കോഴ്സ് പോലും തുടങ്ങിയിട്ടില്ല, വർഷാവസാനം പേരിനു മാത്രം ചില സെമിനാറുകളും സിംപോസിയങ്ങളും നടത്തിയിട്ടുണ്ട്. (ഇവയിൽ പലതും സാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെട്ടുള്ളതും സർവകലാശാലക്ക് പുറത്ത് നടന്നവയുമാണ്.) ഗുണഭോക്താക്കൾ സാമ്പത്തിക ശാസ്ത്രവിഭാഗത്തിലെ കുട്ടികളും സർവകലാശാലയുടെ ചുറ്റുവട്ടത്തുള്ള സ്കൂൾ , കോളേജ് അദ്ധ്യാപകരും.

കോഴ്സുകളോ ഗവേഷണത്തിനുള്ള പരിപാടികളോ ഒന്നും ഇല്ലാതെ സെമിനാറുകൾ മാത്രം നടത്തുന്നതിനു വേണ്ടി ഒരു വിഭാഗം തന്നെ പ്രവർത്തിക്കേണ്ടതുണ്ടോ എന്നതു ചിന്തിക്കേണ്ട വിഷയമാണ്. സാമ്പത്തിക ശാസ്ത്ര വിഭാഗത്തിൽ തന്നെ ഇത്തരം സെമിനാറുകൾ സംഘടിപ്പിക്കുകയാണെങ്കിൽ ശമ്പളം, വേതനം, ഹോണറേറിയം തുടങ്ങിയ ചെലവുകളും മറ്റു തുടർ ചെലവുകളും ഒഴിവാക്കാവുന്നതാണ്. ഇക്കാര്യങ്ങളിലേക്ക് ഭരണ വിഭാഗത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19(12) ബയോടെക്നോളജി വകുപ്പ് - ചെക്ക് ബാങ്കിൽ സമർപ്പിക്കാൻ വൈകിയതുമൂലം 4065/- രൂപയുടെ നഷ്ടം

ടെണ്ടർ ഫോമുകൾ വിൽപ്പന ഇനത്തിൽ വകുപ്പിന് ലഭിച്ചിരുന്ന താഴെപ്പറയുന്ന ചെക്കുകൾ ബാങ്കിൽ സമർപ്പിക്കുന്നതിന് വൈകിയതുമൂലം ആകെ 4065/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.1/09.01.20 പ്രകാരം ലഭിച്ച മറുപടിയിൽ കാലാവധി തീരുന്നതിനു മുമ്പ് ബാങ്കിൽ ചെക്ക് സമർപ്പിച്ചുവെങ്കിലും ചെക്ക് മടക്കി നൽകുകയായിരുന്നുവെന്നും തുക

ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി | തുക | ബാങ്കിൽ ചെക്ക് സമർപ്പിച്ച തീയതി | ചെക്ക് റിട്ടേൺ ചാർജ്ജ് |
|---|---|---|---|---|
| 1 | 7378/23.7.18 | 660/- | 17.10.18 | 177/- |
| 2 | 7387/25.7.18 | 860/- | 17.10.18 | 177/- |
| 3 | 3317/23.7.18 | 660/- | 17.10.18 | 177/- |
| 4 | 3315/23.7.18 | 500/- | 17.10.18 | 177/- |
| 5 | 7389/23.7.18 | 500/- | 17.10.18 | 177/- |
| | ആകെ | 3180/- | ആകെ | 885/- |

ആകെ നഷ്ടം 3180 + 885 = 4065/-

ചെക്ക് റീവാലിഡേറ്റ് ചെയ്ത് വീണ്ടും ബാങ്കിൽ സമർപ്പിട്ടില്ല. മുകളിൽ ചേർത്തിട്ടുള്ള പ്രകാരം നഷ്ടം രേഖപ്പെടുത്തിയിട്ടുള്ള തുകയിൽ 3180/- രൂപ കൊച്ചിൻ യൂണിവേഴ്സിറ്റി ഫണ്ടിലും, 885/- രൂപ പി.ഡി. അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ് . അല്ലാത്തപക്ഷം നഷ്ടസംഖ്യ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തി സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-19(13) ബയോടെക്നോളജി വകുപ്പ് - ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അധിക വേതനം നൽകി - നഷ്ടം 4150/- രൂപ

2018-19 വർഷത്തെ സി .ബി വൗച്ചർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുംവിധം ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അധിക വേതനം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| സി.ബി.നം./ തീയതി | ജീവനക്കാരിയുടെ പേര്/ തസ്തിക/നിരക്ക് | നൽകിയ വേതനം/ ദിവസങ്ങൾ | നൽകേണ്ട വേതനം/ ദിവസങ്ങൾ | അധികം നൽകിയ തുക /ദിവസം |
|---|---|---|---|---|
| 08/18-19<br>25.4.18 | സുമ എൻ.എം<br>സ്വീപ്പർ കം ക്ളീനർ<br>@ 630/- പ്രതിദിനം | 14,490/-<br>21.3.18 to<br>20.4.18<br>23 days | 13860/-<br>22 ദിവസം | 630/-<br>6.4.18 ൽ<br>ഹാജരില്ല. |

| | | | | |
|---|---|---|---|---|
| 39/18-19<br>11.7.18 | ജാസ്മിൻ പി.എ<br>കമ്പ്യൂട്ടർ അസിസ്റ്റന്റ്<br>@ 735/പ്രതിദിനം | 23520/-<br>21.5.18 to<br>30.6.18<br>32 days | 22785/-<br>31 ദിവസം | 735/-<br>21.5.18 ൽ<br>ഹാജരില്ല. |
| 67/18-19<br>25.9.18 | മേരി സെബാസ്റ്റ്യൻ കെ<br>കമ്പ്യൂട്ടർ അസിസ്റ്റന്റ്<br>@ 735/- പ്രതിദിനം | 14700/-<br>21.8.18 to<br>20.9.18<br>20 days | 13965/-<br>19 ദിവസം | 735/-<br>15.9.18 ൽ<br>ഹാജരില്ല. |
| 65/18-19<br>25.9.18 | സാലിഹ പി.ഐ<br>പ്രൊഫഷണൽ<br>അസിസ്റ്റന്റ് @1025/-<br>പ്രതിദിനം | 20500/-<br>21.8.18 to<br>20.9.18<br>20 days | 18450/-<br>18 ദിവസം | 2050/-<br>31.8.18,<br>10.9.18 ൽ<br>ഹാജരില്ല. |
| | | ആകെ അധികം നൽകിയ തുക | | 4150/- |

അധികമായി നൽകിയ വേതനം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൊച്ചിൻ യൂണിവേഴ്സിറ്റി ഫണ്ടിൽ (CUF) ൽ അടക്കുവാക്കേണ്ടതാണ്.

## 3-19(14) ബയോടെക്നോളജി വകുപ്പ് - വൗച്ചറുകൾ, സബ് വൗച്ചറുകൾ, ഫയലുകൾ എന്നിവ ഹാജരാക്കിയില്ല - 22,47,809/- രൂപ തടസ്സപ്പെടുത്തുന്നു.

എ) 2018-19 വർഷത്തെ സി.ബി വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സി.ബി.നം | തീയതി | തുക | വിവരണം |
|---|---|---|---|---|
| 1 | 4/18-19 | 7.4.18 | 23,133/- | ശ്രീമതി സൗമ്യ.കെ.കെയ്ക്ക് കണ്ടിജന്റ് ചാർജ്ജ് കൊടുത്തത്. |
| 2 | 23/18-19 | 25.5.18 | 3,21,872/- | Purchase of Flow Cylometer with floating facility |
| 3 | 74/18-19 | 11.10.18 | 1,00,000/- | CUSAT-NUS Joint International Conference |
| 4 | 75/18-19 | 11.10.18 | 4,00,000/- | CUSAT-NUS Joint International Conference |
| 5 | 119/18-19 | 23.1.19 | 9450/- | 21.12.18 മുതൽ 20.1.19 വരെ ശ്രീമതി.സുമാദേവി.കെ.കെ യ്ക്ക് നൽകിയ വേതനം. |
| 6 | 120/18-19 | 23.1.19 | 40,000/- | CUSAT-NUS Joint International Conference in Biotechnology & Neuro science. |

| | | | | |
|---|---|---|---|---|
| 7 | 141/18-19 | 5.3.19 | 7936/- | Miscellaneous purchase |
| 8 | 150/18-19 | 8.3.19 | 74068 | കെമിക്കൽസ്/ ഗ്ലാസ്സ് വെയേഴ്സ് വാങ്ങിയത് |
| 9 | 151/18-19 | 8.3.19 | 60812/- | കെമിക്കൽസ്/ ഗ്ലാസ്സ് വെയേഴ്സ് വാങ്ങിയത് |
| | | ആകെ | **10,37,271/-** | |

ബി) 2018-19 ലെ താഴെ സൂചിപ്പിക്കുന്ന എസ്.ആർ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **എസ്.ആർ നം.** | **തീയതി** | **തുക** | **വിവരണം** |
|---|---|---|---|---|
| 1 | 5/18-19 | 16.10.18 | 1,00,000/- | 2018 ഒക്ടോബർ 25, 26 തീയതികളിൽ നടന്ന നാഷണൽ സെമിനാർ ReVAB 2018 |
| 2 | 6/18-19 | 16.10.18 | 50,000/- | 2018 ഒക്ടോബർ 25, 26 തീയതികളിൽ നടന്ന നാഷണൽ സെമിനാർ ReVAB 2018 |
| 3 | 7/18-19 | 28.1.19 | 30,000/- | ഇന്റർ നാഷണൽ അനിമൽ എത്തിക്സ് കമ്മിറ്റി (IAEC) മീറ്റിംഗിന് അഡ്വാൻസ് നൽകിയത്. |
| 4 | 8/18-19 | 26.2.19 | 50,000/- | Advance for National Science Day. |
| | | ആകെ | **2,30,000/-** | |

സി) 2018-19 വർഷത്തെ സി .ബി വൗച്ചറുകളോടൊപ്പം ചെലവിന്റെ സബ് വൗച്ചറുകൾ ഉൾപ്പെടുത്തിയിട്ടില്ല. ആയത് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **സി.ബി.നം** | **തീയതി** | **തുക** | **വിവരണം** |
|---|---|---|---|---|
| 1 | 1/18-19 | 3.4.18 | 13860/- | ദിവസം 630/- രൂപ നിരക്കിൽ 21.2.18 മുതൽ 20.3.18 വരെ ശ്രീമതി.സുമ.എം.എൻ , സ്വീപ്പർക്ക് നൽകിയ വേതനം. |
| 2 | 2/18-19 | 3.4.18 | 16170/- | ദിവസം 735/- രൂപ നിരക്കിൽ 21.2.18 മുതൽ 20.3.18 വരെ ശ്രീമതി.ജാസ്മിൻ.പി.എ, കമ്പ്യൂട്ടർ അസിസ്റ്റന്റിന് നൽകിയ വേതനം. |
| 3 | 3/18-19 | 3.4.18 | 19,475 | ദിവസം 1025/- രൂപ നിരക്കിൽ 21.2.18 മുതൽ 20.3.18 വരെ ശ്രീമതി.ശ്രീല കുറുപ്പ്, |

| | | | | |
|---|---|---|---|---|
| | | | | പ്രൊഫഷണൽ അസിസ്റ്റന്റിന് നൽകിയ വേതനം. |
| 4 | 16/18-19 | 8.5.18 | 20,000/- | 12/16 മുതൽ 12/2017 വരെ ശ്രീമതി.പ്രഭ പ്രകാശിന് (KSCSTE JRF) കണ്ടിജന്റ് ചാർജ്ജ് നൽകിയത്. |
| 5 | 38/18-19 | 10.7.18 | 20,000/- | 17.5.17 മുതൽ 16.5.18 വരെ ശ്രീമതി.സൗമ്യ.കെ.കെയ്ക്ക് (UPDF)കണ്ടിജന്റ് ചാർജ്ജ് നൽകിയത്. |
| 6 | 72/18-19 | 4.10.18 | 20,000/- | ശ്രീമതി.സ്മിത മാത്യുവിന്റെ കണ്ടിജന്റ് ഗ്രാന്റ്. |
| 7 | 73/18-19 | 4.10.18 | 6906/- | ചെറുമൃഗങ്ങളുടെ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനുള്ള ചെലവ്. |
| 8 | 112/18-19 | 21.1.19 | 7454/- | Crossover ൽ നിന്ന് ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയത് Inv.No.155/1.11.2018 |
| 9 | 116/18-19 | 23.1.19 | 14490/- | ശ്രീമതി.സുമ.എം.എൻ, സ്വീപ്പർ കം ക്ലീനർ ന് 21.2.18 മുതൽ 19.1.19 വരെയുള്ള വേതനം. |
| 10 | 117/18-19 | 23.1.19 | 18900/- | ശ്രീമതി.അനു.എം.എ, ടെക്നീഷ്യൻ- 21.12.18 മുതൽ 19.1.19 വരെയുള്ള വേതനം. |
| 11 | 118/18-19 | 23.1.19 | 22550/- | ശ്രീമതി.വനജകുമാരി.വി.എൻ, പ്രൊഫഷണൽ അസിസ്റ്റന്റ് - 21.12.18 മുതൽ 19.1.19 വരെ യുള്ള വേതനം. |
| 12 | 126/18-19 | 12.2.19 | 50,000/- | ഡോ.ചിത്ര.കെ.പുഷ്പന് കണ്ടിജന്റ് ചാർജ്ജ് കൊടുത്തത്. |
| | | ആകെ | **2,29,805/-** | |

ഡി) 2018-19 വർഷത്തെ സി .ബി വൗച്ചറുകൾ പരിശോധിച്ചതിൽ വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഫയലുകളും സർവ്വകലാശാല ഉത്തരവുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സി.ബി.നം./ തീയതി | തുക | വാങ്ങിയ ഉപകരണം |
|---|---|---|---|
| 1 | 13/18-19 /7.5.18 | 48950/- | ലിക്വിഡ് നൈട്രജൻ കണ്ടെയ്നർ |
| | | 11026/- | Vibration free table |
| | | 9870/- | Surgidental operators stool |
| | | **69,846/-** | |

| | | | |
|---|---|---|---|
| 2 | 14/18-19 /7.5.19 | 35070/- | Gullotine |
| | | 49612/- | Peristatic pump |
| | | 69500/- | BOD Incubator |
| | | **1,54,182/-** | |
| 3 | 28/18-19/4.7.18 | 1,28,900/- | റഫ്രിജറേറ്റർ & എൽ.ഇ.ഡി ടിവി |
| 4 | 29/18-19/4.7.18 | 2,75,064/- | Desktop Computer, UPS & Printer<br>ഡസ്ക്കോപ്പ് കമ്പ്യൂട്ടർ, യു.പി.എസ്& പ്രിന്റർ |
| 5 | 36/18-19/10.7.18 | 48,741/- | SIDCO യിൽ നിന്ന് ഫർണിച്ചർ വാങ്ങിയത് |
| 6 | 42/18-19/16.7.18 | 74,000/- | സ്റ്റെബിലൈസർ ഉൾപ്പെടെയുള്ള എയർ കണ്ടീഷണർ. |
| | | **5,26,705/-** | |
| | ആകെ | **7,50,733/-** | |

മേൽ സൂചിപ്പിച്ചിട്ടുള്ള ഫയലുകൾ , വൌച്ചറുകൾ, സബ്-വൌച്ചറുകൾ, എന്നിവ ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ (10,37,271 + 2,30,000 + 2,29,805 +7,50,733) **22,47,809/-** രൂപ തടസ്സപ്പെടുത്തുന്നു.

## 3-19(15) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട് - യാത്രാബത്ത (ടി.എ) ബില്ലുകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ അനുവദിച്ച 41,760/- രൂപ തടസ്സപ്പെടുത്തുന്നു.

2018-19 ലെ ടി .എ.ബില്ലുകളുടെ ഓഡിറ്റിൽ താഴെ പറയുന്ന ടി .എ ബില്ലുകൾ ലഭ്യമാക്കിയിരുന്നില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് 09.01.2020 ന് നം. 1/2018-19/ കുസെക് ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ ടി .എ ഇനത്തിൽ അനുവദിച്ച 41,760/- രൂപ, ടി.എ ബില്ലുകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് വിധേയമായി തടസ്സപ്പെടുത്തുന്നു. വിശദ വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | വൗച്ചർ നം. | തുക |
|---|---|---|
| 1 | 1/18-19(1) | 1760 |
| 2 | 1/18-19(2) | 1760 |
| 3 | 1/18-19(3) | 2160 |

| | | |
|---|---|---|
| 4 | 1/18-19(4) | 2160 |
| 5 | 1/18-19(5) | 1760 |
| 6 | 2/18-19 (2) | 1760 |
| 7 | 2/18-19(3) | 2560 |
| 8 | 2/18-19(4) | 1760 |
| 9 | 2/18-19(5) | 1760 |
| 10 | 3/18-19(1) | 1760 |
| 11 | 3/18-19(2) | 1760 |
| 12 | 3/18-19(3) | 2160 |
| 13 | 3/18-19(4) | 2960 |
| 14 | 3/18-19(5) | 1760 |
| 15 | 3/18-19(6) | 1760 |
| 16 | 3/18-19(7) | 1760 |
| 17 | 4/18-19(1) | 1760 |
| 18 | 4/18-19(2) | 1760 |
| 19 | 4/18-19(3) | 1760 |
| 20 | 4/18-19(4) | 3360 |
| 21 | 4/18-19(5) | 1760 |
| ആകെ | | 41760 രൂപ |

ക്ലെയിം ചെയ്ത ടി.എ. ബില്ലുകളുടെ ചെക്ക് നമ്പർ, തീയതി എന്നിവ ടി.എ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് 09.01.2020 ന് നം.1/2018-19/കുസെക് ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ ടി വിവരങ്ങൾ ഖണ്ഡികയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല . ടി.എ.രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി മേൽ സൂചിപ്പിച്ചിട്ടുള്ള ബില്ലുകളോടൊപ്പം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 3-19(16) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട്-ചെലവുരേഖകൾ അപൂർണ്ണം-2,65,243/- രൂപ തടസ്സപ്പെടുത്തുന്നു.

സ്ഥാപനത്തിൽ 2018-19 വർഷം ചെലവഴിച്ച താഴെ കൊടുത്തിരിക്കുന്ന കണ്ടിജന്റ് ബില്ലുകളുടെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | സി.ബി.നം./ തിയതി | തുക | ഇനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1. | 111/18-19 /20.6.2018 | 34000/- | ലൈബ്രറി കോഷൻ ഡെപ്പോസിറ്റ് -റീഫണ്ട് | ലൈബ്രറി കോഷൻ ഡെപ്പോസിറ്റ് തുക വിദ്യാർ ഥികൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല |
| 2. | 112/18-19/20.6.2018 | 34000/- | ലാബ് കോഷൻ ഡെപ്പോസിറ്റ്-റീഫണ്ട് | ലാബ് കോഷൻ ഡെപ്പോസിറ്റ്തുക വിദ്യാർ ഥികൾ കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല |
| 3. | 29/18-19/23.4.2018 | 140018/- | ഇന്റർ കൊളീജിയറ്റ് സ്പോർട്സ് മീറ്റ്-സ്പോർട്സ് സാമഗ്രികളുടെ പർ ച്ചേസ് | സ്പോർട്സ് സാമഗ്രികൾ വാങ്ങിയത് സ്റ്റോക്കി - ലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കിയില്ല |
| 4 | 94/18-19/5.6.2018 | 57225/- | ഇന്റർ കൊളീജിയറ്റ് സ്പോർട്സ് മീറ്റ്-ജേഴ്സി പർച്ചേസ് | ജേഴ്സി വാങ്ങിയത് സ്റ്റോക്കി - ലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കിയില്ല |
| | **ആകെ** | **265243/-** | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.02/കസെക്/9.1.2020, നം.04/കസെക്/9.1.2020) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആകെ തുകയായ 265243/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 (17) ഫിസിക്കൽ ഓഷ്യാനോഗ്രാഫി - പഠനയാത്രക്കുള്ള ചെലവ് CUF ൽ നിന്നും - 18,290/- രൂപ നിരാകരിക്കുന്നു

വകുപ്പിലെ വിദ്യാർഥികൾ 9.2.2018-ൽ നടത്തിയ പഠനയാത്രക്കുള്ള ചെലവു തുകയായ 18290/- രൂപ CUF ൽ നിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. (സി.ബി.നം.33/18-19, ചെക്ക് നം.899500/ 13.11.2018- രൂ 18,290/-) ബ്രദേഴ്സ് ഹോളിഡെയ്സ് എന്ന സ്ഥാപനത്തിന്റെ വാഹനത്തിലാണ് യാത്ര നടത്തിയിട്ടുള്ളത്. (ഇൻവോയ്സ് നം.1/9.2.18). 'കണ്ടിജന്റ് ആൻഡ് അദർ എക്സ്പെൻസസ്' എന്ന മേജർ ഹെഡിലെ സർവ്വീസസ് -ഹയർ ചാർജസ് എന്ന ഹെഡിൽ നിന്നുമാണ് ചെലവ് ചെയ്തിരിക്കുന്നത്. ഡിപ്പാർട്ട്മെന്റ് ആവശ്യങ്ങൾക്കായി വാഹനങ്ങൾ വാടകയ്ക്ക് വിളിക്കുമ്പോൾ മാത്രമേ പ്രസ്തുത അക്കൗണ്ട് ഹെഡിൽ നിന്നും തുക ചെലവ് ചെയ്യുവാൻ പാടുള്ളൂ.

മേൽ പരാമർശത്തിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/13.12.2019/ഫിസിക്കൽ ഓഷ്യാനോഗ്രഫി)മറുപടി ലഭ്യമാക്കിയില്ല. വിദ്യാർഥികൾ സർവ്വകലാശാലയിൽ പഠനത്തിന് ചേരുന്ന സമയത്ത് പഠനയാത്രക്കുള്ള തുക CUF ൽ അടച്ചിട്ടുണ്ടെങ്കിൽ മാത്രമാണ് CUF ൽ നിന്നും തുക നൽകുവാൻ പാടുള്ളൂ. എന്നാൽ ഈയിനത്തിൽ വിദ്യാർഥികളിൽ നിന്നും തുകയൊന്നും തന്നെ സർവ്വകലാശാല ഈടാക്കുന്നുമില്ല. ആയതിനാൽ വിദ്യാർഥികളുടെ പഠനയാത്രക്ക് വേണ്ടി ചെലവഴിച്ച 18,290/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-19 (18) സെൻട്രൽ ഓഫീസ് ഫോർ ഹോസ്റ്റൽ - ABLC ഇനത്തിൽ ലഭിച്ച തുകയുടെ വിതരണം സംബന്ധിച്ച അപാകതകൾ

### I) വിതരണം ചെയ്യാത്ത ABLC തുക തിരികെ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്

സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിൽ, ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന SC/ST/OBC/ OEC കുട്ടികളുടെ മെസ്സ് ബില്ലുകൾ മെസ്സ് സെക്രട്ടറി യൂണിവേഴ്സിറ്റി ഹോസ്റ്റൽ ഓഫീസിൽ നൽകുകയും, ഹോസ്റ്റൽ ഓഫീസിൽ നിന്ന് വകുപ്പുകളുടെ അടിസ്ഥാനത്തിൽ ആയത് ക്രോഡീകരിച്ച് Actual Boarding and Lodging Charge (ABLC) ന്റെ പത്രിക തയ്യാറാക്കി സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലേക്ക് നൽകുകയും ചെയ്യുന്നു. വകുപ്പുകളിൽ ലഭിക്കുന്ന ABLC പത്രിക പ്രകാരമുള്ള തുക ലഭിക്കുന്നതിനായി, SC/ST വകുപ്പുകളിലേക്ക് അപേക്ഷ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്ന് വകുപ്പുകളിലെ ഇ -ഗ്രാന്റ്സ് അക്കൗണ്ടിലേക്ക് ABLC യുടെ തുക ലഭിക്കുന്നു. വകുപ്പുകളിൽ ലഭിക്കുന്ന ABLC തുക ഹോസ്റ്റൽ വാർഡന് നൽകുകയും ആയത് ഹോസ്റ്റൽ ഓഫീസിന്റെ പി.ഡി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ട് മാസത്തിൽ ഒരിക്കൽ അതാത് ഹോസ്റ്റൽ സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഈ തുക ട്രാൻസ്ഫർ ചെയ്യുന്ന രീതിയിലാണ് ABLC കൈകാര്യം ചെയ്യുന്നത്.

2018-19 വർഷത്തിൽ വിവിധ വകുപ്പുകളിൽ നിന്ന് ഹോസ്റ്റൽ വാർഡന് ലഭിച്ച ABLC തുക പൂർണ്ണമായി ഹോസ്റ്റലുകളിലേക്ക് വിതരണം ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വകുപ്പിന്റെ പേര് | ചെക്ക് നം | തീയതി | ലഭിച്ച തുക (രൂ) | വിതരണം ചെയ്ത തുക (രൂ) | വ്യത്യാസം (രൂ) |
|---|---|---|---|---|---|---|
| 1 | മറൈൻ ബയോളജി, മൈക്രോ ബയോളജി & ബയോകെമിസ്ട്രി വകുപ്പ് | 400998 | 5.4.18 | 16466 | 13968 | 2498 |
| 2 | ഷിപ്പ് ടെക്നോളജി വകുപ്പ് | 716079 | 6.4.18 | 19823 | 17454 | 2369 |
| 3 | പോളിമർ സയൻസ് & റബ്ബർ ടെക്നോളജി വകുപ്പ് | 804696 | 12.4.18 | 52772 | 51872 | 900 |
| 4 | സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് | 659092 | 24.4.18 | 100422 | 94258 | 6164 |
| 5 | അപ്ലൈഡ് എക്കണോമിക്സ് വകുപ്പ് | 220354 | 16.5.18 | 54960 | 52958 | 2002 |
| 6 | ഫിസിക്കൽ ഓഷ്യാനോഗ്രാഫി വകുപ്പ് | 414482 | 21.6.18 | 66732 | 66132 | 600 |
| 7 | ഇലക്ട്രോണിക്സ് വകുപ്പ് | 972066 | 1.3.19 | 80814 | 80492 | 322 |
| | | | | ആകെ തുക | | 14855 |

ABLC തുക വിതരണം ചെയ്യാതെ ഹോസ്റ്റൽ ഓഫീസിന്റെ പി.ഡി അക്കൗണ്ടിൽ ബാക്കി നിൽക്കുന്നത് അതാത് വകുപ്പുകളിലേക്ക് തിരികെ നൽകേണ്ടതാണ്. ഇ-ഗ്രാന്റ്സ് ആയി വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് ലഭിക്കുന്ന തുകയായതിനാൽ വകുപ്പുകളിൽ നിന്ന് ബാക്കി തുക സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാന്റ് അനുവദിച്ച സർക്കാർ വകുപ്പിലേയ്ക്ക് തന്നെയാണ് തിരികെ അടയ്ക്കേണ്ടത്. ABLC തുക പി.ഡി അക്കൗണ്ടിൽ ബാക്കി വന്നതുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## ii) വിവിധ വകുപ്പുകളിൽ നിന്ന് ABLC തുക ലഭ്യമാക്കാത്തത് – കുടിശ്ശിക 11,37,672/- രൂപ

സർവ്വകലാശാലയിലെ വിവിധ ഹോസ്റ്റലുകളിൽ നിന്ന് മെസ്സ് സെക്രട്ടറി യൂണിവേഴ്സിറ്റി ഹോസ്റ്റൽ ഓഫീസിൽ നൽകുന്ന മെസ്സ് ബില്ലുകൾ , ഹോസ്റ്റൽ ഓഫീസിൽ നിന്ന്, വകുപ്പുകളുടെ അടിസ്ഥാനത്തിൽ, ക്രോഡീകരിച്ച് ABLC യുടെ പത്രിക തയ്യാറാക്കി സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലേക്ക് നൽകുന്നു. എന്നാൽ എല്ലാ വകുപ്പുകളിൽ നിന്ന് ABLC തുക കൃത്യമായി ലഭിക്കുന്നില്ല. ആയതിനാൽ ഹോസ്റ്റലുകളിലെ മെസ്സിന്റെ സുഗമമായ നടത്തിപ്പിനെ കാര്യമായി ബാധിക്കുന്നുണ്ട് . വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് ABLC തുക ലഭിക്കാൻ വൈകിയാൽ സർവ്വകലാശാലയിലെ വകുപ്പുകൾക്ക് CUF ൽ നിന്ന് മുൻകൂർ എടുത്ത് ഹോസ്റ്റൽ ഓഫീസിൽ നൽകാവുന്നതാണ് . 2018-19

അദ്ധ്യയന വർഷത്തെ കാലയളവായ 07/2018 മുതൽ 04/2019 വരെ വകുപ്പുകളിൽ നിന്നും ഹോസ്റ്റൽ ഓഫീസിൽ 11,37,672/- രൂപ ലഭിക്കുവാനുണ്ട്. ABLC തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പിന്റെ പേര് | തുക |
|---|---|---|
| 1 | ഇൻസ്ട്രുമെന്റേഷൻ വകുപ്പ് | 1,98,269.00 |
| 2 | ഹിന്ദി വകുപ്പ് | 1,20,272.00 |
| 3 | ദീൻ ദയാൽ ഉപാധ്യായ് കൗശൽ കേന്ദ്ര | 1,15,515.00 |
| 4 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വകുപ്പ് | 98,034.00 |
| 5 | സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് | 87,918.00 |
| 6 | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് | 75,984.00 |
| 7 | അപ്ലൈഡ് കെമിസ്ട്രി വകുപ്പ് | 67,935.00 |
| 8 | സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് | 60,953.00 |
| 9 | ഗണിത ശാസ്ത്ര വകുപ്പ് | 56,241.00 |
| 10 | ഇന്റഗ്രേറ്റഡ് എം.എസ്.സി | 48,006.00 |
| 11 | മറൈൻ ബയോളജി, മൈക്രോ ബയോളജി & ബയോകെമിസ്ട്രി വകുപ്പ് | 41,418.00 |
| 12 | ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് | 31,534.00 |
| 13 | ഷിപ്പ് ടെക്നോളജി വകുപ്പ് | 26,815.00 |
| 14 | ഇലക്ട്രോണിക്സ് വകുപ്പ് | 19,219.00 |
| 15 | സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് | 18,523.00 |
| 16 | മറൈൻ ജിയോളജി & ജിയോ ഫിസിക്സ് വകുപ്പ് | 17,440.00 |
| 17 | സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് | 15,372.00 |
| 18 | ബയോടെക്നോളജി വകുപ്പ് | 14,634.00 |
| 19 | ഫിസിക്സ് വകുപ്പ് | 9,146.00 |
| 20 | കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പ് | 8,528.00 |
| 21 | ഫിസിക്കൽ ഓഷ്യാനോഗ്രാഫി വകുപ്പ് | 4,518.00 |
| 22 | അപ്ലൈഡ് എക്കണോമിക്സ് വകുപ്പ് | 1,038.00 |
| 23 | പോളിമർ സയൻസ് & റബ്ബർ ടെക്നോളജി വകുപ്പ് | 360.00 |
| | **ആകെ തുക** | **11,37,672.00** |

മുകളിൽ സൂചിപ്പിച്ച വകുപ്പുകളിൽ നിന്ന് തുക അടിയന്തിരമായി ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19(19) സ്റ്റുഡന്റ്സ് കരിയർ ആന്റ് കൗൺസലിംഗ് സെന്ററിലെ കൗൺസലിംഗ് സംബന്ധിച്ച്

യൂത്ത് വെൽഫയർ വകുപ്പിൽ വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നല്കുന്നതിനായി റോൾഡന്റ് റീജനറേഷൻ എന്ന സ്ഥാപനത്തിലെ കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് ശ്രീ. വിപിൻ വി. റോൾഡന്റ് എന്നയാൾക്ക് 04/18 മുതൽ 02/19 വരെ മൊത്തം 606000/-രൂപ നല്കിയിട്ടുണ്ട്. 08.04.2016 ലെ യൂണിവേഴ്സിറ്റി ഉത്തരവ് നം. PL(UGC)I/XII plan/UGC/2011-12 പ്രകാരം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ മെയിൻ ക്യാമ്പസിലും ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ലേക്ക് സൈഡ് ക്യാമ്പസിലും ഉച്ചയ്ക്ക് 2.00 മുതൽ 5.00 വരെയാണ് ജോലി സമയം. പ്രതിദിനം 3000/-രൂപയാണ് പ്രതിഫലം. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഹാജർ സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നതിനാൽ ഹാജർ പുസ്തകം സൂക്ഷിച്ചിട്ടുണ്ടെങ്കിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഈ ഇനത്തിൽ ചെലവഴിക്കുന്ന തുക വിപിൻ റോൾഡൻറ് എന്ന വ്യക്തിക്കാണ് നൽകുന്നതെങ്കിലും ഇദ്ദേഹത്തിന്റെ സേവനം കുട്ടികൾക്ക് ലഭിക്കുന്നില്ല. ഇദ്ദേഹം നടത്തുന്ന ഏജൻസിയിൽ നിന്നും ജൂനിയറായ ഏതെങ്കിലും കൗൺസിലർമാരാണ് എത്തുക. ഇത്രയും തുക ഒരു വർഷം ചെലവഴിക്കുകയും പ്രാഗൽഭ്യമുള്ള ഒരു മുഴുവൻ സമയ കൗൺസിലറുടെ സേവനം ലഭ്യമാവാതിരിക്കുകയും ചെയ്യുന്നത് ഗൌരവത്തോടെ കാണേണ്ട വിഷയമാണ്.

2. കൗൺസിലിംഗ് നൽകുന്നതിന് എത്തുന്ന കൗൺസിലർമാർ മാറി മാറി വരുന്നതായി ഹാജർ പുസ്തകം പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. ഇത് കൗൺസിലിംഗിന് എത്തുന്ന കുട്ടികൾക്ക് എത്ര മാത്രം ഗുണം ചെയ്യും എന്നതിൽ സംശയമുണ്ട്. ഒരു വ്യക്തിക്ക് തുടർച്ചയായി ഒരാൾ തന്നെ കൗൺസിലിംഗ് നല്കുന്നതാകും കൂടുതൽ ഗുണകരം.

3. ലേക്ക് സൈഡ് ക്യാംമ്പസിലെ ഡ്യൂട്ടിയ്ക്ക് ഇവർ ഹാജരാകുന്നുണ്ടോ എന്നു പരിശോധിക്കുവാൻ വേണ്ട സംവിധാനങ്ങൾ ഒന്നും ഇപ്പോഴും നിലവിലില്ല.

2018-19 വർഷം ഈയിനത്തിൽ ആകെ 6,06,000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ആയതിനാൽ ഒരു മുഴുവൻ സമയ കൺസൾട്ടൻറിന്റെ സേവനം ഉറപ്പ് വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും മുകളിൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-20 ഇ-ഗ്രാന്റ്സ് - അക്കൌണ്ടുകളിലെ നീക്കിബാക്കി തുക സംബന്ധിച്ച്

പട്ടികജാതി, പട്ടിക വർഗ്ഗം ( Scheduled Caste , Scheduled Tribe), മറ്റർഹ വിഭാഗം( OEC), മറ്റു പിന്നോക്ക വിഭാഗം (OBC), മറ്റിതര വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി അംഗീകാരമുള്ള എല്ലാ പോസ്റ്റ്മെട്രിക് കോഴ്സുകളും പഠിക്കുന്നതിന് ലംപ് സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് (ഡേ സ്കോളേഴ്സ്), മെസ് ചാർജ് (ഹോസ്റ്റലൈറ്റ്സ്), അതോടൊപ്പം എല്ലാവിധ ഫീസുകളും, ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള സഹായവും ഇ-ഗ്രാന്റ്സ് അക്കൗണ്ടിലൂടെയാണ് വിവിധ വകുപ്പുകൾ നൽകി വരുന്നത്. ഇതിൽ വിദ്യാർത്ഥികൾക്ക് നൽകേണ്ട തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലും ,

മെസ് ചാർജ്ജ് വാർഡനും നൽകി ബാക്കി തുകകൾ കുസാറ്റ് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതുമാണ്.

എന്നാൽ ചുവടെ പരാമർശിക്കുന്ന പഠനവകുപ്പുകളിൽ ഫീസിനത്തിൽ ലഭ്യമായ ഇ -ഗ്രാന്റ്സ് തുകകൾ സർവ്വകലാശാലയിലേക്ക് യഥാസമയം കൈമാറാതിരുന്നതിനാൽ വൻതുകകൾ ഇ -ഗ്രാന്റ്സിനായുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നീക്കിബാക്കിയായി അവശേഷിക്കുന്നു.

## 1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട് (CUCEK)

ഇ ഗ്രാന്റ്സ് അക്കൗണ്ടിൽ 31.3.2019 ലെ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 66,31,686/- രൂപ അവശേഷിയ്ക്കുന്നുണ്ട്. എന്നാൽ ഈ തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ഇ- ഗ്രാന്റ്സ് വരവ് ചെലവ് സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിയ്ക്കാതിരുന്നതും , മാസാന്ത്യ വർഷാന്ത്യ റീകൺസലിയേഷൻ നടത്താതിരുന്നതും, സാമ്പത്തിക വർഷാവസാ നം 66,31,686/- രൂപ അക്കൗണ്ടിൽ അവശേഷിയ്ക്കുന്നത് സംബന്ധിച്ചും 9-1-2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 3/09.01.2020/കുസക്ക് ന് ലഭ്യമാക്കിയ മറുപടിയിൽ എസ്.സി., എസ്.ടി., ഒ.ഇ.സി, വിദ്യാർത്ഥികളുടെ ഫീസിനത്തിൽ കോളേജിനു ലഭിയ്ക്കേണ്ട തുകയും , കോഴ്സ് പൂർത്തിയാക്കിയ 5 ഒ. ബി.സി വിദ്യാർത്ഥികളുടെ വിതരണം ചെയ്യാത്ത തുകയുമാണ് അക്കൗണ്ടിൽ അവശേഷിയ്ക്കുന്നതെന്നും ആണ് മറുപടി നൽകിയത്.

കൂടാതെ 2018-19 ലെ മുന്നിരിപ്പ് തുക 2,30,59,069/- രൂപയും 2018-19 ലെ വരവ് 78,86,491/- രൂപയും ആയിരുന്നു. ഇതിൽ 2,24,82,030/- രൂപ 20.06.2018 ൽ യൂണിവേഴ്സിറ്റിയിൽ അടച്ചു. അതത് വർഷം സ്കോളർഷിപ്പ് തുക യൂണിവേഴ്സിറ്റി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നത് പ്രായോഗികമല്ല എന്നും മറുപടിയിൽ പറയുന്നു. ഈ മറുപടി അംഗീകരിയ്ക്കുന്നില്ല.

2018-19 ൽ ഇ -ഗ്രാന്റ്സ് പഴയ വെബ്സൈറ്റിൽ നിന്നും പുതിയ വെബ്സൈറ്റിലേയ്ക്ക് മാറിയപ്പോഴുണ്ടായ സാങ്കേതിക തടസ്സങ്ങൾ പരിഹരിയ്ക്കാൻ കഴിഞ്ഞില്ല എന്നതും , മുഴുവൻ വിദ്യാർത്ഥികളുടേയും തുക അക്കൗണ്ടിൽ ലഭ്യമായാൽ മാത്രമെ തുക യൂണിവേഴ്സിറ്റി അക്കൗണ്ടിലേയ്ക്ക് മാറ്റാൻ കഴിയൂ എന്ന മറുപടിയും അംഗീകരിയ്ക്കുന്നില്ല.

മാസാന്ത്യ വർഷാന്ത്യ റീകൺസലിയേഷൻ നടത്താതിരുന്നതുമായി ബന്ധപ്പെട്ട് നൽകിയ മറുപടി ബാങ്കിൽ ക്രഡിറ്റ് ചെയ്യുന്ന തുകകൾ അതത് മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് നോക്കി രജിസ്റ്ററിലേയ്ക്ക് എഴുതുക മാത്രമേ നിവൃത്തി ഉള്ളൂ എന്നതിനാൽ റീകൺസലിയേഷൻ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു എന്നാണ്. എന്നാൽ 2018-19 വർഷത്തെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ബാങ്കിൽ ക്രഡിറ്റ് വന്ന തുകകൾ ക്യാഷ് ബുക്കിൽ മുഴുവനായും ചേർത്തിട്ടില്ല . കൂടാതെ ബാങ്ക് പാസ്സ് ബുക്കിലെ വരവ് ചെലവുകളും കൃഷ് ബുക്കിലെ വരവ് ചെലവുകളും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിച്ച് അത് പൊരുത്തപ്പെടുത്തുന്നതിനാണ് റീകൺസലിയേഷൻ ചെയ്യുന്നത് എന്നതിനാൽ അതത് മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് നോക്കി രജിസ്റ്ററിലേയ്ക്ക് എഴുതുന്നത് ശരിയായ രീതിയല്ല. ബാങ്ക് റീകൺസലിയേഷൻ കൃത്യമായി ചെയ്തിരുന്നുവെങ്കിൽ ബാങ്കിൽ അവശേഷിച്ച തുക ഇനം തിരിച്ച് നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് കൈമാറുന്നതിന് കഴിയുമായിരുന്നു . അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്ത് അതാത് ഹെഡുകളിലേയ്ക്ക്

മാറ്റുന്നതിനും വിതരണം ചെയ്യാൻ സാധിക്കാത്ത തുകകൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിലേക്ക് തിരികെ അടവാക്കുന്നതിനും ഉത്തരവാദിത്തപ്പെട്ട ജീവനക്കാരും , മേലുദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 2. ഷിപ്പ് ടെക്നോളജി

ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ 31.3.2019 ലെ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 17,24,686/- രൂപ അവശേഷിയ്ക്കുന്നുണ്ട്. ഇതിൽ 17,12,341/- രൂപ 4/19 മുതൽ 08/19 വരെയുള്ള കാലഘട്ടത്തിൽ വിതരണം ചെയ്തു. ബാക്കിയുള്ള ഗ്രാന്റ് തുകയായ 12,345/- രൂപ തിരിച്ചടക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ലഭിച്ച ഗ്രാന്റിൽ നിന്ന് 649/-രൂപ A/c കീപ്പിംഗ് ചാർജ്ജായി ബാങ്ക് കുറവ് ചെയ്തിട്ടുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ്.

മിക്ക വകുപ്പുകളിലും ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ നിന്ന് ഗ്രാന്റ് തുകകൾ പി.ഡി അക്കൗണ്ടിലേക്ക് മാറ്റി അതിൽ നിന്നും വിതരണം ചെയ്യുന്ന രീതിയാണ് നിലവിൽ അനുവർത്തിക്കുന്നത് . ഇതിന് പകരം, ഇ-ഗ്രാന്റ്സ് അക്കൗണ്ടിന് ചെക്ക് ബുക്ക് ലഭ്യമാക്കി വാർഡൻ, രജിസ്ട്രാർ എന്നിവർക്ക് ഗ്രാന്റ് തുക വിതരണം നടത്തേണ്ടതാണ്. ഇ-ഗ്രാന്റ്സ് വരവ് ചെലവ് തുകകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇ-ഗ്രാന്റ്സ് വരവ് തുകകൾ രജിസ്റ്ററിൽ ചേർക്കുമ്പോൾ ഏതൊക്കെ വിദ്യാർഥികളുടെ ABLC/ട്യൂഷൻ ഫീസ് തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ചെലവ് തുക രേഖപ്പെടുത്തുമ്പോൾ ചെക്ക് നമ്പരും , ചെക്ക് കൈപ്പറ്റുന്നവരുടെ വിവരവും ഉൾപ്പെടുത്തേണ്ടതാണ്. വർഷാവസാനം ആകെ വരവ് ചെലവുകളുടെ സംക്ഷിപ്തം എഴുതി സൂക്ഷിക്കേണ്ടതാണ്.

സർവ്വകലാശാലയുടെ തനതുവരുമാനത്തിന്റെ ഭാഗമാകേണ്ടതും വിവിധ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്നതുമായ ഇ-ഗ്രാന്റ്സ് സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കി സർവ്വകലാശാലയിലേയ്ക്ക് ഒടുക്കേണ്ട തുകകൾ അടിയന്തിരമായി സർവ്വകലാശാലയിലേക്കും , ക്ലെയിം ചെയ്യാത്ത സ്റ്റൈപൻഡ് സർക്കാരിലേക്കും ഒടുക്കുന്നതിന് വകുപ്പുതലവൻമാർക്ക് നിർദ്ദേശം നൽകേണ്ടതും ഇപ്രകാരം തുകകൾ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-21 പ്രോജക്ട് നടത്തിപ്പിനായി ഫണ്ടിംഗ് ഏജൻസിയിൽ നിന്ന് ലഭിക്കാനുള്ള തുക സംബന്ധിച്ച്

വിവിധ വകുപ്പുകളിൽ പ്രോജക്ടിന്റെ നടത്തിപ്പിനായി ഫണ്ടിംഗ് ഏജൻസിയിൽ നിന്ന് യഥാസമയം പ്രോജക്ടിനാവശ്യമായ തുക ലഭിക്കാതെ വരുമ്പോൾ സർവ്വകലാശാലയിൽ നിന്ന് മുൻകൂർ എടുത്ത് പ്രോജക്ടിന്റെ നടത്തിപ്പിനായി വിനിയോഗിക്കുകയും, ഫണ്ടിംഗ് ഏജൻസിയിൽ നിന്ന് തുക ലഭിക്കുമ്പോൾ ആയത് സർവ്വകലാശാലയിൽ തന്നെ ക്രമീകരിക്കുകയുമാണ് ചെയ്യേണ്ടത് . എന്നാൽ വിവിധ വകുപ്പുകളിലെ പ്രോജക്ടിന്റെ ചെലവ് പരിശോധിച്ചതിൽ ഫണ്ടിംഗ് ഏജൻസിയിൽ നിന്ന് കാലാവധി കഴിഞ്ഞിട്ടും ഫണ്ട് ലഭിച്ചിട്ടില്ല. വിവിധ വകുപ്പുകളിലേക്ക് വിവിധ ഫണ്ടിംഗ് ഏജൻസിയിൽ നിന്ന് ലഭിക്കേണ്ട ഫണ്ടിന്റെ വിശദാംശം ***അനുബന്ധം 4*** ൽ ചേർത്തിട്ടുണ്ട്.

## 3-22 Erudite Scheme ലെ Programme നടത്തുന്നതിന് ഡി.ഡി.എഫ്. അക്കൗണ്ടിൽ നിന്നും ചെലവാക്കിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ്

Erudite Scheme ൽ ഉൾപ്പെട്ട Scholar-in-Residence Programme നടത്തുന്നതിന് സർവ്വകലാശാലയുടെ 10.11.2017 ലെ യു.ഒ നം. PL(UGC04/002308/ERUDITE/2014(Vol IV) പ്രകാരം 1,80,250/- രൂപ അനുവദിച്ചു. Kerala State Higher Education Council (KSHEC) ന്റെ അനുവാദത്തോടെ 01.12.2017 മുതൽ 10.12.2017 വരെ നടപ്പാക്കിയ പദ്ധതിയിൽ Prof. Mathew Palakkal, Executive Associate Dean, School of Informatics and Computing, Indiana University യിൽ നിന്ന് CUSAT ൽ വന്നതിന്റെ ഭാഗമായി ആകെ 1,93,725/- രൂപ ചെലവായി. 10.11.2017 ലെ എസ്.ആർ നം. 2/17-18 (അഡ്ജസ്റ്റമെന്റ് സി.ബി.നം.10/18-19 തീയതി 30.04.2018) പ്രകാരം 1,80,250/- രൂപയാണ് ലഭിച്ചത്. അധികമായി ചെലവായ 13,475/- രൂപ ഡി.ഡി.എഫ്. അക്കൗണ്ടിൽ നിന്നാണ് വഹിച്ചിരിക്കുന്നത്. ഈ തുക Kerala State Higher Education Council (KSHEC) ൽ നിന്ന് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുള്ളതായി വകുപ്പിൽ നിന്നും മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ലഭിക്കുന്ന മുറക്ക് വിവരം ഈ വകുപ്പിൽ അറിയിക്കേണ്ടതാണ്.

## 3-23 തൃക്കാക്കര കാമ്പസിലെ ഇന്റർ നാഷണൽ ഹോസ്റ്റൽ നിർമ്മാണം - അധികമായി കൈമാറിയ 29,10,429/-രൂപ തടസ്സപ്പെടുത്തുന്നു

കൊച്ചി സർവ്വകലാശാലയുടെ തൃക്കാക്കര കാമ്പസിൽ നിർമ്മിക്കുന്ന ഇന്റർ നാഷണൽ ഹോസ്റ്റൽ നിർമ്മാണ ജോലികളുടെ ചുമതല M/s Habitat Technology Group ന് 1.3.2017 ലെ ഉത്തരവ് നം. UEU/2887/14-15 പ്രകാരം കൈമാറിയിട്ടുള്ളതും (20.8.2016 ലെ സിൻഡിക്കേറ്റ് തീരുമാനം - ഐറ്റം നം.635.43) മേൽ പ്രവൃത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക 3,13,64,888/- രൂപയുമാണ്. I&II, III, IV Part bill payment കൾ ഉൾപ്പെടെ കരാറുകാരന് 2,37,62,837/-രൂപ കൈമാറിയിട്ടുള്ളതായി കാണുന്നു.

മേൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള എം .ബുക്ക് നം.1/2017, 2/2017 ലെ കണക്കുകൾ പ്രകാരം I&II, III, IV (Actually Vth) Part bill payment കൾ പൂർത്തിയാകുമ്പോൾ റിക്കവറിക്കുശേഷം കരാറുകാരന് നൽകേണ്ട ആകെ തുക 2,08,52,408/-രൂപ ആണെന്നിരിക്കെ മൊബിലൈസേഷൻ അഡ്വാൻസ് ഉൾപ്പെടെ 29,10,429/-രൂപ അധികമായി അനുവദിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ മേൽ തുക അധികമായി അനുവദിച്ചതിന് ആധാരമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 16.6.2020 ൽ ഓഡിറ്റ് എൻക്വയറി നം.8/എഞ്ചിനീയറിംഗ്/ 2018-19 നൽകിയിട്ടുള്ളതാണ്. മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിൽ അധികമായി അനുവദിച്ചിട്ടുള്ള 29,10,429/-രൂപ തടസ്സപ്പെടുത്തുന്നു.

കരാറുകാരന് അനുവദിക്കേണ്ട തുക തിട്ടപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ Work sheet ആയി ഉൾപ്പെടുത്തി ഇതോടൊപ്പം ചേർക്കുന്നു.

## WORK SHEET

2018-19 സാമ്പത്തിക വർഷം വരെ M/s Habitat Technology group ന് സർവ്വകലാശാല ഫണ്ടിൽ നിന്നും കൈമാറിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വിവരിക്കുന്നു . ഫയൽ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### VII) Construction of International hostel at Thrikkakara campus- Table-1

| Sl.No. | SR.No. | Amount (Rs.) | Cheq.No&date. |
|---|---|---|---|
| 1 | 26/16-17 | 56,41,650/- | 420408 dt: 29.03.17 (Mobilization Advance) |
| 2 | 25/17-18 | 46,55,374/- | 761261 dt:24.03.2018 |
| 3 | CB 1541/18-19 | 23,65,876/- | 098557 dt: 27.06.2018 |
| 4 | CB 1564/18-19 | 36,88,070/- | 098721 dt: 28.07.2018 |
| 5 | CB 1627/18-19 | 2,19,374/- | 585804 dt: 10.01.2019 |
| 6 | CB 1669/18-19 | 20,00,000/- | 050685 dt: 07.02.2019 |
| 7 | CB 1718/18-19 | 23,00,000/- | 050991 dt: 05.03.2019 |
| 8 | CB 1768/18-19 | 8,77,165/- | 057362 dt: 29.03.2019 |
| 9 | CB 1618/19-20 | 20,15,328/- | TSB Cheque transfer 0013762 dt: 16.10.2019 |
| | TOTAL | **2,37,62,837/-** | |

I, II,III &IV എന്നിങ്ങനെ 4 പാർട്ട് ബില്ലുകൾ പ്രകാരമാണ് തുക കൈമാറിയിട്ടുള്ളത്. Table- 1 പ്രകാരം കരാറുകാരന് കൈമാറിയിട്ടുള്ള മേൽ തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ഇന്റർ നാഷണൽ ഹോസ്റ്റൽ നിർമ്മാണ പ്രവർത്തിയുടെ അളവു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള M-Book No. 1&2 ലെ രേഖപ്പെടുത്തലുകളും സ്റ്റാൻഡേർഡ് നിരക്കുകളുമായി ബന്ധപ്പെടുത്തി പരിശോധിച്ചുപ്രകാരം കണ്ടെത്തിയ നിഗമനങ്ങൾ ചുവടെ ചേർക്കുന്നു . കൂടാതെ TSB Cheque transfer പ്രകാരം (CB 1618/19-20)- 20153285/- രൂപയും കരാറുകാരന് കൈമാറിയിട്ടുള്ളതായി കാണുന്നു. (ആകെ തുക - 2,37,62,837/-)

I)

(a) 1st & 2nd Bill പ്രവൃത്തിയുടെ അളവും നിരക്കും പ്രകാരം കരാറുകാരന് അനുവദിക്കേണ്ട തുക തിട്ടപ്പെടുത്തിയത്:-

| | | |
|---|---|---|
| i | പ്രവൃത്തിയുടെ മൂല്യം (Quantity x Rate) | 7197960/- |
| ii | KCWWF @ 1% | 71979/- |
| iii | GST @ 12% | 863755/- |
| iv | ആകെ പ്രവൃത്തിയുടെ മൂല്യം (i+ii+iii) | 8133694/- |
| v | മേൽ തുക പ്രകാരമുള്ള Base price തിട്ടപ്പെടുത്തിയത് | 8133694<br>1.12<br>= 7262227/- |

b) കരാറുകാരന് അനുവദിക്കേണ്ട 8133694/- രൂപയിൽ ഉൾപ്പെട്ടിട്ടുള്ള റിക്കവറി തുകയുടെ വിവരങ്ങൾ (Page No.44 of MB No.1/2017)

| | |
|---|---|
| IT @ 2% (of 7262227) | 145245/- |
| KCWWF @ 1% ( „ ) | 72622/- |
| ഇലക്ട്രിസിറ്റി ചാർജ്ജ് | 19482/- |
| ആകെ | 237349/- |

c) റിക്കവറി തുക കുറവ് ചെയ്ത് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 1st & 2nd പാർട്ട് ബിൽ പ്രകാരം അനുവദിക്കേണ്ട തുക. : 7896345/- ( I a(iv) – I (b)

d) 1st & 2nd Part Bill Payment ഇനത്തിൽ കരാറുകാരന് കൈമാറിയ തുക: Rs.8149580/- (M.Book 01/2017 Page No.44)

| | |
|---|---|
| SR No.25/17-18 പ്രകാരം | 4655374/- |
| SR.No.26/17-18 (Mob.Advance) ന്റെ 20% (5641650 x20%) | 1128330/- |
| CB No.1541/18-19 പ്രകാരം | 2365876/- |
| ആകെ | 8149580/- |

e) മേൽ കണക്കുകൾ പ്രകാരം 1st & 2nd Part Bill Payment കഴിയുമ്പോൾ കരാറുകാരന് സർവ്വകലാശാലഫണ്ടിൽ നിന്നും അധികം അനുവദിച്ച തുക - 253235/-{(I(d) – I(c)}

| | |
|---|---|
| റിക്കവറി ഇനത്തിൽപെട്ട/പ്രവൃത്തിദാതാവിനെ - ഏൽപ്പിക്കേണ്ട തുക | 237349/- |
| അധികം നൽകിയ തുക | 15886/- |
| ആകെ | 253235/- |

(f) SR.No.26/17-18 പ്രകാരം അനുവദിച്ച Mobilization Advance തുകയിൽ 1st & 2nd Part Bill പ്രകാരം കുറവു ചെയ്ത 1128330/-രൂപ കഴിച്ച് ഹാബിറ്റാറ്റ് ടെക്നോളജി വശം ബാക്കിയുള്ള Mobilization Advance തുക : 5641650 – 1128330= 4513320/-
(I(d) ൽ ഉൾപ്പെട്ട തുക - 1128330)

II) III rd Part Bill- പ്രവൃത്തിയുടെ അളവും നിരക്കും പ്രകാരം

(a) കരാറുകാരന് അനുവദിക്കേണ്ട തുക തിട്ടപ്പെടുത്തിയത്:-

| | | |
|---|---|---|
| i | പ്രവൃത്തിയുടെ മൂല്യം (Quantity x Rate) | 5697255 |
| ii | KCWWF @ 1% | 56973/- |
| iii | GST @ 12% | 683671/- |
| iv | ആകെ പ്രവൃത്തിയുടെ മൂല്യം | 6437899/- |
| v | മേൽ തുക പ്രകാരമുള്ള Base price തിട്ടപ്പെടുത്തിയത് | $\frac{6437899}{1.12}$ =5748124/- |

(b) കരാറുകാരന് അനുവദിക്കേണ്ട 6437899/- രൂപയിൽ ഉൾപ്പെട്ടിട്ടുള്ള റിക്കവറി തുകയുടെ വിവരങ്ങൾ - (Page No.74 of MB.No.1/2017)

| | |
|---|---|
| IT @ 2% (of 5748124) | 114962/- |
| KCWWF @ 1% ( „ ) | 57481/- |
| ഇലക്ട്രിസിറ്റി ചാർജ്ജ് | 8190/- |
| ആകെ | 180633/- |

c) റിക്കവറി തുക കുറവുചെയ്ത ശേഷം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് അനുവദിക്കേണ്ട തുക (IIIrd part bill പ്രകാരം = 6257266/- (II a(iv) – II(b)

d) IIIrd Part Bill payment ഈനത്തിൽ കരാറുകാരന് കൈമാറിയ തുക - Rs.5693433/- ന്റെ വിശദാംശങ്ങൾ (M.Book 01/2017 Page No.74)

| | |
|---|---|
| CB.No..1564/18-19 പ്രകാരം | 36,88,070/- |
| CB.No. 1627/18-19 പ്രകാരം | 2,19,374/- |
| SR.No. 26/17-18 പ്രകാരമുള്ള Mobilization Advance ൽ ഉൾപ്പെടുത്തിയ തുക (1128330+657659 = 1785989) | 17,85,989/- |
| ആകെ | 56,93,433/- |

e) (5693433 രൂപയിൽ ഉൾപ്പെട്ട റിക്കവറി തുക – 152502
( 1% of 5693433/1.12 + 2% of 5693433/1.12)

f) III Part Bill പ്രകാരം കരാറുകാരന് അനുവദിക്കേണ്ട (റിക്കവറി ഉൾപ്പെടെ) തുകയായ 6437899/- രൂപയിൽ നിന്നും കുറവ് വന്ന തുകയുടെ വിശദാംശങ്ങൾ.

| | |
|---|---|
| 5% Retention of 1st, 2nd & 3rd Bill എന്ന ഇനത്തിൽ പിടിച്ചുവച്ച തുക | 728580/- |
| മേൽ Retention തുകയിൽ ഉൾപ്പെട്ട റിക്കവറി തുക- | |
| Base price : 728580 / 1.12 | 650518/- |
| IT @ 2% | 13010/- |
| KCWWF@ 1% | 6505/- |

(ii) IIIrd Part Bill പ്രകാരം കരാറുകാരന് അനുവദിക്കേണ്ട ആകെ തുകയിൽ Retention amount കൂടാതെ കണക്കുകൾ പ്രകാരം കുറവുവന്ന തുക : 6437899 -- (728580+5693433)
( II(iv) - (II(f)(i) + II(d) = 15886/-

(അനുവദിച്ചതിൽ കുറവുവന്ന 15886/- രൂപയിൽ ഉൾപ്പെട്ടിട്ടുള്ള റിക്കവറി തുക-

| | | |
|---|---|---|
| Base Price | 15886 / 1.12 | 14184/- |
| IT @ 2% of 14184 | | 284/- |
| KCWWF @ 1% | | 142/- |
| ആകെ റിക്കവറി തുക | | 426/- |

(g) (i) ആയതിനാൽ II(d),(f) എന്നിവ പ്രകാരം റിക്കവറി ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള ആകെ തുക : 152502 + 19515 +426 = 172443 (II(e)+II(f)+ II(f)(ii)

(ii) Electricy charge ഇനത്തിൽ കരാറുകാരൻ ഒടുക്കേണ്ട തുക : 8190/-
ആകെ റിക്കവറി (Ig(i)+(ii) = 180633

(iii) ആകെ റിക്കവറി തുകയായ 180633/-രൂപ ഒഴിവാക്കി IIIrd Bill പ്രകാരം കരാറുകാരന് നൽകേണ്ട തുക = 6437899 – 180633 = 6257266/-

(h) IIIrd Part Bill പ്രകാരം അനുവദിച്ചതിൽ കുറവുവന്ന തുക (IIg(iii)- II(d)
(റിക്കവറിക്ക ശേഷം) = 6257266 -5693433 = 563833/-

(i) (a) SR.No.26/17-18 പ്രകാരം അനുവദിച്ച Mobilization Advance തുകയിൽ I, II & III Part Bill പ്രകാരം കുറവുചെയ്ത തുക 2914319/- (1128330+ (1128330+657659))

(b) IIIrd Part Bill Payment നുശേഷം Mobilization Advance 2727331/-
തുകയിൽ കരാറുകാരന്റെ പക്കൽ ബാക്കി നിൽക്കുന്ന തുക (5641650 – 2914319) (II(h) – II(i)

III ) a) IVth Bill (5th Bill considered as 4th Bill) പ്രവൃത്തിയുടെ അളവും നിരക്കും പ്രകാരം കരാറുകാരന് അനുവദിക്കേണ്ട തുക തിട്ടപ്പെടുത്തിയത്.

| | | |
|---|---|---|
| i | പ്രവൃത്തിയുടെ മൂല്യം (Quality x rate) | 6205154/- |
| ii | KCWWF @ 1% (of 6205154) | 62051/- |
| iii | GST @ 12% of 6205154 | 744619/- |
| | ആകെ പ്രവൃത്തിയുടെ മൂല്യം (i + ii + iii) | 7011824/- |
| iv | മേൽ തുക പ്രകാരമുള്ള Base price തിട്ടപ്പെടുത്തിയത് | $\frac{7011824}{1.12}$ = 6260557/- |

b) കരാറുകാരന് അനുവദിയ്ക്കേണ്ട 7011824/- രൂപയിൽ ഉൾപ്പെട്ടിട്ടുള്ള റിക്കവറി തുകയുടെ വിവരങ്ങൾ (Page No.75 of M.Book No.2/2017)

| | |
|---|---|
| IT @2% (of Base price 6260557) | 125211/- |
| KCWWF @ 1% ( of Base price 6260557) | 62606/- |
| ഇലക്ട്രിസിറ്റി ചാർജ്ജ് | 0 |
| SGST @ 1% | 62605/- |
| CGST @ 1% | 62605/- |
| ആകെ റിക്കവറി തുക | 313027/- |

c) III (b) പ്രകാരമുള്ള റിക്കവറി തുക കുറവു ചെയ്ത ശേഷം Habitat Technology Group ന് Ivth Part Bill പ്രകാരം അനുവദിക്കേണ്ട യഥാർത്ഥ തുക
= 7011824 – 313027 = 6698797/-
III(a) – (iii) III(b)
d) Ivth Part Bill Payment ഇനത്തിൽ കരാറുകാരന് കൈമാറിയ തുക – Rs.5177165 ന്റെ വിശദാംശങ്ങൾ (M.Book 02/2017- Page No.75)

| | |
|---|---|
| CB No.1669/18-19 | Rs. 20,00,000/- |
| CB No.1718/18-19 | Rs. 23,00,000/- |
| CB No.1768/18-19 | Rs. 8,77,165/- |
| ആകെ | Rs. 51,77,165/- |

e) Habitat Technology group ന് Ivth Part Bill പ്രകാരം കൈമാറിയ Rs.5177165 ൽ ഉൾപ്പെട്ടിട്ടുള്ള റിക്കവറി തുക = 263885 (തിട്ടപ്പെടുത്തിയ വിധം ചുവടെ ചേർക്കുന്നു.)

| | | |
|---|---|---|
| Base Price (of Rs.5177165) | 5177165 / 1.12 | 4622469/- |
| IT @ 2% (of 4622469) | 92449/- | |
| KCWWF @ 1% (of 4622469) | 46224/- | |
| SGST @ 1% (of 620557) | 62606/- | |
| CGST @ 1% (of 6260557) | 62606/- | 263885/- |

CGST & SGST നിരക്ക് ആകെ Base price ആയ Rs.6260557/- (III (a)(iv) ക്ക് തന്നെ M.Book No.2/17 Page No.75 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇവിടെയും ഇപ്രകാരം തന്നെ ഉൾ പ്പെടുത്തിയിട്ടുണ്ട്.

(f) IVth Part Bill പ്രകാരം കരാറുകാരന് അനുവദിയ്ക്കേണ്ട (റിക്കവറി ഉൾപ്പെടെ) തുകയായ 7011824/- ( III(a)(iii) ) രൂപയിൽ നിന്നും നൽകിയതിൽ കുറവ് വന്ന തുകയുടെ വിവരങ്ങൾ

| | |
|---|---|
| 5% Retention എന്ന നിലയിൽ സർവ്വകലാശാല പിടിച്ചുവച്ച തുക (5% of 7011824) | 350591/- |

മേൽ Retention തുകയായ 350591 ൽ ഉൾപ്പെട്ടിട്ടുള്ള റിക്കവറി തുക

| | |
|---|---|
| Base Price = 350591 / 1.12 | 313028/- |
| IT @ 2% of 313028 | 6261/- |
| KCWWF @ 1% of 313028 | 3130/- |
| ആകെ റിക്കവറി ഇനത്തിൽ ഉൾപ്പെട്ട തുക 9391/- | 9391/- |

ii) ഫണ്ട് ലഭ്യതക്കുറവുമൂലം കരാറുകാരന് = 1484068/- (7011824-5177165-350591)
നൽകേണ്ട തുകയിൽ കുറവ് വരുത്തിയ തുക (M.Book.2/2017 ന്റെ പേജ് നം. 75)
III a(iii) - (III(d) - III(f)(i)

g) ഫണ്ട് ലഭ്യതക്കുറവുമൂലം Habitat Technology Group ന് അനുവദിക്കേണ്ട 1484068 (III(f)(ii) രൂപയിൽ ഉൾപ്പെട്ടിട്ടുള്ള റിക്കവറി തുകയുടെ കണക്കുകൾ:-

| | |
|---|---|
| അനുവദിക്കാൻ ബാക്കിയുള്ള തുക | 1484068/- |
| Base Price of 1484068 = 1484068 / 1.12 | 1325061/- |
| IT @ 2% of 1325061 | 26501/- |
| KCWWF @ 1% of 1325061 | 13250/- |
| ആകെ റിക്കവറി തുക | 39751/- |

(h) കരാറുകാരന് അനുവദിയ്ക്കേണ്ട ആകെ പ്രവൃത്തിമൂല്യമായ 7011824/-രൂപയിൽ ഉൾപ്പെട്ടിട്ടുള്ള ആകെ റിക്കവറി തുകയുടെ വിവരം:

III(e) + III(f)(i) + III(g) (SGST & CGST @ 1% ഉൾപ്പെടെ)
263885 + 9391 + 39751 = 313027/-

(i) Part IV Bill Payment പൂർത്തിയാക്കുമ്പോൾ റിക്കവറി തുക
കുറവ് ചെയ്തു ശേഷം കരാറുകാരന് ലഭിക്കേണ്ട യഥാർത്ഥ തുകയിൽ (III(c)) ൽ നിന്നും Payment നടത്തിയതിൽ കുറവുവന്ന തുക:-

III(c) – III(d) = 6698797 – 5177165 = 1521632
(7011824 – 5177165- (263885+9391+39751) = (1444317+341200) - 263885

(j) IVth Part Bill Payment (M.Book.No.2/2017 - Page No.75)-ന ശേഷം Mobilization advance ഇനത്തിൽ Habitat Technology വശം ബാക്കി നിൽക്കുന്ന അഡ്വാൻസ് തുക = 2727331/-
( II(i)(b) - റിക്കവറിയ്ക്ക് ശേഷം മൊബിലൈസേഷൻ അഡ്വാൻസിൽ നിന്നും റിക്കവറി നടന്നിട്ടില്ല)

k) M.Book പ്രകാരം Part Bill 1&2, 3, 4 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള payment കൾ കൂടാതെ Table-1(Page 1)ൽ serial No.9 ആയി ചേർത്തിട്ടുള്ള CB 1618/19-20 (TSB Cheque transfer 0013762 dtd 16.10.2019) പ്രകാരം 20,15,328/-രൂപയും Habitat Technology group ന് നൽകിയിട്ടുള്ളതായി കാണുന്നു.

മേൽ വിവരിച്ചിട്ടുള്ള I, II, III, IV പ്രകാരമുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം (Table – 2) ക്രോഡീകരിക്കുന്നു. ഒപ്പം ഓഡിറ്റിൽ കണ്ടെത്തിയ നിഗമനങ്ങളും കൂട്ടിച്ചേർക്കുന്നു.

| (a) പാർട്ട് ബിൽ നം. | (b) യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക(റിക്കവറി ഉൾപ്പെടെ) | (C) Habitat Technology ക്ക് കൈമാറിയ തുക | (d) (c) പ്രകാരം കൈമാറിയ തുകയിൽ ഉൾപ്പെടുത്തിയിട്ടുള്ള റിക്കവറി തുക | (e) റിട്ടെൻഷൻ തുക/(ഇതിൽ ഉൾപ്പെടുത്താവുന്ന റിക്കവറി തുക വിവരം) | (f) ബില്ലിൽ ഉൾപ്പെട്ട അധിക തുക | (g) ബിൽ പ്രകാരം കൈമാറിയ തുകയിൽ കുറവുവന്ന തുക/ റിക്കവറി തുക ഉൾപ്പെട്ടിട്ടുള്ളത്) | (h) ബിൽ payment ന ശേഷം കരാറുകാരന്റെ പക്കൽ ബാക്കിയുള്ള Mob.Adv (ആകെ Mob.Adv = 5641650) |
|---|---|---|---|---|---|---|---|
| 1st & 2nd Part Bill | 8133694 | 8149580 | 237349 | -- | 15886 | -- | 4513320 |
| IIIrd Part Bill | 6437899 | 5693433 | 161118 (152502+426+8190 (Electricity charge) | 728580/- (19515) (709065+ 19515= 728580) | -- | 15886 (Retension തുക column(d)ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (15460+ 426) | 2727331 |
| Ivth Part bill | 7011824 | 5177165 | 263885 | 350591/- (9391) (341200+ 9391= 350591) | - | 1484068/- (39751) (1444317+39751= 1484068/-) | 2727331 |
| ആകെ | 21583417 | 19020178 | 662352 | 1079171/- (28906) | 15886 | 1499954/- (39751) | 2727331 |

| | |
|---|---|
| Table-2 പ്രകാരം I&II+IIIrd+IVth part bill പ്രകാരം Habitat Technology ന് അനുവദിക്കേണ്ട ബിൽ തുക (റിക്കവറി ഉൾപ്പെടെ)(Table -2(b) | 21583417/- |
| Habitat Technology ക്ക് കൈമാറിയ തുക- | 19020178/- (c) |
| കരാറുകാരന് നൽകേണ്ട ബാക്കി തുക (റിക്കവറി ഉൾപ്പെടെ) (21583417-19020178) | 2563239/- |
| IIIrd, Ivth ബില്ലുകൾ പ്രകാരമുള്ള റിട്ടെൻഷൻ തുക + Ivth Bill പ്രകാരം കരാറുകാരന് | 2563239/- |

| | |
|---|---|
| അനുവദിക്കേണ്ട ബാക്കി പ്രവൃത്തിമൂല്യം (റിക്കവറി ഉൾപ്പെടെ)1079171 + 1484068 | |
| I & II, III, IV Bill പ്രകാരം റിക്കവറി ഇനത്തിൽ ഉൾപ്പെടുത്തേണ്ട ആകെ തുക 662352+19515+9391+39751 | 731009/- |
| (I& II +III+IVth ബില്ലിൽ ഉൾപ്പെടുത്തിയ റിക്കവറി തുക | 662352/- |
| റിട്ടെൻഷൻ + Ivth Bill പ്രകാരം നൽകാൻ ബാക്കിയുള്ള തുകയിൽ ഉൾപ്പെട്ട റിക്കവറി തുക (28906+39751 = 68657) | 68657/- |
| 662352+68657 | 731009/- |
| റിക്കവറി കുറവുചെയ്ത ശേഷം കരാറുകാരന് അനുവദിക്കേണ്ട - (റിട്ടെൻഷൻ കൂടാതെ) തുക--21583417 - 731009 | 20852408 |
| (2) പ്രകാരം അനുവദിച്ച തുക കുറവു ചെയ്താൽ അനുവദിക്കാൻ ബാക്കിയുള്ള യഥാർത്ഥ തുക 20852408-19020178 (without retention) | 1832230 |
| Mobilization advance ഇനത്തിൽ കരാറുകാരന്റെ പക്കൽ ബാക്കി നിൽക്കുന്ന തുക | 2727331 |
| റിക്കവറി തുക കുറവുചെയ്തശേഷം Ivth Bill payment കഴിയുമ്പോൾ കരാറുകാരന്റെ (Habitat Technology group) പക്കൽ ബാക്കി നിൽക്കുന്ന അധിക തുക . (TSB cheque transfer ഉൾപ്പെടെ) (2727331 – 1832230) + 2015328) | 2910429 |

നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ തയ്യാറാക്കിയിട്ടില്ല . ഈ പ്രവൃത്തിയിലെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ മറുപടിയുടെ അഭാവത്തിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനു അധികമായി നൽകിയിട്ടുള്ള 29,10,429/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

